# സത്യദൂതൻ

2025 ഫെബ്രുവരി | ലക്കം 02

വില ₹ 30



- റമദാനെപ്പറ്റി വാഗ്ദത്ത മസീഹ്
- ഈത്തപ്പഴം: റമദാന്റെ പോഷകദായിനി
- ഗസ്സ യുദ്ധത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ത്?

# ഉടൻ


# പുറത്തിറങ്ങുന്നു!!

## കേവലനീതി
## കാരുണ്യം, ബന്ധുത്വം

### മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

---

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.




**വില**
**300 രൂപ**

Hadrath Mirza Tahir Ahmad
(Khalifathul Masih IV)

വിവർത്തനം : ഏ. എം. മുഹമ്മദ് സലീം

**പ്രസാധകർ**

**മജ്‌ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ല**

لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

ഒരു നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





## അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം




**7** റമദാൻ മനുഷ്യാത്മാവിനെ തരളിതമാക്കുന്നു

ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹുല്ലാഹു) 2018 ജൂൺ 18 ന് ചെയ്ത ഖുത്ബയുടെ സംഗ്രഹം



**10** റമദാനെ പറ്റി വാഗ്ദത്ത മസീഹ്

ഹദ്‌റത്ത് അഹ്‌മദ് (അ)



**14** മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

ഹദ്‌റത്ത് മിർസാ ത്വാഹിർ അഹ്‌മദ് (റഹ്)



**16** ബാബ ഗുരുനാനാക്ക്: ഒരു മുസ്‌ലിം സിദ്ധൻ

അൻസാർ റാസ

**24** ഈത്തപ്പഴം: റമദാന്റെ പോഷകദായിനി

മൂസാ സത്താർ, ലണ്ടൻ

**26** കവിത : ഏകദൈവം

പി.എം.ബഷീർ അഹ്‌മദ്

**27** ദൃശ്യപ്രപഞ്ചം: ദൈവത്തിലേക്കുള്ള ചൂണ്ടുപലക

മഹ്‌മൂദ് കൽക്കുളം




**29** ഇസ്‌ലാം ലോകത്തിന് ഭീഷണിയോ?

ത്വാഹിർ തൻവീർ, ഫിൻലന്റ്

**32** ലോക സമാധാനത്തിന് ഖുർആൻനൽകുന്ന പാഠവും അഹ്‌മദിയ്യാ ഖലീഫയുടെ പരിശ്രമങ്ങളും

ഇബ്‌നു വഫാ, ബേപ്പൂർ

**38** വിവാഹ മോചനവും ഇസ്‌ലാമും

എ. എം മുഹമ്മദ് സലീം

**41** കുറിപ്പുകൾ

ഗസ്സ യുദ്ധത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ത്?

മുസാഫിർ



2025 – ഫെബ്രുവരി
ഹി.ശ. 1405 – തബ്‌ലീഗ്
1446 റജബ് – ശഅബാൻ
പുസ്തകം 97 ലക്കം 02
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

സർകുലേഷൻ മനേജർ
**കെ.എ.സാജിദ്**
**ഫോൺ : 9995950052**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്റ്റ് റോഡ്
എറണാകുളം നോർത്ത്, കൊച്ചി – 682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*


സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വാസികളെ നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി. (വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിൽ ആരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചു കൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പ് അനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ. (2:184,185)





## നബിവചനം

അല്ലയോ ജനങ്ങളേ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസമാണിത്. ആ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു രാവു്. ആ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. (മിശ്ക്കാത്ത്)

## വാഗ്ദത്ത മസീഹിന്റെ വചനം

ശഹറു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ
എന്ന ആയത്തിൽ നിന്ന് പരിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനസംസ്ക്കരണത്തിന് അത്യുത്തമമായതുംം അതിൽ അധികമധികമായി ആത്മീയ ദർശന ശക്തി ലഭിക്കുന്നതുമാനെന്നും സൂഫി വര്യന്മാർ എഴുതിയിരിക്കുന്നു. നമസ്ക്കാരം ആത്മാവിന് മനസംസ്ക്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്ക്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽ നിന്നുള്ള മോചനമാണ് മനസംസ്ക്കരണമെന്നാൽ ആത്മ ദർശനത്തിനുള്ള കവാടം തുറന്ന് ദൈവ ദർശനം സാധിക്കലുമാണ്. 'ഉൻസില ഫീഹിൽ ഖുർആൻ 'എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്വപൂർണമാണെന്നതിൽ സംശയമില്ല എന്നാൽ വിവിധതരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹ ലബ്ധിയിൽ നിന്നും തടഞ്ഞുനിർത്തുന്നു. എനിക്കോർമയുണ്ട് എന്റെ യൗവ്വനകാലത്ത് വ്രതാനുഷ്ഠാനം അഹ്ലു ബൈത്തിന്റെ ചരിത്രത്തിൽ പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി എന്നെക്കുറിച്ച് 'സൻമാൻ മിന്നാ അഹ്ലുൽ ബൈത്തി'എന്ന് അരുൾ ചെയ്തിട്ടുണ്ട്. 'സൽമാൻ' എന്ന വാക്കിന് രണ്ട് വിധത്തിലുള്ള സമാധാനം എന്നാണർത്ഥം അതായത് ആന്തരികവും ബാഹ്യവുമായ സമാധാനങ്ങൾ – ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവഹിക്കുക. വാൾമുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്ക് തോന്നി.
(മൽഫൂസത്ത്)



# വ്രതം: വിശപ്പ് കൊണ്ടുള്ള ഒരു ആത്മീയ സംസ്ക്കരണം

ദൈവത്തിൽ നിന്ന് വെളിപ്പെട്ട എല്ലാ മതങ്ങളിലും വ്രതാനുഷ്ഠാനത്തിന്റെ അടയാളങ്ങൾ ദൃശ്യമാണ്. ഖുർആൻ പറയുന്നു: **"അല്ലയോ വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടത് പോലെ നിങ്ങൾക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം തഖ്‌വ(ഭയഭക്തി) കൈക്കൊള്ളുന്നതിന്ന് വേണ്ടി."**(2: 184) മറ്റൊരർത്ഥത്തിൽ ഏതെങ്കിലും വിധത്തിലുള്ള വ്രതാനുഷ്ഠാനം അവശേഷിക്കുന്ന മതങ്ങളുണ്ടെങ്കിൽ ഇസ്‌ലാമിക ദൃഷ്ട്യാ അത്, ആ മതത്തിന്റെ ദൈവോത്ഭവ വാദത്തിനുള്ള തെളിവുകൂടിയാണ്.

ഇസ്‌ലാം വ്രതാനുഷ്ഠാനത്തെ ഒരു നിർബ്ബന്ധ കർമ്മമാക്കിക്കൊണ്ട് മുസ്‌ലിംകളുടെ മതകീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റിയിരിക്കുന്നു. ദൈവഭക്തിയുടെ അളവുകോൽ ഭൗതിക മനുഷ്യന്റെ അളവുകോലല്ല. ഭൗതിക മനുഷ്യൻ കഷ്ടപ്പാടും പ്രയാസങ്ങളും ഭയപ്പെടുമ്പോൾ ദൈവസാമീപ്യം പ്രാപിച്ച സാത്വികർ അതിനെ നിസ്സംഗമായി സ്വാഗതം ചെയ്യാറാണ് പതിവെന്ന് വാഗ്ദത്ത മസീഹ്(അ) പറയുന്നു. മതങ്ങളുടെ ധാർമികവും ആത്മീയവുമായ മിക്ക മൂല്യങ്ങളും രൂപം കൊള്ളുന്നതും വളർന്നു വികസിക്കുന്നതും നിസ്സ്വതയിലും പരിവർജനത്തിലും വിപരീത പരിതസ്ഥിതികളിലും പരീക്ഷണ വേളകളിലുമാണ്. ഖുർആൻ പറയുന്നു: **"അൽപമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ (പരിഭ്രമിക്കാതെ) നിശ്ചയമായും ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവങ്കലേക്ക് മടങ്ങുന്നവരുമാകുന്നു എന്ന് പറയുന്ന സഹന ശീലർക്ക് സുവാർത്ത അറിയിക്കുക"**(2:156-7) വാഗ്ദത്ത മസീഹ് ഹദ്‌റത്ത് അഹ്‌മദ്(അ) ഈയൊരു തത്വം ചുരുക്കം വാക്കുകളിൽ വിശദീകരിക്കുന്നത് കാണുക: **"ദൈവ നിയുക്തന്മാരായ പ്രവാചകന്മാരും സത്യസന്ധരായ സദ്പുരുഷന്മാരും വിരോധികളുടെ കൈയ്യാലോ ദൈവവിധിയാലോ സഹിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളും ക്ലേശങ്ങളും തന്നെ. ഈ ദൃശമായ കഷ്ടാനുഭവം മൂലം മനുഷ്യ ഹൃദയത്തിൽ ജ്ഞാനരൂപമായി സ്ഥിതി ചെയ്തിരുന്ന മതനിർദ്ദേശങ്ങളും ധർമ്മ ശാസനങ്ങളും അനുഷ്ഠാനത്തിൽ വരുകയും തദ്വാരാ അതുകൾ അനുഭവ ദശയെ അഥവാ പൂർണ്ണതയെ പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഹൃദയത്തിൽ സ്വരൂപിതമായ ഭാവനാജ്ഞാനങ്ങൾ യഥാവിധി ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നയാൾ ആ ദിവ്യമാർഗ്ഗോപദേശത്തിന്റെ മാതൃകാമൂർത്തിയായി തീരുന്നു."** (ഇസ്‌ലാം മത തത്വജ്ഞാനം.)

വിശപ്പ് മനുഷ്യശരീരത്തെ സമൂലം ഗ്രസിക്കുന്ന ഒരു വികാരമാണ്. മനുഷ്യന്റെ ശരീരത്തിലാകമാനം പരിവേഷ്ടിതമായ ആത്മാവിലും വിശപ്പിന്റെ പാരവശ്യം അറിയുന്നു. സുഖാവസ്ഥയുടെ ഒരു വിപരീതാവസ്ഥ നോമ്പുകാരനിൽ സംജാതമാവുന്നു. വിശപ്പിന്റെ മൂർഛിതാവസ്ഥയിൽ വികാര വിക്ഷോഭങ്ങളെ ആത്മസംയമനം കൊണ്ട് നോമ്പുകാരൻ നിയന്ത്രിച്ചു നിർത്തുന്നു. വ്രതനോവിനാൽ വിവശമാവുന്ന മനുഷ്യ ശരീരം ആത്മീയ ഫലങ്ങൾ വിളയിച്ചെടുക്കുന്ന കേദാരമാണ്. മഹാത്മാക്കളുടെ ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെ മൃദുലമായ കൊച്ചു മാതൃക നിസ്സാരന്മാരായ നമ്മുടെ ജീവിതത്തിലും വ്രതാനുഷ്ഠാനം കൊണ്ടുവരുന്നു. സ്രഷ്ടാവായ അല്ലാഹുവാണ് നോമ്പനുഷ്ഠിക്കാൻ മനുഷ്യനോട് പറഞ്ഞത്. അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് തന്റെ നാഥന്റെ ഈ ആജ്ഞ ശിരസാവഹിക്കുന്ന നോമ്പുകാരനോട് അല്ലാഹു സ്നേഹവായ്പോടെ നൽകിയ വാഗ്ദാനം ഇപ്രകാരമാണെന്നാണ് റസൂൽ തിരുമേനി(സ)പറഞ്ഞത്: **"നോമ്പ് എനിക്കുള്ളതാണ് ഞാൻ തന്നെയാണ് അതിന്ന് പ്രതിഫലം നൽകുക."**(ബുഖാരി) സമാഗതമായ പുണ്യ റമദാന്റെ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുമാറാകട്ടെ (ആമീൻ)



# പൂർണ വിശ്വാസിയുടെ നാല് അടയാളങ്ങൾ

ഹദ്റത്ത് അഹ്മദ് (അ)

പൂർണ വിശ്വാസിയും പൂർണ്ണ സാത്വികരും ആയവർക്ക് നാല് വിധത്തിലുള്ള ദൈവിക സഹായങ്ങൾ ഖുർആനിൽ വാഗ്ദാനം ചെയ്തിരിക്കുന്നു. പൂർണ്ണവിശ്വാസികളെ താഴെ പറയുന്ന നാല് ഗുണങ്ങളാൽ തിരിച്ചറിയപ്പെടുന്നതാണ്.

1. ഒരു പൂർണ്ണ വിശ്വാസി, തന്നെ കുറിച്ചോ തന്റെ സ്നേഹിതരെ കുറിച്ചോ നടത്തുന്ന പ്രാർത്ഥനകളുടെ സ്വീകാര്യത സംബന്ധിച്ച സുവിശേഷം സർവ്വശക്തനായ അല്ലാഹുവിൽ നിന്നും നിരന്തരം ലഭിച്ചുകൊണ്ടിരിക്കും.
2. ഒരു പൂർണ്ണവിശ്വാസിക്ക് അദ്ദേഹവുമായോ അദ്ദേഹവുമായി ബന്ധപ്പെട്ടവരെ സംബന്ധിച്ചോ മാത്രമല്ല ലോകസംഭവങ്ങളെ പറ്റിയും പ്രശസ്തരായ വ്യക്തികൾക്ക് ഉണ്ടാവുന്ന ദൈവിക വിധികളുടെ മാറ്റങ്ങളെ സംബന്ധിച്ചും മുൻകൂട്ടിയുള്ള ജ്ഞാനങ്ങൾ ലഭിക്കുന്നു.
3. പൂർണ വിശ്വാസിയുടെ മിക്കവാറും എല്ലാ പ്രാർത്ഥനകളും സ്വീകരിക്കപ്പെടുന്നു. അദ്ദേഹത്തിന്ന് പ്രാർത്ഥനാ സ്വീകാര്യതയെപറ്റി മുൻകൂട്ടിയുള്ള ജ്ഞാനങ്ങൾ ഇടക്കിടക്ക് ലഭിച്ചുകൊണ്ടിരിക്കും.
4. പൂർണ്ണവിശ്വാസിക്ക് ഖുർആന്റെ അഗാധമായ അർത്ഥങ്ങളും നവങ്ങളായ ആശയങ്ങളും അതിന്റെ സൂക്ഷ്മവും അനുപമവുമായ ഗുണങ്ങളും വമ്പിച്ച തോതിൽ ലഭിച്ചുകൊണ്ടിരിക്കും.

ഈ നാല് ഗുണങ്ങളുടെയും അടിസ്ഥാനത്തിൽ പൂർണ്ണവിശ്വാസി മറ്റുള്ളവരെക്കാൾ മികച്ചു നിൽക്കുന്നു. ഒരു പൂർണ്ണവിശ്വാസിക്ക് അദ്ദേഹത്തിന്റെ പ്രതിയോഗിയെ അപേക്ഷിച്ച് ദൈവത്തിൽ നിന്ന് എല്ലായ്പ്പോഴും നിരന്തരം സുവിശേഷങ്ങൾ ലഭിച്ചുകൊണ്ടിരിക്കുക, അദ്ദേഹത്തിന്റെ എല്ലാ പ്രാർത്ഥനകളും സ്വീകരിക്കപ്പെടുക, എല്ലാ മഹത്തായ സംഭവങ്ങളെ പറ്റിയും അദ്ദേഹത്തിന്ന് മുൻകൂട്ടി താക്കീത് ലഭിക്കുക, ഖുർആന്റെ ആന്തരിക ജ്ഞാനങ്ങൾ അദ്ദേഹത്തിന്ന് നിരന്തരം നൽകപ്പെടുക ഈ നാല് ഗുണങ്ങളും തന്റെ പ്രതിയോഗിയേക്കാൾ വൻതോതിൽ അധികം ലഭിക്കുക എന്നത് ദൈവത്തിന്റെ മാറ്റമില്ലാത്ത നിയമങ്ങളാണ്. പൂർണ്ണ വിശ്വാസിയല്ലാത്ത ഒരാൾക്കും ഈ അനുഗ്രഹങ്ങളുടെ ചെറിയ അംശങ്ങൾ ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. പക്ഷേ പൂർണ്ണവിശ്വാസി മാത്രമാണ് ഈ അനുഗ്രങ്ങളുടെ യഥാർത്ഥ അനന്തരാവകാശി.

അങ്ങനെയല്ലാത്ത പക്ഷം ഒരു വിശ്വാസിയുടെ പൂർണ്ണതയുടെ സ്ഥാനം അശുദ്ധനും വിഢ്ഢിയും ഹ്രസ്വദൃഷ്ടിയും ആയ വ്യക്തിയുമായി വ്യക്തമായും താരതമ്യം ചെയ്ത് മനസ്സിലാക്കാൻ സാധിക്കാതെ വരും. അതിനാൽ വ്യക്തവും എളുപ്പവുമായ മാർഗ്ഗം പൂർണ്ണ വിശ്വാസിയെ താരതമ്യം ചെയ്ത് മനസ്സിലാക്കുക എന്നത് മാത്രമാണ്. ഈ അടയാളങ്ങൾ സ്വാഭാവികമായും പൂർണ്ണ വിശ്വാസിയിൽ നിന്നും ബഹിർഗമിക്കുന്നു. എങ്കിലും അതിന്റെ ഏകപക്ഷീയമായ പ്രകടനത്തിന് ചിലപ്പോൾ തടസ്സങ്ങൾ നേരിടുന്നു. ഉദാഹരണത്തിന്ന് തങ്ങൾക്ക് തികച്ചും എതിരായി വിധിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്ക് പ്രാർത്ഥിക്കാനായി ഏതാനും വ്യക്തികൾ പൂർണ്ണ വിശ്വാസിയെ ചിലപ്പോൾ സമീപിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ പ്രാർത്ഥന ഫലവത്താകാത്തതിനാൽ അവർക്ക് ഈ ദൃഷ്ടാന്തത്തിന്ന് സാക്ഷ്യം വഹിക്കാനും പൂർണ്ണ വിശ്വാസിയുടെ ഗുണങ്ങൾ വിലമതിക്കാനും കഴിയാതെ വരുകയും അവരുടെ സംശയങ്ങൾ അധികരിക്കുകയും ചെയ്യുന്നു.

ഒരു പൂർണ്ണ വിശ്വാസി ദൈവത്തിന്റെ ദൃഷ്ടിയിൽ ഔന്നത്യത്തിലും ഉന്നത നിലവാരത്തിലും നിലകൊള്ളുന്നു. മിക്ക സങ്കീർണ്ണ പ്രശ്നങ്ങളും അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയാൽ പൂർണ്ണവിശ്വാസിക്ക് അനുകൂലമായി തീരുമാനിക്കപ്പെടുന്നു. പ്രവാചകന്മാരോ ദൂതന്മാരോ പ്രാർത്ഥിച്ചാൽ പോലും വിധിക്കപ്പെട്ട കാര്യങ്ങൾ തിരുത്തപ്പെടാറില്ല എന്നിരുന്നാലും വിധിക്കപ്പെട്ടുവെന്നും പൂർണ്ണമായും തീരുമാനിക്കപ്പെട്ടുവെന്നും കരുതുന്ന ചില കാര്യങ്ങൾക്ക് മാറ്റം സംഭവിക്കുന്നു. *(ആസ്മാനി ഫൈസലാ, റൂഹാനി ഖസായിൽ)*

# റമദാൻ മനുഷ്യാത്മാവിനെ തരളിതമാക്കുന്നു.

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
2018 ജൂൺ 18 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

**അ**ല്ലാഹു തന്റെ ദാസരോ
ടു കാണിക്കുന്ന ഔദാര്യങ്ങൾ
അത്ഭുതകരമാണ്. അവന്റെ റഹ്
മത്ത്(കാരുണ്യം) സകല തിനെ
യും വലയം ചെയ്തിരിക്കു
ന്നു. റഹ്മത്ത് എന്നത് കൊണ്ടു
ദ്ദേശിക്കുന്നത് മൃദുഭാവം കാണി
ക്കുക; കാരുണ്യം പ്രകടിപ്പിക്കു
ക എന്നൊക്കെയാണ്. അതാ
യത്, തന്റെ ദാസരോടുള്ള അല്ലാ
ഹുവിന്റെ പെരുമാറ്റം അങ്ങേയറ്റം
മൃദുലതയോടും വിട്ടുവീഴ്ചയോ
ടും കൂടിയതാണ്. അല്ലാഹുവിന്റെ
ഈ കാരുണ്യാതിരേകം എത്ര
മാത്രം ശക്തമാണെന്നാൽ സക
ലവസ്തുക്കളെയും അതു വല
യം ചെയ്തിരിക്കുന്നു. അവന്റെ
റഹ്മത്തിൽ റഹ്മാനിയ്യത്തും
റഹീമിയ്യത്തും ഉൾ പ്പെടുന്നു. ചോ
ദിക്കാതെ തന്നെ അനേകം സംഗ
തികൾ മനുഷ്യനുവേണ്ടി അവൻ
ഭൂമിയിൽ സൃഷ്ടിച്ചിരിക്കുന്നു
എന്നത് അവന്റെ റഹ്മാനിയ്യത്ത്
ആകുന്നു. റഹീമിയ്യത്ത് പ്രകട
മാകുന്നത് അല്ലാഹുവിനോടുള്ള
കടമ നിർവഹിക്കുകയും അവ
ന്റെ കല്പനകൾ പ്രാവർത്തിക
മാക്കുകയും അവന്റെ മുന്നിൽ
പ്രണമിച്ചുകൊണ്ട് ചോദിക്കുക
യും ചെയ്യുന്നവർക്കാണ്. അല്ലാ
ഹു പറയുന്നു: മനുഷ്യന് ശി
ക്ഷ നല്കുക എന്നത് എന്റെ ല
ക്ഷ്യമല്ല; ദുഷ്കർമങ്ങളുടെ പാ
രമ്യതയിലെത്തിയ വരാണ് ശിക്ഷ
യ്ക്കു പാത്രമാകുന്നത്. എന്റെ ശി
ക്ഷയാണെ ങ്കിൽ അത് താൽക്കാ
ലികമാണ്; അതാണെങ്കിൽ പരി
ഷ്കരണത്തിനുവേണ്ടിയുമാണ്.
ഏതുവരെയെന്നാൽ നരകവാ
സികളും എന്റെ വിശാലമായ
കാരുണ്യത്തിൽ ഭാഗഭാക്കാകു
കയും അവരുടെ ശിക്ഷ അവസാ
നിക്കുകയും ചെയ്യുന്ന സമയവും
വന്നെത്തുന്നതാണ്. പ്രതിഫലം
നല്കുന്ന നാളിന്റെ ഉടമസ്ഥൻ
കൂടിയാണ് അല്ലാഹു. അതുകൊ
ണ്ട് തന്റെ കാരുണ്യത്തിന്റെയും
പാപപൊറുതിയുടെയും പുതപ്പ്
അണിയി ച്ചുകൊണ്ട് ശിക്ഷയി
ല്ലാതെതന്നെ അവന് നമ്മെ വി
ട്ടയക്കാൻ സാധിക്കുന്നതാണ്.
അതേസമയം അല്ലാഹു പറയു
ന്നു: തഖ്‌വയിൽ പദമൂന്നുകയും
സക്കാത്ത് നല്കുകയും ദൈ
വകല്പനകൾ പാലിക്കേണ്ട
മുറയനുസരിച്ച് പാലിക്കുകയും
ദൃഢവിശ്വാസത്തോടു കൂടി കർമം
ചെയ്യുകയും അല്ലാഹുവിന്റെ ആ
യത്തുകൾ പൂർണമായി വിശ്വ
സിക്കു കയും ചെയ്യുന്നവരെ ഒരു
അവകാശമെന്നോണം അല്ലാഹു
തീർച്ചയായും കാരുണ്യത്തിന്റെ
പുതപ്പ് അണിയിക്കുന്നതാണ്.
മറ്റൊരിടത്ത് അല്ലാഹു പറയു
ന്നു: **ഇന്ന റഹ്മത്തല്ലാഹി ഖരീ
ബുൻ മ്മിനൽമുഹ്സിനീൻ**(7:57)
തീർച്ചയായും അല്ലാഹുവിന്റെ
കാരുണ്യം സുകൃതവാന്മാരുമായി
അടുത്തതാണ്. എല്ലാ നിബന്ധ
നകളോടുംകൂടി ജോലി പൂർത്തി
യാക്കുന്നവനാണ് സുകൃതവാൻ.
ആകയാൽ അല്ലാഹുവിന്റെ നിർ
ദേശങ്ങൾ പൂർത്തിയാക്കുകയും
ദൈവകല്പനകൾ പാലിക്കുകയും
അല്ലാഹുവിന്റെ അടയാളങ്ങളെ
പൂർണമായി വിശ്വസിക്കുകയും
അല്ലാഹുവിന്റെ മുൻപിൽ കുനി
യുകയും ചെയ്യുന്നവർക്കാണ്
അവന്റെ റഹ്മത്ത് എത്തുക. അതു
കൊണ്ട് വിശ്വാസി ദൈവകല്പന
കൾ പാലിക്കുകയും തഖ്‌വ അവ
ലംബിക്കുകയും വിശ്വാസത്തിൽ
പൂർണത കൈവരിക്കുകയും
ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

ഇവിടെ അല്ലാഹു ഒന്നാമതായി വിവരിച്ചിരിക്കുന്നത് തഖ്‌വയാണ്. വാസ്തവത്തിൽ, തഖ്‌വയെ സംബന്ധിച്ച് ശരിയായ ഗ്രാഹ്യം ഉണ്ടായാൽ മറ്റു നന്മകളും ഈമാനിന്റെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടുന്നതാണ്. ഇതു സംബന്ധമായി ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യങ്ങളും കുടികൊള്ളുന്നത് തഖ്‌വയുടെ സൂക്ഷ്മമാർഗങ്ങളിൽ പദമൂന്നുന്നതിലാണ്. തഖ്‌വയുടെ സൂക്ഷ്മമാർഗം ആത്മീയസൗന്ദര്യത്തിന്റെ മനോഹരചിത്രങ്ങളും ഹൃദ്യമായ രൂപവുമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വയെ വസ്ത്രവുമായിട്ടാണ് ഉപമിച്ചിരിക്കുന്നത്. 'ലിബാസുത്തഖ്‌വ' എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ആത്മീയസൗന്ദര്യവും മനോഹാരിതയും തഖ്‌വയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നാണ് ഇതു സൂചിപ്പിക്കുന്നത്. തഖ്‌വ എന്നു പറയുന്നത് മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും(അല്ലാഹു വിശ്വസിച്ച് ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ) വിശ്വാസപരമായ പ്രതിജ്ഞകളെയും അതുപോലെ സൃഷ്ടികളോടുള്ള എല്ലാ അമാനത്തുകളെയും പ്രതിജ്ഞകളെയും പരമാവധി പാലിക്കുക എന്നതാണ്. അതായത്, അവയുടെ സൂക്ഷ്മങ്ങളായ വശങ്ങളെ കഴിവിന്റെ പരമാവധി പ്രാവർത്തികമാക്കുക.'

ഹുസൂർ പറഞ്ഞു: ഈ നിലവാരം സ്വായത്തമാക്കിയാൽ ഇവിടെയാണ് അല്ലാഹുവിന്റെ കാരുണ്യം തന്റെ ദാസരുടെ മേൽ അവകാശമെന്ന നിലയ്ക്ക് നിർബന്ധമാകുന്നത്. ഞാൻ പറഞ്ഞതു പോലെ, ഒരവകാശമെന്ന നിലയിൽ അല്ലാഹുവിൽ നിന്ന് വല്ലതും വാങ്ങാൻ മനുഷ്യന് എന്തു സ്ഥാനമാണു ള്ളത്?

ഹുസൂർ പറഞ്ഞു: നാം കടന്നു പോയിക്കൊണ്ടിരിക്കുന്ന ദിനങ്ങളിൽ റമാദാന്റെ അവസാനത്തെ ആഴ്ചയാണ് ഇനി അവശേഷിച്ചിരിക്കുന്നത്. റമദാൻമാസം ആഗതമായാൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുമെന്നും നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുമെന്നും ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുമെന്നും നബി(സ) തിരുമേനി അരുളിയിട്ടുണ്ട്. ഇതിൽനിന്നും മുഅ്മിനാണ് ഫലമെടുക്കുന്നത്. ശരിയായ നിലയിൽ വിശ്വസിക്കുകയും ദൈവകല്പനകൾ പാലിക്കു കയും ചെയ്യുന്ന ആളായിരിക്കും ഇതിനെ പ്രയോജനപ്പെടുത്തുക. നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു: ആരാണോ ഈമാനും പ്രതിഫലവും കാംക്ഷിച്ചുകൊണ്ട് റമദാനിലെ രാവുകളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നത് അയാളുടെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അതുകൊണ്ടു തന്നെ ഈ ദിനങ്ങളെ പ്രയോജനപ്പെടുത്തുന്നവർ ഭാഗ്യവാന്മാരാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അവസാന ദിനങ്ങളിൽ ലയ്ലത്തുൽ ഖദ്റിനെ അന്വേഷിക്കുന്നതിലേക്ക് ഉദ്ബോധിപ്പിച്ചതും അവന്റെ ഔദാര്യമാണ്. ദുആ സ്വീകാര്യതയുടെ ദൃശ്യം മുൻപത്തേക്കാളുപരിയായി നാം കാണുന്നതിനു വേണ്ടിയാണിത്. ഇതും നമ്മുടെ അവകാശമല്ല; അവന്റെ ഔദാര്യമാണ്. മനുഷ്യർക്ക് തന്നോട് അടുക്കുന്നതിനുള്ള പ്രേരണ നല്കാനാണത്. ഇതും അവന്റെ വിശാലമായ കാരുണ്യമാണ്.

ഇനി മറ്റൊരു ഹദീഥിൽ വന്നിരിക്കുന്നു: റമദാനിലെ ആദ്യത്തെ പത്ത് റഹ്മത്തും മധ്യത്തിലെ പത്ത് മഗ്ഫിറത്തും അവസാനത്തെ പത്ത് തീയിൽ നിന്നുള്ള മോചനവുമാണ്. അമീറുൽമുഅ്മിനീൻ പറഞ്ഞു: റമദാനിലെ റഹ്മത്ത് അതിന്റെ ആദ്യപത്തിലേക്ക് മാത്രം ഉള്ളതല്ല. ആദ്യത്തേതിൽനിന്ന് രണ്ടാമത്തെ പത്തിലേക്കും മൂന്നാമത്തെ പത്തിലേക്കും അതു പ്രവേശിക്കുന്നു. തഖ്‌വയിൽ അധിഷ്ഠിതമാണെങ്കിൽ അതു സ്ഥിരമായി മനുഷ്യനോടൊപ്പം ഉണ്ടാകുന്നു. അതുപോലെ ത്തന്നെ അവന്റെ മഗ്ഫിറത്ത് മധ്യത്തിലെ റമദാനിലേക്ക് മാത്രമുള്ളതല്ല. മറിച്ച് റമളാൻ കഴിഞ്ഞും അതിനുശേഷവും അതു മനുഷ്യനോടൊപ്പം ഉണ്ടാകുന്നു. അഗ്നിയിൽനിന്നുള്ള രക്ഷയും ഈ പത്തു ദിനങ്ങളിൽ മാത്രമല്ല. റമളാനിൽ നിന്ന് ഫലമെടുത്ത് അവനോട് മഗ്ഫിറത്ത് ചോദിച്ചുകൊണ്ട് ആര് റമദാൻ കഴിച്ചു കൂട്ടുന്നുവോ അയാൾ റമദാന് ശേഷവും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതാണ്. എന്നാൽ, റമദാനു ശേഷം തഖ്‌വയിൽ നിന്ന് അകലുകയാണെങ്കിൽ അപ്പോൾ അവൻ സുരക്ഷിതമായ കോട്ട നിർമിച്ച് അതു തകർത്തു കളയുന്നവനെപ്പോലെയാണ്. അതിനാൽ, അല്ലാഹുവിന്റെ റഹ്മത്തും മഗ്ഫിറത്തും അഗ്നിയിൽ നിന്നുള്ള മോചനവും ഏതാനു ദിവസങ്ങളിൽ മാത്രം പരിമിതമല്ല.

ഞാൻ പാരായണം ചെയ്ത വചനങ്ങളെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'താൻ ഇച്ഛരിക്കുന്നവരെ ശിക്ഷിക്കുമെന്നും തന്റെ റഹ്മത്ത് എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നുവെന്നും, ശിർക്കിൽ നിന്നും അവിശ്വാസത്തിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും വിട്ടു നില്ക്കുകയും സക്കാത്ത് നല്കുകയും എന്റെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവർക്ക് കരുണ ചൊരിയപ്പെടുമെന്നും അല്ലാഹു പറയുന്നു.

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വയെ മൂന്നു വാക്യങ്ങൾ കൊണ്ടാണ് വിശദീകരിച്ചത്; ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക; കുഫ്റിൽ നിന്ന് രക്ഷപ്പെടുക; അശ്ലീലങ്ങ ളിൽ നിന്ന് പിന്മാറുക. അശ്ലീലത ഇക്കാലത്ത് സർവത്ര വ്യാപിച്ചിരിക്കുന്നു. ടി.വി യിലും ഇന്റർനെറ്റിലും മാധ്യമങ്ങ ളിലും അസാന്മാർഗികവും അനാവശ്യവുമായ കാര്യങ്ങളാണ് ഉള്ളത്. അസഭ്യം

നിറഞ്ഞ ഇത്തരം പരിപാടികളിൽ നിന്ന് വിട്ടു നില്ക്കുക എന്നതും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കാനുള്ള മാർഗമാണ്. റമദാനിൽ എന്നല്ല, സ്ഥിരമായി ഇതിൽ നിന്ന് വിട്ടുനില്ക്കേണ്ടതാണ്. ഈ സംഗതി കൾ യുവാക്കളെ മാത്രമല്ല, മുതിർന്നവരുടെ മനസ്സിനെയും വിഷലിപ്തമാക്കുന്നു. അങ്ങനെ ധാർമികഗുണങ്ങൾ കേടു വരുകയും ഈമാനിൽനിന്ന് അകന്നുപോകുകയും ചെയ്യുന്നു. അതിനാൽ, ഓരോ അഹ്മദിയും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇവയെ ശ്രദ്ധിച്ച് ശരിയായ നിലയിൽ ഉപയോഗി ക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'റഹ്മത്ത് പൊതുവായതും വിശാലവുമാണെന്നാണ് ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്. ദൈവികനിയമങ്ങളെ അതിർലംഘിക്കു മ്പോഴാണ് അവന്റെ കോപമാകുന്ന ഗുണം വെളിപ്പെടുമാറാകുന്നത്. അതുകൊണ്ട് അല്ലാഹു ആരെയെങ്കിലും ശിക്ഷിക്കുന്നത് അയാൾ അല്ലാഹുവിന്റെ നിയമത്തിൽനിന്ന് പുറത്തു പോകുന്നതുകൊണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞതു പോലെ, ഈ ശിക്ഷയും പരിഷ്ക്കരണത്തിനുവേണ്ടിയുള്ളതാണ്. ഒടുവിൽ അല്ലാഹുവിന്റെ റഹ്മത്ത് ആയിരിക്കും ആധിപത്യം പുലർത്തക.

അമീറുൽമുഅ്മിനീൻ പറഞ്ഞു: മനുഷ്യൻ തൗബ ചെയ്യു കയും ഇസ്തിഗ്ഫാർ ചെയ്യുകയും ഹൃദയമുരുകി പ്രാർഥിക്കുകയും അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുകയും ചെയ്യുമ്പോൾ ശിക്ഷിക്കണമെന്ന് അല്ലാഹു നിർബന്ധമാക്കിയിട്ടില്ല. അത്തരം ആളുകൾക്ക് കാരുണ്യമാണ് അവൻ നിർബന്ധമാക്കിയിട്ടുള്ളത്. മാത്രമല്ല, അവന്റെ റഹ്മത്ത് കോപ ത്തെ അതിജയിക്കുകയും കോപം അപ്രത്യക്ഷമായി മറഞ്ഞു പോവുകയും ചെയ്യുന്നു.

ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് പറയുന്നു: മാനുഷികമായ ദൗർബല്യങ്ങൾ വെളിപ്പെടാതെ ദൈവം മനുഷ്യപ്രകൃതത്തിന് ശക്തി നല്കിക്കൊണ്ട് തന്റെ സഹായത്തിന്റെയും പിന്തുണയുടെയും വൃത്തത്തിനുള്ളിൽ അവനെ കൊണ്ടു വരുന്നതിന് ദൈവത്തോടുള്ള അർഥനയാണ് ഇസ്തിഗ്ഫാർ കൊണ്ട് വാസ്തവത്തിൽ അർഥമാക്കുന്നത്.'

അവിടന്ന് പറയുന്നു: ദൈവം എപ്രകാരം മനുഷ്യന്റെ സ്രഷ് ടാവാണോ, അവന്റെ ആന്തരികവും ബാഹ്യവുമായ സർവ കഴിവുകളുടെയും സ്രഷ്ടാവാണോ അപ്രകാരം തന്നെ അവൻ മനുഷ്യന്റെ ഖയ്യൂമും കൂടിയാണ്. അതായത്, താൻ സൃഷ്ടിച്ച തിനെ പ്രത്യേക സഹായത്തോടെ സംരക്ഷിക്കുന്നവനുമാണ്. ഈ സംഗതിയാണ് സൂറ: ഫാത്തിഹയിലെ **ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ** എന്ന വചനം സൂചിപ്പിക്കുന്നത്. അതായത്, ഞങ്ങൾ നിന്നെ മാത്രം ആരാധിക്കു കയും നിന്റെ ഖയ്യൂമിയ്യത്തും റുബൂബിയ്യത്തും ഞങ്ങളെ സഹായിക്കുകയും ഇടർച്ചയിൽ നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യുന്നതിനു വേണ്ടി നിന്നോടു മാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ന്യൂനതകൾ വെളിപ്പെടുകയും ഞങ്ങൾക്ക് ആരാധന നടത്താൻ കഴിയാതിരിക്കുകയും ചെയ്യരുതേ.'

ഇസ്തിഗ്ഫാർ എന്ന വിഷയത്തെ കൂടുതൽ വിശദീകരിച്ചു കൊണ്ട് അവിടന്ന് പറയുന്നു: 'ചില ആളുകളുണ്ട്, അവർ പാപത്തെക്കുറിച്ച് അറിയുന്നവരാണ്. ചിലരാകട്ടെ പാപത്തെ ക്കുറിച്ച് അറിയാത്തവരാണ്. അതുകൊണ്ടാണ് അല്ലാഹു എക്കാലത്തേക്കുമായി ഇസ്തിഗ്ഫാർ വെച്ചിരിക്കുന്നത്. മനുഷ്യൻ എല്ലാവിധ പാപങ്ങളിൽനിന്നും, അത് പ്രത്യക്ഷമാകട്ടെ പരോക്ഷമാകട്ടെ, അവന് അറിവുള്ളതാകട്ടെ അറിവില്ലാത്തതാകട്ടെ, അവന്റെ കൈകാലുകളിൽനിന്നോ നാവിൽ നിന്നോ മൂക്കിൽ നിന്നോ കാതുകളിൽനിന്നോ കണ്ണുകളിൽ നിന്നോ പുറപ്പെടുന്നതാകട്ടെ, എല്ലാവിധ പാപങ്ങളിൽ നിന്നും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഹദ്റത്ത് ആദമിന്റെ ദുആ ഇക്കാലത്ത് ചൊല്ലേണ്ടതാണ്. **റബ്ബനാ ളലംനാ അൻഫുസനാ വ ഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.** ആദ്യം മുതൽക്കേ ഈ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവേ, ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളോട് അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളോടു കാരുണ്യം കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരാ യിത്തീരും. നിങ്ങൾ അശ്രദ്ധയോടെ ജീവിതം നയിക്കരുത്. അശ്രദ്ധയോടെ ജീവിതം നയിക്കാത്തവൻ ഒരിക്കലും കഴിവിന്നതീതമായ വിപത്തിലകപ്പെടുകയില്ല. ഒരു വിപത്തും ദൈവകല്പന കൂടാതെ വരുന്നില്ല. എനിക്ക് അല്ലാഹു ഇൽഹാം ഇറക്കിയിരിക്കുന്നു: **റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക,റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ.**

ഇസ്തിഗ്ഫാറും തൗബയും തമ്മിലുള്ള വ്യത്യാസം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്തിഗ്ഫാറും തൗബയും രണ്ടു സംഗതികളാണ്. ദൈവത്തിൽനിന്ന് കരസ്ഥമാക്കുന്ന സഹായവും ശക്തിയുമാണ് ഇസ്തിഗ്ഫാർ. അല്ലാഹുവേ, ഞങ്ങൾ ചെയ്ത മഗ്ഫിറ ത്തിന്റെ ദുആയിൽ ഞങ്ങളെ നിലനിറുത്തേണമേ എന്ന ദുആ യാണ് തൗബ.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനോട് സഹായം തേടുമ്പോൾ സഹായം നല്കുമെന്നുള്ളത് അവന്റെ സുന്നത്താണ്. ആ ശക്തി ലഭിച്ചതിനുശേഷം

ശേഷം പേജ് 37 ൽ

# റമദാനെ പറ്റി വാഗ്ദത്ത മസീഹ്

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ) റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനിയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസം നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നു തന്നെ സഹായം തേടേണ്ടതാണ്." *(ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).*

### നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

"ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതിക ഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." *(മൽഫൂദാത്ത് വാല്യം 9 പേജ് 123, 1984)*

### റമദാൻ എന്ന നാമം

"സൂര്യന്റെ ചൂടിനാണ് റമദ എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് റമദാൻ (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടു കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും റമദ എന്നു പറയും." *(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 264)*

### റമദാൻ മാസത്തിന്റെ മഹത്വം

**"ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ(ജാഗ്രദർ



ശനങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സുചനയാണ് ഉൻസില ഫീഹിൽഖുർആൻ എന്നതിലുള്ളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു." *(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 264-265)*

**ധർമശാസ്ത്രങ്ങൾ കൊണ്ടുള്ള ഫലം**

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ പ്രകാശ കേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." *(ഇസ്‌ലാംമത തത്ത്വജ്ഞാനം പേജ് 191, 192)*

**ചില സംശയനിവാരണങ്ങൾ**

- യാത്രക്കാരനും രോഗിയും ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുള്ള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്‌യഃ കൊടു

ക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്‌യഃ. *(മൽഫൂദാത്ത് വാള്യം 9, പേജ്431, 1984)* ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.

• ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടുകിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. *(മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)*

• ഞാൻ ഇന്നേവരെ നോമ്പു നോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ

'അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.'*(മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)*

• ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം-മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

• നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ? പുരട്ടാവുതാണ്.

• നോമ്പുകാരന്റെ രോഗമുള്ള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

• നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

• നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. *(മൽഫൂദാത്ത് വാള്യം 9, പേജ് 171-172, 1984)*

• മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചുവീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

• നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

### ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

### നോമ്പിന്റെ പ്രാധാന്യം

"മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." *(മൽഫൂദാത്ത് വാള്യം 2, പേജ് 203, 1984)*

*മനസ്സിനുണ്ടാകുന്ന ആർദ്രത*

"നോമ്പും നമസ്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്കാരംകൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." *(മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)*

### യാത്രയിൽ നോമ്പ്

• യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് **ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ** രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപ്പന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസ

സ്ഥമായ വിശ്വാസം കുടികൊള്ളുന്നത്. *(മൽഫൂദാത്ത് വാല്യം 1, പേജ് 292,293 – 1984)*

**തറാവീഹ് നമസ്കാരം**

● റമദാനിൽ തറവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി(സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്." വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊള്ളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെ തന്നെ നമസ്ക്കരിച്ചു കൊള്ളുക.

● തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശം. കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

"നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുള്ള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിതച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതു തന്നെ. എന്നാൽ, ആദ്യ നേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി



ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം നിനരിച്ചതുതന്നെയാകുന്നു." *(മൽഫൂദാത്ത് വാല്യം 10 പേജ് 113)*

**ഇഅ്തികാഫ്**

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉള്ളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്."(മൽഫൂദാത്ത് വാല്യം 4 പേജ് 288)

● ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്.*(മൽഫൂദാത്ത് വാല്യം 9 പേജ് 196)*

**തീവ്രയത്നം അനിവാര്യം**

"അല്ലാഹുത്തആല ഇസ്‌ലാം ദീനിൽ 5 മുജാഹദാത്ത് (തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം 2. നോമ്പ് 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്‌ലീംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്‌ലുല്ലാഹ് (ദവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്‌ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക." (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 263) *വിവ: മൗലവി മുഹമ്മദു ഇസ്മായീൽ, ആലപ്പുഴ*

# മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

**ശരിതെറ്റുകളുടെ ആന്തരനിർമ്മിത മായ ഒരു മാനകം മനുഷ്യശരീരത്തിന്റെ സൃഷ്ടിപ്പിൽ തന്നെ അല്ലാഹു നിക്ഷേപിച്ചിട്ടുണ്ട്. അത് പ്രകാരം മനുഷ്യശരീരം സ്വയം തന്നെ ഒരു സന്തുലനം പാലിക്കുന്നത് കൊണ്ടാണ് നമുക്ക് ജീവിതം മുന്നോട്ട് കൊണ്ട് പോകാൻ സാധിക്കുന്നത്. അടുത്ത് തന്നെ പുറത്തിറങ്ങുന്ന 'കേവലനീതി കാരുണ്യം ബന്ധുത്വം' എന്ന പുസ്തകത്തിൽ നിന്ന്**

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)


**ഖലീഫത്തുൽ മസീഹ് നാലാമൻ**

ദൈവം മനുഷ്യന്റെ ശരീരഘടനക്ക് രോഗവും ആരോഗ്യവും അതുപോലെ നിർമ്മാണാത്മക പ്രക്രിയയും സംഹാരാത്മക പ്രക്രിയയും തിരിച്ചറിയാനുള്ള ആന്തരികമായ കഴിവ് നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഈ വിവേചനാത്മകമായ സംവിധാനം മനുഷ്യന്റെ ബോധജ്ഞാനം അറിയാതെയാണ് പ്രവർത്തിക്കുന്നത്. അത് തുടർന്നുകൊണ്ടിരിക്കുന്നതും സ്വയം പ്രവർത്തിക്കുന്നതുമായ ഒരു പ്രതിഭാസമാണ്. വാസ്തവത്തിൽ ഇത് മനുഷ്യന്ന് മാത്രമല്ല എല്ലാ ജീവിരൂപങ്ങളിലും പ്രവർത്തിക്കുന്ന പ്രതിഭാസമാണ്. താഴ്ന്നതും ഉയർന്നതുമായ എല്ലാ ഓരോ ജീവിവർഗ്ഗങ്ങളിലും ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അതിനെ അറിയിക്കുന്ന ഒരു ആന്തരിക സംവിധാനമുണ്ട്. ഓരോ ജീവികളുടേയും കൊച്ചുലോകത്ത് അതിന്റെ തനത് രൂപത്തിൽ ആന്തരികമായി സജ്ജീകരിക്കപ്പെട്ട ഒരു സംവിധാനമായി അത് നിലനിൽക്കുന്നു. അമീബിക്ക് പോലും ആരോഗ്യത്തിന്റേയും രോഗത്തിന്റേയും വിധിവിലക്കുകളുടെ പരിധികളുണ്ട്. അമീബ എന്ത് ആർജിക്കാൻ പരിശ്രമിക്കണം എന്ത് വർജ്ജിക്കുവാനും ഒഴിവാക്കാനും ശ്രമിക്കണം എന്നതാണ് അമീബക്ക് നിർണ്ണയിക്കപ്പെട്ട പരിധി. എന്നാൽ മനുഷ്യനിൽ ഇത് വളരെ വികസിതവും വളരെ സങ്കീർണ്ണവുമായ ഒരു പ്രതിഭാസമാണ്. ഒറ്റനോട്ടത്തിൽപ്പോലും അത് ഒരു അത്ഭുത പ്രതിഭാസമാണെന്ന് കാണാം.

നിരാകരണത്തിന്റേയും സ്വീകരണത്തിന്റേയും പ്രക്രിയ മനുഷ്യാസ്തിത്വത്തിന്റെ ഏത് വിതാനത്തിലും വളരെ തികവോടെ പാലിക്കപ്പെടുന്നതായി കാണപ്പെടുന്നു. ഇവിടെ ചർച്ച ചെയ്യുന്ന വിഷയം താഴെ പറയുന്ന ലളിതമയ ഉദാഹരണത്തിലൂടെ തെളിയിക്കാനാവും. മനുഷ്യനിലെ വിശപ്പ് അവനിൽ ഊർജ്ജത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ഒരു അവബോധം സൃഷ്ടിക്കുന്നു. ഏതെങ്കിലും രൂപത്തിലുള്ള കുറച്ച് ഊർജ്ജത്തിന്റെ ആവശ്യം സംജാതമായാൽ കാഴ്ച്ചക്കും ഘ്രാണത്തിന്നും സ്പർശനത്തിന്നും രുചിക്കും ചില അവസരങ്ങളിൽ ശ്രവണത്തിന്നും വേണ്ടിയുള്ള ഇന്ദ്രിയങ്ങൾ ഉടൻ തന്നെ സജീവമാകുന്നു. ഈ ഊർജ്ജാവശ്യത്തെ മുൻനിർത്തി മനുഷ്യന്ന് ഏതാണ് നല്ലത് ഏതാണ് ചീത്ത എന്ന് തീരുമാനിക്കാനാണ് ഈ സംവേദനേന്ദ്രിയങ്ങൾ സജീവമാകുന്നത്. മനുഷ്യൻ ഒരു കവിൾ ഭക്ഷണം ചവയ്ക്കുമ്പോൾ രുചിമുകുളങ്ങൾ (Taste Buds), താപമുകുളങ്ങൾ (Heat Buds), സ്പർശന സംബന്ധിയായ സംവേദനാവയവങ്ങൾ, പല്ല്, ഉമിനീർ ഗ്രന്ഥികൾ, താടിയെല്ലുകൾ, താടിയുടെ പേശികൾ, എല്ലാം തന്നെ തികച്ചും സന്തുലിതമായ പങ്കാളിത്തത്തോടെ പ്രവർത്തന നിരതമാവുന്നു. അവസാനം എന്തെങ്കിലും ഭക്ഷണം ആഹരിച്ചു കഴിഞ്ഞാൽ അത് സ്വീകരിക്കുന്ന പ്രക്രിയ സൂക്ഷ്മ തലത്തിൽ ആരംഭിക്കുന്നു. ഭക്ഷണത്തെ വിഘടിപ്പിക്കുകയും ഘടകവസ്തുക്കളാക്കി അതിനെ മാറ്റുകയും ശരീരത്തിന്നാവശ്യമില്ലാത്ത വസ്തുക്കളെ ഒഴിവാക്കി അത് ശുദ്ധീകരിക്കുകയും ചെയ്യുന്നു. മനുഷ്യനെ ബാക്ടീരിയയിൽ നിന്നും വൈറസുകളിൽ നിന്നുമുള്ള അക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന എല്ലാ ഉപാധികളും സ്വീകരിക്കുന്നു. ഈ ഘട്ടങ്ങളെല്ലാം പിന്നിട്ട ശേഷം ഭാഗികമായി ദഹിച്ച ഭക്ഷണം രാസഘടകങ്ങളായി മാറുന്നു. ഇങ്ങനെ രാസഘടകങ്ങളാക്കി മാറ്റപ്പെടുന്ന ഭക്ഷണം ആഗിരണം ചെയ്യാനും അതിനെ കൂടുതൽ സങ്കീർണ്ണമായ മറ്റു ജൈവ വസ്തുക്കളായി പുനരുപയോഗത്തിന്ന് വേണ്ടി സജ്ജമാക്കുകയും ചയ്യുന്നു.

ഇതെല്ലാം മനുഷ്യശരീരം അതിന്റെ സുരക്ഷിതമായ ഭക്ഷണം ഉപയോഗിക്കാനായി എങ്ങനെ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അത്യധികം ലളിതവത്ക്കരിച്ച ഉദാഹരണങ്ങളാണ്. സംന്തുലനത്തിന്ന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ അത് ജീവന്റെയും ആരോഗ്യത്തിന്റേയും ഗുണനിലവാരത്തെ വിപരീതമായി ബാധിക്കുന്നു. സംന്തുലനം തികവുറ്റ രീതിയിൽ അളന്നു തിട്ടപ്പെടുത്തിയതും കണിശമായ അനുപാതത്തിലുള്ളതുമായിരിക്കണം. അതിനകത്ത് ഉണ്ടാവുന്ന എന്തെങ്കിലും രീതിയിലുള്ള ചെറിയ തകരാറ് പോലും ജീവന്ന് ഭീഷണിയായി തീരും.

ഇവിടെ മാറ്റങ്ങൾ ജീവന്റെ ആരോഗ്യകരമായ പുരോഗതിക്ക് വിഘാതമായി നിൽക്കുമ്പോൾ സൂറ; അശ്ശംസിലെ 9-ാമത്തെ വചനത്തിൽ ഉപയോഗിച്ച ഫുജൂർ *(ധാർമികത,



പാപം) എന്ന പദം വളരെ യുക്തിപര മായി വ്യാഖ്യാനിക്കേണ്ടതുണ്ട്, . അതേ വചനത്തിലെ *തഖ്‌വ എന്ന പദം രോഗത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന അപകടങ്ങളെ ഒഴിവാ ക്കുന്ന ഫലപ്രദമായ കഴിവിനെ സൂചിപ്പിക്കുന്നു. മനുഷ്യ ശരീരവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ സൂറ: അശ്ശംസിലെ ഈ വചനം സൂചിപ്പിക്കുന്നത് മനുഷ്യന്റെ ശരീര ശാസ്ത്രം, ശരീരഘടനാ ശാസ്ത്രം നാഡീ വ്യവസ്ഥ, രക്ത ചംക്രമണ വ്യവസ്ഥ, ഞരമ്പു വ്യവസ്ഥ, ഗ്രന്ഥി വ്യവസ്ഥ, പ്രതിരോധ വ്യവസ്ഥ എല്ലാംത ന്നെ അവയ്ക്ക് വേണ്ട നന്മ തിന്മകൾ എന്തൊക്കെയാണ് എന്നതിനെ പറ്റി യുള്ള ജ്ഞാനം ആ വ്യവസ്ഥകൾക്ക കത്ത് തന്നെ നല്ലത്പോലെ സജ്ജീ കരിച്ചിട്ടുണ്ട് എന്നാണ്. ഒരു വ്യവ സ്ഥയെ കുറിച്ചുള്ള സൂക്ഷ്മ പഠ നം തന്നെ വിവരിക്കാൻ നിരവധി അദ്ധ്യായങ്ങൾ എഴുതേണ്ടി വരും. എന്നാലും വിഷയം അവസാനിക്കു ന്നില്ല. ഇതിനെ സംബന്ധിച്ച് മാന്ത്രി കം അതിശയകരം എന്നൊക്കെ നിഷ് ക്കളങ്കമായി പറയാൻ സാധിക്കും. മനുഷ്യ ജീവിതത്തിന് നൽകപ്പെട്ട സങ്കീർണ്ണതകളും അടരുകൾക്ക് മീ തെ അടരുകളായി നിൽക്കുന്ന സമസ്യ കളും താരതമ്യം ചെയ്യുമ്പോൾ മനു ഷ്യ ജീവിതത്തെ ആലീസിന്റെ അത്ഭു തലേകത്ത് പ്രതിഷ്ഠിക്കുന്നത് പോലെ യാണ്. മനുഷ്യസൃഷ്ടിപ്പിന്റെ അത്ഭു തങ്ങളുമായി താരതമ്യം ചെയ്യു മ്പോൾ പ്രഹേളികകളും അത്ഭുതാ തിശയങ്ങളുമായി ബന്ധപ്പെട്ട എല്ലാ കഥകളും അതിന്ന് മുമ്പിൽ ഒന്നുമല്ല.

പ്രസക്തമായ ഖുർആനിക പ്രസ്താ വനയുമായി മാറ്റുരച്ചുനോക്കു മ്പോൾ എത്ര തികവുറ്റ രീതിയി ലാണ് മനുഷ്യ ശരീരം പ്രവർത്തി ക്കുന്നത് എന്ന് കണ്ട് നാം അത്ഭു തപ്പെട്ടുപോകും. മനുഷ്യന്ന് രോഗം പിടിപെടാനും രോഗബാധക്കുള്ള സാദ്ധ്യതകളും അതേ സമയം എറെ കുറെ എല്ലാ രോഗങ്ങളിൽ നിന്നും സ്വയം രോഗവിമുക്തനാകാനുള്ള കഴിവും ശ്രദ്ധേയമാണ്. ഒരു ചികി ത്സകരുടെയും അർബുദരോഗ വിദ ഗ്ദരുടെയും സഹായമില്ലാതെ കാൻ സർ പോലും ഭേദമാവാനുള്ള സിദ്ധി മനുഷ്യശരീരത്തിന്നുണ്ട്. വാസ്ത വത്തിൽ മെഡിക്കൽ റിക്കാർഡുക ളിൽ രേഖപ്പെടുത്തപ്പെട്ട അന്തി മ സ്ഥിതിയിലെത്തിയ ഒരു അർബു ദരോഗി അർബുദ ചികിത്സകരുടെ ധാരണകളെയെല്ലാം പരാജയപ്പെ ടുത്തി പൂർണ്ണമായും രോഗമുക്ത നാവുകയുണ്ടായി. എങ്ങനെയാണ് അത് സംഭവിച്ചതെന്ന് വിദഗ്ദർക്ക് മനസ്സിലായിട്ടില്ല. അർബുദം ബാധി ച്ച മാറാരോഗി രോഗ വിമുക്തനാ കുകയും സാധാരണ ജീവിതത്തിലേ ക്ക് മടങ്ങി വരുകയും ചെയ്തപ്പോൾ സ്പെഷലിസ്റ്റുകളുടെ രോഗവിജ്ഞാ നമെല്ലാം അപ്രസക്തമാവുകയാണു ണ്ടായത്. മനുഷ്യന്റെ അതീവ സങ്കീർണ്ണ മായ രോഗപ്രതിരോധ സംവിധാനത്തെ പറ്റി ബാഹ്യമാത്രമായി മാത്രമേ ത ങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞി ട്ടുള്ളൂ എന്ന് ഐക്യകണ്ഠേന ശാസ്ത്ര ജ്ഞന്മാർക്ക് ബോദ്ധ്യമായി. നമ്മുടെ രോഗപ്രതിരോധ സംവിധാനം അപ രിമേയമായ സാധ്യതകളോടെയാണ് നൽകപ്പെട്ടത് എന്ന് നമുക്ക് പറയാൻ സാധിക്കും.

പ്രതിരോധ സംവിധാനം എത്രതന്നെ തികവുറ്റതായാലും മനുഷ്യനിലെ ഒരു പ്രതിരോധ ആയുധത്തിനും അവനെ അനശ്വരനാക്കുവാൻ സാ ദ്ധ്യമല്ല. മനുഷ്യനിലെ ഓരോ അവയവ വ്യവസ്ഥയിലും അതിനകത്ത് തന്നെ അന്തർലീനമായ ഒരു പ്രതിപ്രവർത്തന വ്യവസ്ഥയുണ്ട്. അത് അന്തിമമായ നാശത്തിന്ന് വേണ്ടി അളന്ന് തിട്ട പ്പെടുത്തിയ ഒരു പ്രതിപ്രവർത്തന സംവിധാനമാണ്. അതിൽ എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അ ളന്ന് തിട്ടപെടുത്തുകയും ആനു പാതികമായി ക്രമപ്പെടുത്തിവെക്കു കയും ചെയ്തിരിക്കുന്നു. പ്രകടമായി പ്രവർത്തിക്കുന്നതും മന്ദമായി പ്ര വർത്തിക്കുന്നതുമായ സ്വഭാവങ്ങൾ രേഖപ്പെടുത്തിയ ജീനുകളാൽ മ നുഷ്യ ശരീരത്തിലെ ഓരോ കോശ ത്തിന്റേയും ആയുസ്സ് മുൻകൂട്ടി കണ ക്കാക്കപ്പെട്ടിരിക്കുന്നു. ഒരു നിശ്ചിത അവയവത്തിന്റെ മരണ നിരക്കിനേ ക്കാൾ എത്ര വേഗത്തിൽ അതിന്റെ വളർച്ചാനിരക്ക് വേണമെന്ന് അതിൽ തന്നെ വ്യക്തമായും പൂർവ്വകൽപ്പി തമാണ്. മാത്രമല്ല അതിന്റെ ആയുസ്സ് കണക്കാക്കി വളർച്ചയുടേയും മര ണത്തിന്റേയും നിരക്കിന്റെ ഗതി വേഗം അവികലമായ രീതിയിൽ പൊരു ത്തപ്പെടുത്തി നിർത്തിയിരിക്കുന്നു. അത് മരണത്തിന്റേ ഭാഗത്തേക്കാ ണ് ചായുന്നതെങ്കിൽ നിർമ്മാണാ ത്മകതയുടെ പ്രക്രിയയേക്കാൾ സം ഹാരാത്മകതയുടെ പ്രക്രിയക്ക് പ്രാ മുഖ്യം ലഭിക്കും. ഇതൊന്നും തന്നെ ആകസ്മികമായി സംഭവിക്കുന്നതല്ല.

ലേഖനം

# ബാബ ഗുരുനാനാക്ക്: ഒരു മുസ്‌ലിം സിദ്ധൻ

ഭാരതത്തിൽ ഹിന്ദു-മുസ്‌ലിം ഐക്യം ഊട്ടിയുറപ്പിക്കാൻ ആഗതനായ ഒരു ആത്മീയ കർമ്മ യോഗിയായിരുന്നു ഗുരു ബാബാ നാനാക്ക്. ഇസ്‌ലാംമതത്തെ പൂർണ്ണമായും ഗ്രഹിക്കുകയും സ്നേഹിക്കുകയും സൂഫീ സമ്പ്രദായത്തിൽ ജീവിക്കുകയും ചെയ്ത ബാബാനാനാക്ക് അനേകം ആത്മീയ സിദ്ധികളുള്ള ഒരു മഹാത്മാവായിരുന്നു. ബാബാ നാനാക്കിന്റെ മതപരമായ നിലപാടുകളെ കുറിച്ച് ഒരു ബ്രിട്ടീഷ് ക്രിസ്തീയ പുരോഹിതൻ എഴുതിയ ലേഖനം.

**അൻസാർ റാസ**

1865 മുതൽ 1884 വരെ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ഒരു ബ്രിട്ടീഷ് മിഷനറിയായിരുന്നു തോമസ് പാട്രിക് ഹ്യൂസ്. 'ഇസ്‌ലാമിന്റെ നിഘണ്ടു' (Dictionary of Islam) ഉൾപ്പെടെ നിരവധി പുസ്തകങ്ങൾ അദ്ദേഹം എഴുതി, ആ ഗ്രന്ഥത്തിൽ 'സിഖിസം' എന്ന ഒരു അനുബന്ധ ലേഖനം ചേർക്കുകയുണ്ടായി. ഇസ്‌ലാമിനെക്കുറിച്ചുള്ള ഒരു പുസ്തകത്തിൽ സിഖ് മതത്തെക്കുറിച്ചുള്ള ഒരു ലേഖനം ചേർക്കുന്നതിന് അദ്ദേഹം നൽകിയ വിശദീകരണം ഇതാണ്:


'.........സിഖ് മതം അതിന്റെ തുടക്കത്തിൽ മുഹമ്മദനിസവുമായി അടുത്ത ബന്ധപ്പെട്ടിരുന്നുവെന്നും ഹിന്ദുക്കളെ പ്രവാചകനിൽ വിശ്വസിച്ചവരുമായി വേർതിരിക്കുന്ന വിടവ് നികത്തുന്നതിനുള്ള ഒരു മാർഗമായിട്ടാണ് ഈ മതം ഉദ്ദേശിച്ചതെന്നും ഈ ലേഖനം സമർത്ഥിക്കുന്നു.'

വാഗ്ദത്ത മസീഹ് 'സത് ബച്ചൻ' (സത്യവചനം) എന്ന തന്റെ പുസ്തകത്തിൽ റെവറന്റ് ഹ്യൂസിന്റെ ഈ കൃതിയെക്കുറിച്ച് പ്രതിപാതിക്കുന്നുണ്ട്:

'സിഖുകാർ നടത്തുന്ന ചില പത്രങ്ങൾ ഈ പുസ്തകം ചില ദുരുദ്ദേശ്യത്തോടെ മത വികാരങ്ങളെ വ്രണപ്പെടുത്തുന്നതിന് എഴുതിയതാണെന്ന തെറ്റിദ്ധാരണ പ്രചരിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ ഈ പുസ്തകം എല്ലാ നല്ല സദുദ്ദേശ്യത്തോടെ സമഗ്രമായ ഗവേഷണത്തിനുശേഷമാണ് എഴുതിയതാണ്. ഈ പുസ്തകത്തിന്റെ അടിസ്ഥാന ലക്ഷ്യം അദ്ദേഹത്തിന്റെ മഹത്തായ ഭക്തിയും ആത്മീയതയും എടുത്തു കാണിക്കുക എന്നതാണ്. അദ്ദേഹം ഹിന്ദു വേദങ്ങളിൽ നിന്ന് പൂർണ്ണമായും വേർപിരിഞ്ഞു. ഇസ്‌ലാം അവതരിപ്പിച്ച ദൈവം, മഹത്വം, ശക്തി, വിശുദ്ധി എന്നിവയാൽ വിളങ്ങുന്നുവെന്നും സർവ്വശക്തനാണെന്നും അദ്ദേഹം കണ്ടെത്തി. അദ്ദേഹത്തിന്റെ മഹിതമായ ഭക്തി കൊണ്ട് ഇസ്‌ലാമിലുള്ള തന്റെ വിശ്വാസം അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. കാരണം, അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ വ്യക്തമായ കാരണങ്ങളും തെളിവുകളും നാം പ്രസ്താവിച്ചു. നിരവധി ബ്രിട്ടീഷ് പണ്ഡിതരും ഈ വീക്ഷണത്തെ പിന്തുണച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഗുരുബാബ നാനാക്ക് ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടുവെന്ന് വ്യക്തമായി പറയുന്ന റെവറന്റ് ഹ്യൂസിന്റെ നിഘണ്ടുവിൽ (പേജ് 583-591) നിന്നുള്ള ഭാഗങ്ങൾ ഈ പുസ്തകത്തിൽ ഞങ്ങൾ ഉൾപ്പെടുത്തിയത്. *(സത്ത് ബച്ചൻ, റുഹാനി ഖസാഇൻ, വാല്യം-10, പേജ്.112)*

### ബാബാനാനാക്കും ഹദ്റത്ത് അഹ്മദും(അ)

ഹിന്ദുക്കളിലെ 'ആര്യ സമാജ്' വിഭാഗത്തിന്റെ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി തന്റെ



തോമസ് പാട്രിക് ഹ്യൂസ്

'സത്യാർത്ഥ പ്രകാശ' എന്ന പുസ്തകത്തിൽ ബാബ നാനാക്കിനെതിരെ ഉന്നയിച്ച ആരോപണങ്ങളെ നിരാകരിച്ചുകൊണ്ട് അദ്ദേഹത്തിനെ കുറിച്ചുള്ള പാരമ്പര്യ കഥകളുടെ നിജസ്ഥിതി വ്യക്തമാക്കുകയും, അദ്ദേഹം ഒരു മുസ്‌ലിം സിദ്ധനാണെന്ന് കൂടുതൽ തെളിവുകൾ നിരത്തിക്കൊണ്ട് 1895-ൽ വാഗ്ദത്ത മസീഹ്(അ) ഈ പുസ്തകം എഴുതുകയുമുണ്ടായി. വാഗ്ദത്ത മസീഹി(അ) ന്റെ ലക്ഷ്യവും ദൗത്യവും കൂടുതൽ സുവ്യക്തമാവുന്നതിന് അദ്ദേഹം ഉദ്ധരിച്ച ആധികാരിക ഉറവിടങ്ങൾ അടുത്ത തലമുറകൾക്ക് മുന്നിൽ അവതരിപ്പിക്കുന്നത് പ്രസക്തമാണ്.

ഈ എളിയ ശ്രമത്തിൽ, റെവറന്റ് ഹ്യൂസ് തന്റെ 'ഡിക്ഷണറി ഓഫ് ഇസ്‌ലാം' എന്ന പുസ്തകത്തിൽ എഴുതിയ 'സിഖിസം' എന്ന ലേഖനത്തിൽ നിന്നുള്ള

പ്രസക്ത ഭാഗങ്ങൾ ഈ വിഷയ ത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി ഇവിടെ ഉദ്ദരി ക്കാം. മുകളിൽ പറഞ്ഞതുപോലെ, വാഗ്ദത്ത മസീഹ്[അ] തന്റെ പുസ്തകത്തിൽ ബാബ നാനാക്കിന്റെ ജീവിതത്തിലെ മൂന്ന് വശങ്ങൾ ചർച്ച ചെയ്യുന്നുണ്ട്:

- സ്വാമി ദയാനൻ ഉന്നയിച്ച ആരോപണങ്ങൾക്കുള്ള നിരാകരണം.

'അദ്ദേഹത്തിന്റെ ജീവചരിത്ര ത്തിൽ നിന്ന് മിത്തുകളും അന്ധ വിശ്വാസ ജഡിലമായ കഥകളും വിപാടനം ചെയ്യൽ.


- ബാബ നാനാക്ക് ഒരു മുസ്‌ലിം സിദ്ധനാണെന്ന് തെളിയിക്കൽ.
- റെവറന്റ് ഹ്യൂസ് ബാബാ നാനാക്കിനെ വിലയിരുത്തുന്നു.

ഈ ലേഖനത്തിൽ, മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ഒന്ന് മാത്ര മേ ഇവിടെ ചർച്ച ചെയ്യുന്നുള്ളൂ, അതായത്, 'ബാബ നാനാക്ക് ഒരു മുസ്‌ലിം സിദ്ധനായിരുന്നു' എന്ന വിഷയം.

ആമുഖത്തിൽ, ബാബ നാനാക്ക് ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കു മിടയിൽ ഇടയിൽ ഒരു ഒരു പാലം സൃഷ്ടിക്കാനും അവർക്കിടയിൽ രമ്യമായ സഹവർത്തിത്വം സ്ഥാ പിക്കാനും ഉദ്ദേശിച്ചിരുന്നുവെന്ന് റെവറന്റ് ഹ്യൂസ് എഴുതുന്നു:

'സിഖ് മതത്തിന്റെ സാഹിത്യവും പാരമ്പര്യങ്ങളും ഹിന്ദു, മുഹമ്മ ദീയ ആശയങ്ങളുടെ വിചിത്രമായ സങ്കലനമായിട്ടാണ് അവതരിപ്പിച്ചി രിക്കുന്നത്. ഇത് വളരെ സ്പഷ്ടവും വ്യക്തവുമാണ്. ഉപരിപ്ലവമായ ഒരു അന്വേഷകനുപോലും നാനാക്ക് തന്റെ വിശ്വാസപ്രമാണം ആ രണ്ട് മഹത്തായ മതങ്ങൾ തമ്മിലുള്ള ഒരു പരസ്പര സങ്കലനമായിരുന്നു ബോധപൂർവ്വം ഉദ്ദേശിച്ചിരുന്നുവെന്ന നിഗമനത്തിലെത്താൻ സാധിക്കു ന്നതാണ്.

ആദ്യകാല സിഖ് പാരമ്പര്യങ്ങളെ



"Chola Baba Nanak" from Duri-Sameen

ചോലാ ബാബാ നാനാക്ക് ഗുരുനാനാക്കിന്റെ വസ്ത്രം

സൂക്ഷ്മമായി പരിശോധിച്ചാൽ, നാനാക് ഹിന്ദുമതത്തിനും മുഹ മ്മദനിസത്തിനും ഇടയിലുള്ള ഒരു ഒത്തുതീർപ്പിനാണ് ഉദ്ദേശി ച്ചിരുന്നതെന്ന നിഗമനത്തിലേക്ക് ശക്തമായി വിരൽ ചൂണ്ടുന്നു. ഒരു മുഹമ്മദീയ വിഭാഗത്തിൽപെട്ട മത മായി പോലും അതിനെ വിശേഷി പ്പിക്കാൻ കഴിയില്ലെങ്കിൽ പോലും. ആദ്യകാല സിഖ് ഗുരുക്കന്മാരുടെ വീക്ഷണങ്ങളെക്കുറിച്ച് വളരെക്കു റച്ച് മാത്രമേ അറിയൂ. ഡോ. ട്രംപ് മുന്നോട്ടുവച്ച അഭിപ്രായങ്ങളുമായി ചേർത്തുവെച്ചാൽ ഇസ്‌ലാമുമായി ബന്ധപ്പെട്ട സിഖ് മതത്തിന്റെ പ്രാ ധാന്യം വെളിപ്പെടുത്തേണ്ടത് ആവ ശ്യമാണെന്ന് തോന്നുന്നു. കാര ണം രണ്ട് വിശ്വാസങ്ങൾക്കിടയിൽ യഥാർത്ഥത്തിൽ നിലനിന്നിരുന്ന ബന്ധം ആധികാരികമായി സ്ഥാപി ക്കേണ്ടത് ആവശ്യമാണ്. ഈ ലേ ഖനത്തിൽ നൽകിയിരിക്കുന്ന വി വരങ്ങൾ പ്രധാനമായും പഞ്ചാബി പുസ്തകങ്ങളിൽ നിന്നും (ഇന്ത്യ ഓഫീസ് ലൈബ്രറി) കൈയ്യെ ഴുത്തുപ്രതികളിൽ നിന്നുമാണ് എടുത്തിരിക്കുന്നത്. സിഖുകാരു ടെ പവിത്ര നിയമസംഹിതയായ ആദി ഗ്രന്ഥിന്റെ ആധികാരികത ഇതിനെ പിന്തുണയ്ക്കുന്നു.

സിഖ് മതത്തിന്റെ ഉത്ഭവത്തെക്കുറിച്ച്, അത് സൂഫിസത്തിൽ നിന്നാണ് ഉണ്ടായതെന്നും ബാബ നാനാക് തന്നെ ഒരു സൂഫിയായിരുന്നുവെന്നും റെവറന്റ് ഹ്യൂസിന് ഉറപ്പുണ്ട്. അദ്ദേഹം എഴുതുന്നു:

**സൂഫി സ്വാധീനം**

'ജനം-സാക്കി' അഥവാ നാനാകിന്റെയും അനുയായികളുടെയും ജീവചരിത്ര രേഖകൾ സിഖ് മതത്തിന്റെ ഉത്ഭവത്തിലേക്കും വികാസത്തിലേക്കും വലിയ തോതിൽ വെളിച്ചം വീശുന്ന കൗതുകകരമായ പാരമ്പര്യങ്ങളുടെ ഒരു സമൃദ്ധി അവ ഉൾക്കൊള്ളുന്നു. ഈ പഴയ പുസ്തകങ്ങളിൽ നിന്നും നാനാക്ക് ജന്മം കൊണ്ട് ഒരു ഹിന്ദുവായിരുന്നെങ്കിലും പിന്നീട് സൂഫി സ്വാധീനത്തിന് കീഴിലായിരുന്നു അദ്ദേഹം ജീവിച്ചിരുന്നത്. വടക്കേ ഇന്ത്യയിൽ ചിതറിക്കിടക്കുകയും പഞ്ചാബിൽ തിങ്ങിപ്പാർക്കുകയും ചെയ്ത ഫഖീറുകളുടെ സാത്വിക സ്വഭാവത്താൽ വിചിത്രമെന്ന് പറയട്ടെ അദ്ദേഹം ആകർഷിക്കപ്പെടുകയാണ് ഉണ്ടായതെന്ന് നമുക്ക് മനസ്സിലാക്കാം. അതിനാൽ, മുഹമ്മദാനിസം ഗ്രസിച്ച ഏതൊരു ഹിന്ദുവും സൂഫിസത്തിന്റെ ചില അടയാളങ്ങൾ കാണിക്കുമെന്ന് കരുതാവുന്നതാണ്. സിഖ് ഗുരുക്കന്മാർ പ്രബോധനം ചെയ്ത ആശയങ്ങൾ വ്യക്തമായും സൂഫിസമായിരുന്നു. , ആദ്യകാല ഗുരുക്കന്മാർ ഫഖീറുകളുടെ രീതികളും വസ്ത്രധാരണവും പരസ്യമായി സ്വീകരിച്ചുവെന്നും നമുക്ക് കാണാം, അങ്ങനെ മുഹമ്മദീയതയുടെ സൂഫീ പ്രതീകമായ ദിക്റ് ചെല്ലാനുള്ള ജപമാലയും കൈയ്യിലേന്തി സൂഫിസവുമായുള്ള ബന്ധം പ്രഖ്യാപിക്കുന്ന രീതിയിലുള്ള ചിത്രങ്ങളായിരുന്നു ആദ്യകാല സിഖു ഗുരുക്കന്മാർ കാഴ്ച്ച വെച്ചിരുന്നത്.


അഞ്ചാമത്തെ ഗുരുവായ ഗുരു അർജുനനാണ് സിദ്ധാന്തങ്ങളിൽ ഫഖീറിന്റെ വസ്ത്രധാരണം ആദ്യമായി വേണ്ടെന്ന് വെച്ചത്. പക്ഷേ എല്ലാ ഗുരുക്കന്മാരും സൂഫി പദങ്ങൾ ഇപ്പോഴും ഉപയോഗിച്ചിരുന്നതായി റെവറന്റ് ഹ്യൂസ് എഴുതുന്നു. സൂഫികളെപ്പോലെ, ഗുരു ഗ്രന്ഥും ദൈവത്തെ ഏക ദൈവമായും, സത്യമായും വെളിച്ചമായും, പ്രാണനാഥനായും സൂഫി സാഹിത്യത്തിലും ഗുരു ഗ്രന്ഥ് സാഹിബിലും കാണപ്പെടുന്നു. സമാനമായ മറ്റ് നിരവധി പദപ്രയോഗങ്ങളും കാണാം. അവ സമാഹാരിച്ച രീതി പോലും സൂഫി സ്വാധീനത്തിന്റെ ശ്രദ്ധേയമായ തെളിവാണെന്ന് റെവറന്റ് ഹ്യൂസ് പറയുന്നു. അദ്ദേഹം എഴുതുന്നു:

'പേർഷ്യൻ സ്വാധീനത്തിന്റെ മറ്റൊരു ശ്രദ്ധേയമായ തെളിവ് ആദി ഗ്രന്ഥിന്റെ രചനാ രൂപത്തിൽ തന്നെ കാണാം. ഇതിൽ ലഘു കവിതകളുടെ ഒരു സമാഹാരം അടങ്ങിയിരിക്കുന്നു, അവയിൽ പലതിലും കവിത രചിക്കുന്ന എല്ലാ വാക്യങ്ങളും അന്ത്യ പ്രാസത്തോടു കൂടിയ പേർഷ്യൻ ഗസലിന്റെ രചനാ സങ്കേതമുപയോഗിച്ചുകൊണ്ടുള്ളതാണ്. ഓരോ കവിതയുടെയും അവസാന വരിയിലും നാനാക്കിന്റെ പേര് ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വസ്തുതയാണ് സൂഫി സാമ്യത കൂടുതൽ ശ്രദ്ധേയമാക്കുന്നത്. കവിതകളുടെ അന്ത്യപ്രാസ ഘടന ആകസ്മികമാണെന്ന് ഒരിക്കലും പറയാൻ സാദ്ധ്യമല്ലാത്തയത്ര സ്ഥിരതയുള്ളതാണ്. ഗസലിന്റെ ശരിയായ രീതി അവലംബിച്ച് ഈ കവിതകൾ ഒരിക്കലും ഹിന്ദു കവിതാരചനാ ശൈലിയിലല്ല. പേർഷ്യൻ സൂഫിസത്തിന്റെ രചനാ ശൈലിക്കാണ് ഇത് കൃത്യമായും യോജിക്കുക. മുകളിൽ പറഞ്ഞ വസ്തുതകൾ സിഖ് മതത്തിന്റെ ഉത്ഭവത്തിൽ പേർഷ്യൻ സൂഫിസത്തിന്റെ കാലാകാലങ്ങളിലുള്ള സ്വാധീനമാണെന്ന് നിസ്സംശയം പറയാം'

ആദി ഗ്രന്ഥത്തിന്റെ തത്ത്വചിന്തയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ, സിഖ് മതവും സൂഫിസവും തമ്മിലുള്ള അടുത്ത



ബാബ ഗുരു നാനാക്



സുവർണ്ണ ക്ഷേത്രം, അമൃതസർ, പഞ്ചാബ്, ഉന്ത്യ

ബന്ധം ഇനിപ്പറയുന്ന വാക്കുകളിൽ സമ്മതിക്കുന്ന ഡോ. ട്രംപിനെ (ഗുരു ഗ്രന്ഥസാഹിബിന്റെ ആദ്യ വിവർത്തകൻ) റെവറന്റ് ഹ്യൂസ് ഉദ്ധരിക്കുന്നു:

'ഗ്രന്ഥ് ൽ നമുക്ക് കൂടുതൽ സ്ഥൂലവും സൂക്ഷ്മവുമായ ഒരു തരം സർവ്വേശ്വരവാദം വേർതിരിച്ചറിയാൻ കഴിയും.... സർവ്വേശ്വരവാദത്തിന്റെ ഈ നേരിയ പ്രതിചരായ സൂക്ഷ്മമായ ഭാവത്തിൽ പരമോന്നതനിൽ നിന്നുമാണ് സൃഷ്ടി ഉത്ഭവിക്കുന്നതെന്ന് സങ്കൽപ്പിക്കപ്പെടുന്നു (സൂഫി വ്യവസ്ഥയിലെ സർവ്വേശ്വരവാദം). അണുമാത്ര ദ്രവ്യം ഒന്നുകിൽ പരമാത്മാവിനെ പോലെ അതിൽ അന്തര്യാമിയായി അതോടൊപം ശാശ്വതമായിരിക്കുകയും അത് പലതായി രൂപപ്പെടുകയും കേവല ജ്യോതി (പ്രകാശം)യാൽ പല രൂപങ്ങളിലുമായി ഉജ്ജീവനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ പദാർത്ഥത്തിന്റെ യാഥാർത്ഥ്യം ഏറെക്കുറെ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. (സൂഫികൾ പറയുന്നത് പോലെ, ആ ദിവ്യ ജ്യോതി എല്ലാത്തിലുമുള്ള ഒരേയൊരു യഥാർത്ഥ സത്തയാണ്.' *(ആദി ഗ്രന്ഥ് വിവർത്തനത്തിന്റെ ആമുഖം)*

ഡോ. ട്രംപ് സിഖ് മതത്തിൽ ഇസ്‌ലാമിന്റെ സ്വാധീനം അംഗീകരിച്ചതായി റെവറന്റ് ഹ്യൂസ് തന്റെ ലേഖനത്തിൽ ഉദ്ധരിക്കുന്നു:

'സിഖ് ഗുരുക്കന്മാർ കഠിനമായി എതിർത്ത അദ്ധ്യാപനങ്ങൾ സിഖ്മതത്തിൽ നിശബ്ദമായി നടപ്പിലായതിൽ ഇസ്‌ലാമിന് വലിയ പങ്കുണ്ടായിരുന്നു എന്നത് അസംഭവ്യമായ കാര്യമല്ല.' *(ആദി ഗ്രന്ഥ് വിവർത്തനത്തിന്റെ ആമുഖം.)* എന്നിരുന്നാലും, നാനക്കിന്റെ അദ്ധ്യാപനങ്ങൾ വളരെ പ്രായോഗികവും ലളിതവുമായിരുന്നു. ജാപ്-ജി യിൽ നാനക്കിന്റെ അനുയായികൾ ദിവസവും സ്മരിക്കുന്നത് 'പുണ്യത്തിന്റെ അനുഷ്ഠാനമല്ലാതെ ഒരു ആരാധനയും ഉണ്ടാകില്ല.'

സൂഫികളുമായുള്ള ബന്ധത്തിന്റെ വ്യക്തമായ അവകാശവാദം മാത്രമല്ല അവരുടെ പ്രിയപ്പെട്ട നിരവധി പദങ്ങളുടെ സംയോജനവും ഈ ഗ്രന്ഥത്തിൽ കാണാം. ഗുരുഗ്രന്ഥ്ന്റെ പല ഭാഗങ്ങളും റവറന്റ് ഹ്യൂസ് ഉദ്ധരിക്കുന്നുണ്ട്:

ഗുരു ഗ്രന്ഥ് സാഹിബിന് പുറമേ, തന്റെ വാദം തെളിയിക്കാൻ റെവറന്റ് ഹ്യൂസ് ജനം-സാഖിയിൽ (ബാബ നാനകിന്റെ ജീവചരിത്രം) നിന്നുള്ള തെളിവുകളും അവതരിപ്പിക്കുന്നു. യുകെ യിൽ ലണ്ടനിലുള്ള ഇന്ത്യാ ഓഫീസ് ലൈബ്രറിയിൽ നിന്ന് കണ്ടെത്തിയ ഏറ്റവും പഴയ കൈയെഴുത്തുപ്രതികളിൽ നിന്നാണ് അദ്ദേഹം ഈ ജനം-സാഖി യെപറ്റി പഠിച്ചത്. അദ്ദേഹം എഴുതുന്നു:

'ജനം സാഖിയിൽ നാനക്കിന്റെ പാരമ്പര്യങ്ങൾ പൂർണ്ണമായും പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇസ്‌ലാമുമായുള്ള ബന്ധത്തി

ന് അനിഷേധ്യമായ തെളിവുകൾ അതിലുണ്ട്. അദ്ദേഹം ഒരു ഹിന്ദുവായി വേദി ഖത്രി ജാതിയിൽ ലാഹോറിന്നടുത്തുള്ള നങ്കാന എന്ന് വിളിക്കപ്പെടുന്ന സ്ഥലത്തെ ഒരു ഗ്രാമ അധികാരിയുടെ (പട്‌വാരി) മകനായി ജനിച്ചു. ആ സ്ഥലം ഇപ്പോൾ നാനാഖാന എന്നാണ് അറിയപ്പെടുന്നത്. തന്റെ ആദ്യകാലങ്ങളിൽ നാനക് ഫക്കീറുകളുടെ സമൂഹത്തെ തേടുകയും അവർക്ക് സേവനം ചെയ്യുന്നതിന് പല മാർഗ്ഗങ്ങളും ഉപയോഗിക്കുകയും ചെയ്തു. പ്രത്യേകിച്ച് ദാനധർമ്മങ്ങൾ കൊണ്ട് അവരെ സഹായിച്ചു. പതിനഞ്ചാം വയസ്സിൽ, പിതാവ് വ്യാപാരത്തിനായി നൽകിയ പണം ഇതിന്നായി അദ്ദേഹം ഉപയോഗിച്ചു. ഇത് ഫക്കീറുകളോടുള്ള സ്നേഹത്തിൽ നിന്ന് മുക്തനാകാൻ സുൽത്താൻ പൂരിലെ ഒരു ബന്ധുവിന്റെ അടുത്തേക്ക് അയയ്ക്കാൻ മാതാപിതാക്കളെ പ്രേരിപ്പിച്ചു.'*(രേഖ, ഇന്ത്യ ഓഫീസ് എം.എസ് നമ്പർ 1728, പേജ്. 29)* പുതിയ വീട്ടിലെ അദ്ദേഹത്തിന്റെ ആദ്യ പ്രവൃത്തി ദൗലത്ത് ഖാൻ ലോധി എന്ന മുഹമ്മദീയ നവാബിന്റെ സർവ്വീസിൽ ചേരുക എന്നതായിരുന്നു. അവിടുത്തെ സേവന കാലത്ത് തനിക്കായി ചെറിയ ഒരു തുക കരുതിവച്ച് തന്റെ മുഴുവൻ ശമ്പളവും അദ്ദേഹം ഫക്കീർമാർക്ക് നൽകുന്നത് തുടർന്നു. ഈ മുഹമ്മദീയ നവാബിന്റെ സേവനകാലത്ത് ദിവ്യ പ്രചോദിതമായ പല അനുഭവങ്ങളും നാനക്കിനുണ്ടായി.

അദ്ദേഹത്തിന്റെ ജീവിത പാരമ്പര്യ വിവരങ്ങളിൽ, നാനക് അംഗ ശുദ്ധി വരുത്താൻ നദിയിൽ പോയപ്പോൾ അദ്ദേഹം ശാരീരികമായി സ്വർഗ്ഗീയ കവാടങ്ങളിലേക്ക് മാറ്റപ്പെട്ടതായി പറയുന്നു. 'അപ്പോൾ (ദൈവത്തിന്റെ) കൽപനപ്രകാരം അമൃതത്തിന്റെ (ജീവജലത്തിന്റെ) ഒരു പാത്രം (കുംഭം) അദ്ദേഹത്തിന് നൽകപ്പെട്ടു. ഈ കുംഭത്തിലെ അമൃതം എന്റെ നാമത്തിലുള്ള പാനപാത്രമാണ്. നീ അത് കുടിക്കുക' എന്നതായിരുന്നു ആ കൽപ്പന. തുടർന്ന് ഗുരു നാനാക്ക് ദൈവത്താൽ അഭിവാദ്യം ചെയ്യപ്പെടുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്തു. സർവ്വാതിനാഥൻ (സാഹിബ്) കരുണ കാണിച്ചുകൊണ്ട് (പറഞ്ഞു) 'നാനാക്, ഞാൻ നിന്നോടൊപ്പമുണ്ട്, ഞാൻ നിന്നെ സന്തോഷിപ്പിച്ചു. നീ പോവുക, എന്റെ നാമം ആവർത്തിക്കുക. നിന്റെ പേര് സ്വീകരിക്കുന്നവരെല്ലാം എന്നെക്കൊണ്ട് സന്തുഷ്ടരാകും. നീ ചെന്ന് എന്റെ പേര് ആവർത്തിക്കുക. മറ്റുള്ളവരെ അത് ആവർത്തിക്കാൻ പ്രേരിപ്പിക്കുക. ലോകത്തിൽ നിന്ന് മലിനമാകാതെ നീ ശുദ്ധനായി തുടരുക. നാമത്തിലും ദാനധർമ്മത്തിലും സ്നാനത്തിലും ശുശ്രൂഷയിലും എന്റെ നാമം സ്മരിക്കുന്നതിലും (സ്ഥിരചിത്തനായി നിൽക്കുക) എന്റെ നാമം ഞാൻ നിനക്കു തന്നിരിക്കുന്നു. നീ ഈ പ്രവൃത്തി ചെയ്യുവീൻ.' (പേജ്. 33)

ഇവിടെ നമുക്ക് സൂഫികളോട് സാമ്യമുള്ള ആശയങ്ങളുണ്ട്. അവർ ദിക്ർ എന്ന് വിളിക്കുന്ന ദൈവനാമത്തിന്റെ ആവർത്തനത്തിനും മതപരമായ അംഗശുദ്ധീകരണത്തിനും (വുളു) ദൈവത്തിന്റെ ഏകത്വത്തെ (വഹ്ദാനിയത്തിൽ) ധ്യാനിക്കുന്നതിനും ധ്യാനലീനിതനായി ഇരിക്കുന്നതിലും വളരെയധികം ഊന്നൽ നൽകുന്നു.

ബാബ നാനക്കിനെ അദ്ദേഹത്തിന്റെ തൊഴിലുടമ വിളിച്ചുവരുത്തി. അദ്ദേഹത്തിന്റെ പ്രസ്താവനകളെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഈ അനുഭവത്തിന് ശേഷമുള്ള സംഭവങ്ങൾ റെവറന്റ് ഹ്യൂസ് കൂടുതൽ പ്രസ്താവിക്കുന്നു. തുടർന്ന് ബാബാ നാനാക് മുഴുവൻ സഭയോടൊപ്പം പ്രാർത്ഥന നടത്തിയെന്നും ബാബാ നാനാക് മുസ്‌ലിമായി തീർന്നുവെന്ന വാർത്ത പട്ടണത്തിൽ പ്രചരിച്ചതായും പറയപ്പെടുന്നു.

**ബാബാ നാനാക്ക് നവാബിന്റെ സേവകനായി.**

അധികം താമസിയാതെ നാനാക് തന്റെ മാനസികാവസ്ഥയിൽ നിന്ന് മോചിതനായ ഉടൻ തന്നെ തന്റെ ഭാവി സമ്പ്രദായത്തിന്റെ പ്രശസ്തമായ താക്കോൽ വാചകം ഉരുവിട്ടു തുടങ്ങി. 'ഇവിടെ ഹിന്ദുക്കളില്ല, ഇവിടെ മുസ്‌ലിംകളില്ല.' (പേജ്. 36) ജനം-സാഖി തുടർന്ന് ഇങ്ങനെ പറയുന്നു, 'ആളുകൾ ഖാന്റെ (അദ്ദേഹത്തിന്റെ മുൻ തൊഴിലുടമ) അടുത്തേക്ക് പോയി പറഞ്ഞു, 'ബാബ നാനാക്ക് പറയുന്നു, ഹിന്ദുക്കളില്ല, മുസ്കളില്ല' ഖാൻ മറുപടി നൽകി, 'അദ്ദേഹത്തിന്റെ പ്രസ്താവന പരിഗണിക്കരുത്, അദ്ദേഹം ഒരു ഫക്കീറാണ്'. അടുത്തിരുന്ന ഒരു ഖാസി പറഞ്ഞു: ' ഓ ഖാൻ! ഹിന്ദുവും മുസ്‌ലിമും ഇല്ലെന്ന് അദ്ദേഹം പറയുന്നത് അതിശയകരമാണ്. തുടർന്ന് ഖാൻ ഒരു പരിചാരകനോട് നാനാക്കിനെ വിളിക്കാൻ പറഞ്ഞു, എന്നാൽ ഗുരു നാനാക്ക് പറഞ്ഞു, 'ഖാനുമായി എനിക്ക് എന്താണ് ബന്ധം?' അപ്പോൾ ജനങ്ങൾ പറഞ്ഞു, 'ഈ വിഡ്ഢിക്ക് ഭ്രാന്തായി'. അപ്പോൾ ബാബ (നാനക്) നിശബ്ദനായിരുന്നു. അദ്ദേഹം അപ്പോഴും 'ഹിന്ദുക്കളില്ല, മുസ്‌ലീങ്ങളില്ല' എന്ന പ്രസ്താവന ആവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ഖാസി പറഞ്ഞു, 'ഖാൻ, അദ്ദേഹം പറയുന്നത് ശരിയല്ലേ?, ഹിന്ദുവില്ല, മുസ്‌ലിമുമില്ല.'എന്ന് അപ്പോൾ ഖാൻ പറഞ്ഞു, 'പോയി അവനെ കൊണ്ടുവരൂ'. പരിചാരകൻ പോയി പറഞ്ഞു, 'സർ, ഖാൻ താങ്കളെ വിളിക്കുന്നു' ഖാൻ പറഞ്ഞു: ' അല്ലയോ ഭവാൻ, ദൈവത്തിനുവേണ്ടി എനിക്ക് ഒരു അഭിമുഖം നൽകുക (പഞ്ച് അജ് ബാരാ ഖുദാ, ഐ ദിദാൻ ഐ = പേർഷ്യനിൽ അസ് ബാരാ ഐ ഖുദാ) എനിക്ക് താങ്കളെ കാണണം'. അപ്പോൾ ഗുരു നാനാക്ക് എഴുന്നേറ്റ് കൊണ്ട് പറഞ്ഞു: 'ഇപ്പോൾ എന്റെ നാഥന്റെ

(സാഹെബ്) വിളി വന്നു, ഞാൻ പോകും' എന്ന് പറഞ്ഞു. കഴുത്തിൽ ഒരു വടി തൂക്കികൊണ്ട് അദ്ദേഹം പോയി. ഖാൻ പറഞ്ഞു: 'നാനക്, ദൈവത്തിനുവേണ്ടി കഴുത്തിൽ നിന്ന് ആ വടി നീക്കം ചെയ്യുക, അരയിൽ കെട്ടിയിടുക. താങ്കൾ ഒരു നല്ല ഫക്കീറാണ്' തുടർന്ന് ഗുരു നാനാക്ക് കഴുത്തിൽ നിന്ന് വടി എടുത്ത് അരയിൽ കെട്ടിയിട്ടു. ഖാൻ പറഞ്ഞു, 'ഓ നാനക്, താങ്കളെപ്പോലുള്ള ഒരു കാര്യസ്ഥൻ ഒരു ഫക്കീർ ആകുന്നത് നിർഭാഗ്യകരമാണ്'. അപ്പോൾ ഖാൻ ഗുരു നാനാക്കിനെ തന്റെ അടുത്ത് ഇരുത്തി പറഞ്ഞു: 'ഖാസി, നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കണമെങ്കിൽ ഇപ്പോൾ ചോദിക്കുക; അല്ലാത്ത പക്ഷം ഇയാൾ ഇനി ഒരു വാക്ക് പോലും സംസാരിക്കില്ല'. ഖാസി സൗഹൃദത്തോടെ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു: 'നാനക്,' ഹിന്ദുക്കളില്ല, മുസ്‌ലിംകളില്ല ' എന്നതുകൊണ്ട് താങ്കൾ എന്താണ് അർത്ഥമാക്കുന്നത്?' നാനക് മറുപടി നൽകി: 'ഒരു മുസ്‌ലിമായി സ്വീകരിക്കപ്പെടുക എന്നത് ബുദ്ധിമുട്ടാണ്; ഒരാൾ മുസ്‌ലിമാണെന്ന് വിളിക്കണമെങ്കിൽ ഒന്നാമതായി, മതത്തെ (ദീൻ) മധുരമാക്കിമാറ്റണം. അവൻ സമ്പത്ത് ഉപേക്ഷിക്കണം. ഈ രീതിയിൽ മതത്തിൽ (ദീൻ) ഉറച്ചുനിൽക്കുമ്പോൾ മരണവും ജീവിതവുമായുള്ള വ്യത്യാസം അവസാനിക്കുന്നു.'*(എം എസ്, 2484, പേജ്. 84)*. നാനാക്ക് ഈ വാക്യം ഉച്ചരിച്ചപ്പോൾ ഖാസി അമ്പരന്നു. ഖാൻ പറഞ്ഞു:' ഓ, ഖാസി, അദ്ദേഹത്തെ ചോദ്യം ചെയ്യുന്നത് തെറ്റാവില്ലേ? ഉച്ചകഴിഞ്ഞ് പ്രാർത്ഥനയുടെ സമയം വന്നെത്തി. എല്ലാവരും എഴുന്നേറ്റ് നമസകാരത്തിന് മസ്ജിദിലേക്ക് പോയി. ബാബയും (നാനക്ക്) അവരോടൊപ്പം പോയി. ഖാസിയുടെ ചിന്തകൾ അന്തർദൃഷ്ടി കൊണ്ട് വായിച്ച് നാനക് തന്റെ അമാനുഷിക ശക്തി പ്രകടിപ്പിച്ചു. 'അപ്പോൾ ഖാസി വന്ന് കാലിൽ വീണു, 'അത്ഭുതം, അത്ഭുതം! ഇതിൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്'. അപ്പോൾ ഖാസി വിശ്വസിച്ചു. നാനാക് ഒരു ശ്ലോകം ഉരുവിട്ടു: 'ഒരു യഥാർത്ഥ മുസ്‌ലിം സ്വയം ശുദ്ധീകരിക്കുന്നു. (അവൻ) ആത്മാർത്ഥതയും ക്ഷമയും സംസാരശുദ്ധിയും ഉള്ളവനായിരിക്കും', നിവർന്നിരിക്കുന്നവനായിരിക്കും. അവൻ ആരെയും ശല്യപ്പെടുത്തുന്നില്ല. അവൻ മരിച്ചവനെ പോലെ കിടക്കും ആഹരിക്കില്ല. ഓ നാനക്! ആ മുസ്‌ലിം സ്വർഗ്ഗസ്ഥനാകുന്നു.'. ബാബ ഈ ശ്ലോകം ഉച്ചരിച്ചപ്പോൾ സയ്യിദുകൾ, ഷെയ്ഖുകളുടെ മക്കൾ, ഖാസി, മുഫ്തി, ഖാൻ, തലവന്മാർ, നേതാക്കൾ എന്നിവർ അത്ഭുതപ്പെട്ടു. ഖാൻ പറഞ്ഞു: 'ഖാസി, നാനാക്ക് സത്യത്തിൽ എത്തിച്ചേർന്നിരിക്കുന്നു. അധിക ചോദ്യം ചെയ്യുന്നത് തെറ്റാണ്.'ബാബ നോക്കുന്നിടത്തെല്ലാം എല്ലാവരും അദ്ദേഹത്തെ അഭിവാദ്യം ചെയ്യുകയായിരുന്നു. ബാബ ഏതാനും ശ്ലോകങ്ങൾ പാരായണം ചെയ്തപ്പോൾ ഖാൻ വന്ന് അദ്ദേഹത്തിന്റെ കാൽക്കൽ വീണു. അപ്പോൾ ഹിന്ദുക്കളും മുസ്‌ലിംകളും ഖാനോട് ദൈവം (ഖുദാ) നാനാക്കിലാണ് സംസാരിക്കുന്നതെന്ന് പറയാൻ തുടങ്ങി. *(ഇന്ത്യ ഓഫീസ് എം. എസ്. 1728, ഫോൾ. 36-4 എൽ)*

മേൽപ്പറഞ്ഞവയിൽ നിന്ന് ഇത് തികച്ചും വ്യക്തമാണ്, നാനാക്കിന്റെ അടുത്ത പിൻഗാമികൾ അദ്ദേഹം മുഹമ്മദീയവാദത്തോട് വളരെ അടുത്തുവെന്ന് വിശ്വസിച്ചിരുന്നു. രേഖകളുടെ കാര്യത്തിൽ അവരുടെ വീക്ഷണത്തിന്റെ സൂക്ഷ്മതയും രേഖയുടെ സമകാലിക സ്വഭാവവും മതത്തിൽ തന്നെയുള്ള സ്ഥിരീകരണ തെളിവുകളും പരിഗണിക്കുമ്പോൾ, ഈ അഭിപ്രായം തികച്ചും ശരിയാണ്. ഈ വിഷയത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിന്റെ കൃത്യതയെ നമുക്ക് സംശയിക്കാൻ കഴിയില്ല. മറ്റൊരു പ്രധാന വസ്തുത, നാനക് സ്വയം ദൈവദാസനായി സംസാരിക്കുമ്പോൾ, 'ഖുദാ' എന്ന പേർഷ്യൻ മുഹമ്മദൻ പദമാണ് ഉപയോഗിക്കുക. എന്നാൽ അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവ് ജയറാം ദൈവത്തെക്കുറിച്ച് സംസാരിക്കുമ്പോൾ 'പരമേശ്വരൻ' എന്ന ഹിന്ദു പദമാണ് ഉപയോഗിക്കുന്നത്. നാനാക്കിന്റെ യുക്തിയും ഭക്തിയും മുഹമ്മദീയരാൽ സ്വാധീനിക്കപ്പെട്ടതാണ്. അവർ അദ്ദേഹത്തെ പരസ്യമായി മുസ്‌ലിംകളുടെ പള്ളിയിലേക്ക് അനുഗമിക്കുകയും അതുവഴി അദ്ദേഹം യഥാർത്ഥത്തിൽ ഇസ്‌ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടുവെന്ന് വിശ്വസിക്കാൻ തന്റെ ഹിന്ദു അയൽക്കാരെയും സുഹൃത്തുക്കളെയും പ്രേരിപ്പിക്കുകയും ചെയ്തു. ആ വിധത്തിൽ ഇസ്‌ലാമിനോട് അദ്ദേഹം പക്ഷപാതം കാണിക്കുന്നുവെന്നും ശ്രദ്ധിക്കപ്പെടുന്നു. തീർച്ചയായും, എല്ലാവരുടെയും ഏറ്റവും ശ്രദ്ധേയവും പ്രകടിതമായ അദ്ദേഹത്തിന്റെ ആവിഷ്കാരം 'ഇവിടെ ഒരു ഹിന്ദുവും ഇല്ല മുസ്‌ലിമുമില്ല.' എന്ന ഉറച്ചതും ആവർത്തിച്ചുള്ളതുമായ പ്രഖ്യാപനമാണ്. ഈ രണ്ട് വിശ്വാസങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഇല്ലാതാക്കാനും അവ രണ്ടിനെയും മറികടക്കുന്ന മൂന്നാമത്തെ സമ്പ്രദായം സ്ഥാപിക്കുക എന്നത് നാനാക്കിന്റെ നിശ്ചയദാർഢ്യമായിരുന്നു എന്നല്ലാതെ മറ്റൊന്നും ഇതിന് അർത്ഥമാക്കാൻ കഴിയില്ല.

### ബാബാ ഫരീദുമായി ബാബാ നാനാക്കിനുള്ള ബന്ധം

മുസ്‌ലിം ദർവേഷുകളെ കണ്ടുമുട്ടുമ്പോൾ, ഗുരു നാനാക്ക് അവരെ 'അസലാമു അലൈക്കും (അസ്സലാമു അലൈകം) എന്ന ഇസ്‌ലാമിക ആശംസയോടെ അഭിവാദ്യം ചെയ്യുകയും 'വ അലൈക്കുമുസ്സലാം'

എന്ന പ്രത്യഭിവാദ്യം തിരികെ സ്വീകരിക്കുകയും ചെയ്തിരുന്നുവെന്ന് റെവറന്റ് ഹ്യൂസ് എഴുതുന്നു. പന്ത്രണ്ട് വർഷം നീണ്ടുനിന്ന ഗുരുനാനാക്കിന്റെ ശൈഖ് ഫരീദുമായുള്ള അടുത്ത ബന്ധത്തെക്കുറിച്ച് റെവറന്റ് ഹ്യൂസ് വിവരിക്കുന്നു. ചിലപ്പോൾ ഈ ഷെയ്ഖ് ഫരീദിനെ, ഗുരുനാനാക്കിനെക്കാൾ വളരെ മുമ്പ് അന്തരിച്ച ബാബ ഫരീദ് ഷക്കർ-ഗഞ്ച് എന്ന് തെറ്റിദ്ധരിക്കാറുണ്ട്. റെവറന്റ് ഹ്യൂസ് എഴുതുന്നു:

'നാനക്ക് കണ്ടെത്തിയ ഏറ്റവും പ്രധാനപ്പെട്ട കൂട്ടാളി, നിസ്സംശയമായും, ഷെയ്ഖ് ഫരീദ് ആയിരുന്നു. ഈ കർക്കശക്കാരനായ മുഹമ്മദീയൻ നാനക്കിന്റെ ഏറ്റവും വിശ്വസ്തനായ സുഹൃത്തും അനുയായിയുമായി. മറ്റെല്ലാ പാരമ്പര്യങ്ങളും പരാജയപ്പെട്ടിരുന്നെങ്കിൽ, ആദ്യകാല സിഖ് മതത്തിന്റെ സ്വഭാവം സ്ഥാപിക്കാൻ ഇത് മാത്രം മതിയാകുമായിരുന്നു. ഈ പ്രശസ്തരായ വ്യക്തികളുടെ ആദ്യ ആശംസ വളരെ പ്രാധാന്യമർഹിക്കുന്നതാണ്, ഷെയ്ഖ് ഫരീദ് വിളിച്ചുപറഞ്ഞു, 'അല്ലാഹുവേ, അല്ലാഹുവേ, ഓ ദർവേഷ്' ഈ വിളിക്ക് നാനാക്ക് മറുപടി പറഞ്ഞു: 'ഓ ഫരീദ്, എന്റെ ശ്രമങ്ങളുടെ യെല്ലാം ലക്ഷ്യം അല്ലാഹുവാണ്, വരൂ, ശൈഖ് ഫരീദ്, അല്ലാഹു, അല്ലാഹു (അവൻ മാത്രം) എന്റെ ലക്ഷ്യം അവൻ മാത്രമാണ്.' മൂലത്തിലെ വാക്കുകൾ 'അല്ലാഹു, ഫരീദ്, ജുഹ്ദി; ഹമേശാ ഓ, ശൈഖ് ഫരീദ്, ജുഹ്ദി അല്ലാഹ് അല്ലാഹ്' *(ഇന്ത്യ ഓഫീസ് എം.എസ്. നമ്പർ 1728; പേജ്. 86.)* 'ജുഹ്ദി' എന്ന അറബി പദത്തിന്റെ ഉപയോഗം അദ്ദേഹം അല്ലാഹുവിനുവേണ്ടിയുള്ള അന്വേഷണത്തിന്റെ സകല ഊർജ്ജവും ഉപയോഗിക്കുന്നു എന്നാണ്. ഇവിടെ മുഴുവൻ പദപ്രയോഗവും തീർച്ചയായും മുഹമ്മദീയമാണ്.

ഈ രണ്ട് ശ്രദ്ധേയരായ വ്യക്തികൾക്കിടയിൽ പെട്ടെന്ന് ഒരു അടുപ്പം ഉടലെടുത്തു. അടുത്ത പന്ത്രണ്ട് വർഷത്തേക്ക് നാനാക്കിന്റെ എല്ലാ യാത്രകളിലും ശൈഖ് ഫരീദ് അദ്ദേഹത്തെ അനുധാവനം ചെയ്തു. ഹിന്ദുമതത്തിനും ഇസ്ലാമിനും ഇടയിൽ ഉദ്ദേശിച്ച ഒരു അനുരഞ്ജനത്തിന്റെ ഭാഗമായി മാത്രമല്ല. ശൈഖ് ഫരീദ് രചിച്ച 142 ശ്ലോകങ്ങളിൽ കുറയാത്തത് ആദി ഗ്രന്ഥിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ശ്ലോകങ്ങളുടെ കൂടുതൽ പരിശോധന ഈ രണ്ട് മതങ്ങളുടെയും വ്യത്യസ്ത ധാരകൾ സംയോജിപ്പിക്കാൻ നാനാക്ക് നടത്തിയ ശ്രമങ്ങളുടെ നിദർശനമായി കാണാം. ഒരു യഥാർത്ഥ സൂഫിയുടെ രചനകൾ സിഖുകാരുടെ പ്രാമാണിക ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയതും അവയിൽ ഹിന്ദു, മുഹമ്മദീയ ആശയങ്ങളുടെ വ്യക്തമായ മിശ്രണമുണ്ടായതും നാനാക്കും അദ്ദേഹത്തിന്റെ പിൻഗാമികളും ഈ മിശ്രിണത്തിൽ ഒരു പൊരുത്തക്കേടും കണ്ടിരുന്നില്ല. ഇത് ഹിന്ദു മുസ്ലിം മിശ്രണത്തിന്റെ നിർണായക തെളിവാണ്. നാനാക്കും സുഹൃത്ത് ഷെയ്ഖ് ഫരീദും ഒരുമിച്ച് യാത്ര ചെയ്യാൻ തുടങ്ങിയയുടനെ, അവർ ബിസിയാർ എന്ന സ്ഥലത്ത് എത്തിയതായി പറയപ്പെടുന്നു, അവിടെയെല്ലാം ആളുകൾ പോയ ഉടൻ തന്നെ അവർ നിന്നിരുന്ന എല്ലാ സ്ഥലങ്ങളിലും ചാണകം തളിക്കുകയുണ്ടായി. *(ഇന്ത്യൻ ഓഫീസ് എം എസ് 1728, പേജ്. 94).* ഇതിന്റെ വ്യക്തമായ അർത്ഥം, നാനാക്കും കൂട്ടാളിയും സന്ദർശിച്ച എല്ലാ സ്ഥലങ്ങളും മലിനമായതായി യാഥാസ്ഥിതിക ഹിന്ദുക്കൾ കണക്കാക്കിയിരുന്നു എന്നതാണ്. ഹിന്ദുമതം അനുസരിച്ച് നാനാക്ക് ഒരു ഹിന്ദുവായി തുടർന്നിരുന്നെങ്കിൽ ഇത് ഒരിക്കലും സംഭവിക്കില്ലായിരുന്നു.

ബാബ നാനക്, മുസ്ലിമായ ഷെയ്ഖ് ഇബ്രാഹിമിനെ അഭിവാദ്യം ചെയ്യുകയും ദൈവത്തിന്റെ ഐക്യത്തെക്കുറിച്ചും അദ്ദേഹവുമായി ഒരു സംഭാഷണം നടത്തിയതിനെ കുറിച്ചും റെവറന്റ് ഹ്യൂസ് വിവരിക്കുന്നു. 'മിയാൻ മിത്ത, അദ്ദേഹത്തെ കലിമ യ്ക്കായി വിളിച്ചു, അത് ഒരു നീണ്ട സംഭാഷണത്തിലേക്ക് നയിക്കുന്നു, അതിൽ ബാബ നാനക് ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള സൂഫി സിദ്ധാന്തത്തിന് ഊന്നൽ നൽകിയാണ് സംസാരിച്ചത്. ഈ സംഭാഷണത്തിൽ, നാനാക് പറയുന്നു: 'ഖുർആൻ നടപ്പിൽ വരുത്തേണ്ടതുണ്ട്.' (പേജ് .144) 'നീതിയാണ് ഖുർആൻ' എന്നും അദ്ദേഹം അംഗീകരിച്ചു. (പേജ്.148) മിയാൻ അദ്ദേഹത്തോട് മഹത്തായ ഏക നാമം എന്താണെന്ന് ചോദിച്ചപ്പോൾ, നാനക് അദ്ദേഹത്തെ മാറ്റി നിർത്തി 'അല്ലാഹു' എന്ന് ചെവിയിൽ മന്ത്രിച്ചു. ഉടനെ മഹത്തായ നാമം ഉച്ചരിക്കപ്പെടുന്നു, മിയാൻ മിത്ത ചാരമായി മാറി. എന്നാൽ ഒരു സ്വർഗ്ഗീയ ശബ്ദം വീണ്ടും 'അല്ലാഹു' എന്ന നാമം ഉച്ചരിച്ചുകൊണ്ടിരുന്നു! 'മിയാൻ വീണ്ടും ജീവൻ പ്രാപിക്കുകയും നാനാക്കിന്റെ കാൽക്കൽ വീഴുകയും ചെയ്യുന്നു. (പേജ് 147)

ഗുരു നാനാക്കിന്റെ മക്ക തീർത്ഥാടനത്തെക്കുറിച്ച്, റെവറന്റ് ഹ്യൂസ് എഴുതുന്നു:

നാനാക്കിന്റെ മക്ക തീർത്ഥാടന പാരമ്പര്യം ഈ നിഗമനവുമായി കൃത്യമായി പൊരുത്തപ്പെടുന്നു. നാനാക്കിന്റെ ജീവിതത്തെക്കുറിച്ചുള്ള എല്ലാ വിവരണങ്ങളിലും, ആ പുണ്യസ്ഥലത്തേക്കുള്ള അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെ വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തപെട്ടിട്ടുണ്ട്. ഡോ. ട്രംപ് ന്യായമായും വിലയിരുത്തിയത് പോലെ മുഴുവൻ കഥയും ഒരു പക്ഷേ കെട്ടിച്ചമച്ചതാണെങ്കിൽ പോലും, നാനാക്കിനെ ഏറ്റവും അടുത്തറിയുന്നവർ മുഹമ്മദീയതയുമായുള്ള അദ്ദേഹത്തിന്റെ അവിഭാജ്യമായ ബന്ധത്തെ ഉദാഹരിക്കാൻ അത്തരമൊരു തീർത്ഥാടനത്തിൽ തെളിയിക്കാൻ കഥയുടെ വെറും കെട്ടിചമക്കൽ മാ

ത്രം മതിയാകും, നാനാക്ക് ഇങ്ങനെ പറയാൻ നിർബന്ധിതനാകുന്നു: ' സുന്നത്തും ദൈവിക കല്പനകളും ഗ്രന്ഥ കൽപ്പനകളും (ഖുർആൻ) അനുസരിക്കാത്തവർ പുരുഷന്മാരാണെങ്കിലും അവർ സ്ത്രീകളെപ്പോലെയാണ്.' *(ഇന്ത്യൻ ഓഫീസ് എം എസ്. 1728, പേജ്. 212.)*

അദ്ദേഹം മുഹമ്മദിന്റെ മധ്യസ്ഥത അംഗീകരിച്ചു, ഭാങ്, വീഞ്ഞ് മുതലായവ കുടിക്കുന്നതിനെ അപലപിക്കുകയും ചെയ്തു. നരകത്തിന്റെ നിലനിൽപ്പിനെയും ദുഷ്ടന്മാരുടെ ശിക്ഷയെയും മനുഷ്യരാശിയുടെ പുനരുത്ഥാനത്തെയും അംഗീകരിച്ചു. വാസ്തവത്തിൽ, നാനാക്കിന്റേതായി പറയപ്പെടുന്ന വാക്കുകളിൽ ഇസ്ലാമിന്റെ പൂർണ്ണമായ ഏറ്റുപറച്ചിൽ അടങ്ങിയിരിക്കുന്നു.

### ബാബാ നാനാക്കിന്റെ അന്ത്യകാലം

ബാബാ നാനാക്കിനെ പറ്റി രസകരമായ ഒരു കഥ ഇങ്ങനെയാണ്. ഒരു മുസ്ലിം സിദ്ധൻ തന്റെ ശിഷ്യന്മാരോട് 'തന്റെ കാലത്തെ മുസ്ലിംകൾ ബെ-ഇമാൻ ആയി മാറിയിരിക്കുന്നു (വിശ്വാസമില്ലാത്തവർ). ഇപ്പോൾ ഒരു ഹിന്ദു ബെഹിഷ്തിയിൽ (സ്വർഗ്ഗം) പ്രവേശിക്കുന്നവനുമാണ്.' എന്ന് പറഞ്ഞതായാണ് കഥ. ഈ കഥ വിവരിച്ചുകൊണ്ട് റെവറന്റ് ഹ്യൂസ് എഴുതുന്നു:

'അടുത്തതായി ഒരു കൗതുകകരമായ സംഭവമുണ്ടായി. മുൾട്ടാനിലെ പീർ ആയിരുന്ന മഖ്ദും ബഹാഉദ്ദീൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, 'ഓ സുഹൃത്തുക്കളേ, ഇനി മുതൽ ആരുടേയും വിശ്വാസം ഉറച്ചുനിൽക്കില്ല; എല്ലാവരും അവിശ്വാസികളാകും (ബെ-ഇമാൻ) 'അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഒരു വിശദീകരണം ചോദിച്ചു. മറുപടിയായി അദ്ദേഹം ഒരു പ്രസ്താവന സ്വയം സമർപ്പിച്ചു: 'സുഹൃത്തുക്കളേ, ഒരു ഹിന്ദു സ്വർഗത്തിൽ വരുമ്പോൾ സ്വർഗത്തിൽ തേജസ്സ് (ഉജാലാ) ഉണ്ടാകും'. ഈ വിചിത്രമായ പ്രഖ്യാപനത്തിന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ മറുപടി നൽകി: 'ഹിന്ദുക്കൾക്ക് സ്വർഗ്ഗം നിശ്ചയിച്ചിട്ടില്ലെന്ന് പണ്ഡിതന്മാർ പറയുന്നുണ്ടല്ലോ. നിങ്ങൾ എന്താണ് പറഞ്ഞത്?' *(ഇന്ത്യാ ഓഫീസ് എം എസ്,1728, പേജ്. 224)*. താൻ നാനാക്കിനെ സൂചിപ്പിക്കുകയാണെന്ന് പീർ അവരോട് പറയുകയും തന്റെ ശിഷ്യന്മാരിൽ ഒരാളെ നാനാക്കിനോട് അദ്ദേഹത്തിന്റെ മരണം അടുത്തുവരികയാണെന്ന് അറിയിച്ചിട്ടുണ്ടോ എന്ന് ചോദിക്കാൻ അയക്കുകയും ചെയ്തു.

ഈ ഉപകഥയിൽ നാനാക്കിന്റെ ഇസ്ലാമിലുള്ള വിശ്വാസത്തെ വെളിപ്പെടുത്തുന്ന മുഹമ്മദനിൽ നിന്നുള്ള അസാധാരണമായ ഒരു അംഗീകാരം ഈ കഥയിൽ നമുക്ക് കാണാം. ഒരു ഹിന്ദു സ്വർഗ്ഗം തന്നെ കീഴടക്കുകയും മുഹമ്മദിന്റെ പറുദീസയിൽ ഒരു സ്ഥാനം തന്റെ അവകാശമായി ഉറപ്പിക്കുകയും ചെയ്തിരിക്കുന്നതിന്റെ ഉദാഹരണമാണിത്. അപ്പോൾ പ്രവാചകനിൽ വിശ്വസിച്ചിരുന്നവർക്ക് അവരുടെ വിശ്വാസത്തിന് ഈടർച്ച നേരിടുകയാണെന്നാണ് അതിന്റെ സൂചന. ഇവിടെ മുസ്ലിംകൾ ബേ-ഈമാൻ (അവിശ്വാസികൾ) ആകുമെന്നാണ് പീർ പറയുന്നത്. ഈ പദം ഇസ്ലാമിനെ 'വിശ്വാസത്തിന്' സംബന്ധിച്ച് പറയാൻ പ്രത്യേകമായി ഉപയോഗിക്കുന്ന അറബി പദമാണ്.

ഈ പഞ്ചാബി കഥയിൽ 'ബിഹ്ഷ്തി' എന്നാണ് സ്വർഗ്ഗത്തെ വിളിക്കുന്നത്. അതായത് ബിഹിഷ്തി എന്നത് മുഹമ്മദീയരുടെ പറുദീസയാണ്, കാരണം ഹിന്ദുവിന് സ്വർഗ്ഗം ഉദ്ദേശിച്ചിരുന്നെങ്കിൽ, സ്വർഗ്ഗ് അല്ലെങ്കിൽ പരലോകം അല്ലെങ്കിൽ ബ്രഹ്മലോകം പോലുള്ള ചില പദങ്ങൾ ഉപയോഗിക്കുമായിരുന്നു.

ഗുരുനാനാക്കിന്റെ മരണസമയത്തെ അന്ത്യകർമങ്ങളെക്കുറിച്ച് ഹിന്ദുക്കളും മുസ്ലിംകളും തർക്കിച്ചതായും എല്ലാവർക്കും അറിയാം. ഗുരുനാനാക്ക് തങ്ങളിൽ ഒരാളാണെന്ന് വിശ്വസിച്ച് അവരുടെ മതങ്ങളുടെ അദ്ധ്യാപനങ്ങൾക്കനുസൃതമായി അദ്ദേഹത്തിന്റെ മൃതദേഹ സംസ്കരിക്കാൻ ഇരുവരും ആഗ്രഹിച്ചു. ഈ സംഭവത്തെക്കുറിച്ച് റെവറന്റ് ഹ്യൂസ് എഴുതുന്നു:

'പ്രബുദ്ധനായ ഈ ഗുരുനാഥന്റെ ജീവിതത്തിലെ അവസാന സംഭവം അദ്ദേഹത്തിന്റെ മുൻകാല ജീവിതത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളുമായി കൃത്യമായി യോജിക്കുന്നു. ഹിന്ദു ആചാരങ്ങൾക്കനുസൃതമായി ഒരു പ്രകൃതിദത്ത അരുവിയായ രവിനദിയുടെ അരികിൽ മരിക്കാൻ വേണ്ടി നാനാക് എത്തി. ഹിന്ദുക്കളും മുസ്ലിംകളും അദ്ദേഹത്തെ അനുഗമിച്ചതായി വ്യക്തമായി പറയപ്പെടുന്നു. തുടർന്ന് അദ്ദേഹം ഒരു സാരിബ് മരത്തിന്റെ ചുവട്ടിൽ ഇരുന്നു, അനുയായികളായ വിശ്വാസികളുടെ ആൾകൂട്ടം (സംഗത്ത്) അദ്ദേഹത്തിന് ചുറ്റും നിന്നു. അപ്പോൾ (ദൈവത്തിന്റെ) നാമത്തിൽ ഉറച്ചുനിന്ന ഹിന്ദുക്കളും മുസ്ലിംകളും (ഇങ്ങനെ) സ്വയം അഭിപ്രായം പ്രകടിപ്പിക്കാൻ തുടങ്ങി. മുസ്ലിംകൾ പറഞ്ഞത് 'ഞങ്ങൾ (അദ്ദേഹത്തെ) കബറക്കും', ഹിന്ദുക്കൾ പറഞ്ഞത് 'ഞങ്ങൾ (അദ്ദേഹത്തെ) ദഹിപ്പിക്കും'. എന്നുമാണ്. തുടർന്ന്, ബാബ പറഞ്ഞു, 'ഇരുവശത്തും പൂക്കൾ വയ്ക്കുക; വലതുവശത്ത് ഹിന്ദുക്കളുടെ പൂക്കൾ, ഇടതുവശത്ത് മുസ്ലികളുടെ പൂക്കൾ, നമുക്ക് തിരിച്ചറിയാൻ അവ നാളെ പച്ചനിറമായി തുടരും. ഹിന്ദുക്കളുടെത് പച്ചയായി തുടരുകയാണെങ്കിൽ (എന്നെ) അവർ സംസ്ക്കരിക്കുക. (ദൈവത്തിന്റെ) സ്തുതി ആവർത്തിക്കാൻ ബാബ സഭയോട് അഭ്യർത്ഥിക്കുകയും അവർ അത് ആവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. കുറച്ച് ശ്ലോകങ്ങൾ പാരായണം ചെയ്ത ശേഷം അദ്ദേ

ശേഷം പേജ് 43 ൽ

ലേഖനം

# ഈത്തപ്പഴം: റമദാന്റെ പോഷകദായിനി

**മുസ്‌ലിംകൾ നോമ്പ് തുറക്കാൻ ഉപയോഗിക്കുന്ന ഈത്തപ്പഴം പോഷകവൈവിധ്യങ്ങൾ അടങ്ങിയ ആരോഗ്യദായിനിയാണ്. ലേഖകൻ കിങ്‌സ്റ്റൺ യൂണിവേഴ്‌സിറ്റിയുടെ ഫാർമസ്യൂട്ടിക്കൽ അനലൈസിങ്ങിൽ മാസ്റ്റർ ബിരുദമുണ്ട്. കൂടാതെ The Review of Religions – ൽ അസിസ്റ്റന്റ് മാനേജരായും Science & Religion Section ഡെപ്യൂട്ടി എഡിറ്ററായും സേവനമനുഷ്ഠിക്കുന്നു. വിവ: കെ വി ഹസ്സൻ കോയ, കോഴിക്കോട്.**

**മൂസാ സത്താർ, ലണ്ടൻ**

ലോകമെമ്പാടുമുള്ള മുസ്‌ലിംകൾ ആത്മീയ വിചിന്തനങ്ങൾക്കും ആത്മശക്തി കൈവരിക്കാനും ഉന്നതമായ സമർപ്പണത്തിലും ഏർപ്പെടുന്ന മാസമാണ് വിശുദ്ധ റമദാൻ. വ്രതത്തിന്റെ ഒരുദിനത്തിന് അന്ത്യം കുറിച്ചു കൊണ്ട് സൂര്യനസ്തമിക്കുമ്പോൾ റമദാനിൽ കുടുംബങ്ങളും സുഹൃത്തുക്കളും ഒന്നിച്ചിരുന്ന് നോമ്പ് തുറക്കുന്നു. രുചികരമായ ഭക്ഷണം വിളമ്പിയ തളികയിൽ സുവർണ്ണ-തവിട്ടുനിറത്തോടുകൂടിയ ചുളിവുകളോടുകൂടിയ ഒരു കൊച്ചു ഫലം കാണാം. ഇതാണ് ഈത്തപ്പഴം. നൂറ്റാണ്ടുകളായി റമദാനിൽ വ്രതം അവസാനിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്ന പഴം. ഹദീസ് ഗ്രന്ഥമായ ജാമിഅൽ-തിർമിദിയിൽ സൂചിപ്പിച്ചതുപോലെ നബി തിരുമേനി(സ) നമസ്ക്കാരത്തിന് മുമ്പ് ഈത്തപ്പഴം കഴിച്ചുകൊണ്ടാണ് നോമ്പ് തുറക്കുക.

എന്നാൽ എന്തുകൊണ്ടാണ് റമദാനിൽ ഈത്തപഴം ഇത്രയും പ്രസിദ്ധമായത് ഇതിന്റെ പ്രത്യേകതയെന്താണ്? ഈത്തപ്പഴത്തിന്റെ വശ്യമായ ചരിത്രത്തിലേക്ക് നമുക്ക് അന്വേഷണം നടത്താം ഗാംഭീര്യമാർന്ന ഈ പഴം ഭുജിക്കുന്നതിന്റെ ശ്രദ്ധേയമായ ഗുണങ്ങൾ നമുക്ക് മനസ്സിലാക്കാം.

### ഈത്തപ്പഴത്തിന്റെ ചരിത്രപരമായ പ്രാധാന്യം

Phoenix Dactylifera എന്നറിയപ്പെടുന്ന ഈത്തപ്പനയുടെ സ്വാദിഷ്ടമായ ഫലം ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽഭക്ഷണത്തിനും മരുന്നിനും കൃഷി ചെയ്യപ്പെടുന്നതായി ചരിത്രത്തിലുടനീളം കാണാം. ബഹുമുഖ പ്രയോജനമുള്ള ഈത്തപ്പഴം നേരിട്ടും ഉണക്കിയും പാചകം ചെയ്തും പച്ചയായും ചതച്ചു കഷണങ്ങളാക്കിയും ഭക്ഷിക്കാവുന്നതാണ്. നല്ലൊരു പോഷകാഹാരമാണിത്. കൂടാതെ ഈത്തപ്പഴത്തിൽ നാരുകളും (ഫൈബർ) ആന്റി ഓക്സിഡന്കളും. വിവിധ പോഷകമൂല്യങ്ങളുമുണ്ട്. പുരാതന ഈജിപ്തുകാർ കമ്പിയിൽ കോർത്തും ഈത്തപ്പഴം കഴിക്കാറുണ്ട്. പ്രകൃതിയിൽ ലഭ്യമായ മധുരമെന്ന നിലയിൽ പാചകത്തിലും പലഹാരത്തിനും ഉപയോഗിക്കാറുണ്ട്. ഔഷധ നിർമ്മാണത്തിലും ഈത്തപ്പഴം ഉപയോഗിക്കപ്പെടുന്നു. ക്രിസ്തുവർഷം 200-300 കാലത്ത് പ്രസിദ്ധ ഭിഷഗ്വരനായിരുന്ന ക്ലോഡിയസ്ഗാലൻ ഈത്തപ്പനയെപ്പറ്റി പഠിക്കുകയും അതിന് ഭക്ഷണത്തിലും ഔഷധത്തിലുമുള്ള മഹത്തായ മൂല്യത്തെ പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്.

ചരിത്രപരമായും മതപരമായും ഇസ്‌ലാമിൽ പ്രമുഖമായ സ്ഥാനമാണ് ഈത്തപ്പഴത്തിനുള്ളത്. ഈത്തപ്പന അനുഗ്രഹീത വൃക്ഷമായിട്ടാണ് ഇസ്‌ലാമിൽ ഗണിക്കപ്പെടുന്നത്. വിശുദ്ധ ഖുർആനിൽ വളർച്ചയുടെയും നിലനിൽപ്പിന്റെയും പ്രതീകമായി ഈത്തപ്പന ഗണിക്കപ്പെടുന്നു.

**'ഈത്തപ്പനയിൽനിന്ന്, അതിന്റെ കുമ്പിൽനിന്ന് തൂങ്ങിനിൽക്കുന്ന കുല കണ്ണികൾ നാം ഉണ്ടാക്കുന്നു. അത് കായ്ക്കുമ്പോൾ അതിന്റെ കനിയിലേക്കും, അത് പഴമായി വരുന്ന സ്ഥിതിയിലേക്കും നിങ്ങൾ നോക്കുക. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.'** *(വിശുദ്ധ ഖുർആൻ 6:100).*

ഹദീസുകളിൽ ഈത്തപ്പഴം ഒരു പോഷകാഹാരമായും ഔഷധമായും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് സദ്ബിൻ അബീ വഖാസ്(റ) നിവേദനം ചെയ്യുന്നു: 'ഞാൻ മക്കയിൽ രോഗിയായിക്കിടന്നപ്പോൾ നബി(സ) തിരുമേനി എന്നെ സന്ദർശിച്ചു. നബി(സ) തന്റെ കൈ എന്റെ നെഞ്ചിൽ വെച്ചപ്പോൾ എന്റെ ഹൃദയത്തിന് കുളിർമ അനുഭവപ്പെട്ടു. അപ്പോൾ തിരുനബി(സ) പറഞ്ഞു 'താങ്കളുടെ ഹൃദയത്തിന് അസുഖമുണ്ട്. ബനൂതഖീഫിന്റെ സഹോദരൻ ഹാരിത്തിന്ബ്നു കലാദയുടെ അടുക്കൽ പോകുക. അദ്ദേഹം ഒരു ഭിഷഗ്വരനാണ്. അഞ്ച് അജ്‌വാ ഈത്തപ്പഴം മദീനയിൽനിന്ന് എടുക്കുവാനും അതിന്റെ കുരുവോടൊപ്പം പൊടിച്ചു അത് മരുന്നായി കഴിക്കുക.' (ഇബ്നു സഅദ്, അൽ തബാഖത്തുൽ കുബ്റ)

### ഈത്തപ്പഴത്തിന്റെ പോഷകമൂല്യങ്ങൾ

വ്രതകാലത്ത് പോഷകമൂല്യമുള്ള ഭക്ഷണം കഴിക്കൽ അത്യാവശ്യമാണ് അതുമുഖേന പകൽ മുഴുവൻ ഊർജ്ജം നിലനിർത്താൻ സാധിക്കും അത് പോഷകമൂല്യ

ത്തിന്റെ ശക്തികേന്ദ്രമാണ്. ഈത്തപ്പഴത്തിൽ 70% പഞ്ചസാര അടങ്ങിയതാണെങ്കിലും ചില ഇനങ്ങൾ വളരെ താഴ്ന്ന നിലയിലുള്ള Glycaemic Index (GI) ആണുള്ളത്. അത് സൂചിപ്പിക്കുന്നത് ഭക്ഷണം കഴിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന ബ്ലഡ് ഷുഗർ(Glucose) ലെവലാണ് അത് ആന്റി ഓക്സിഡന്റും ആന്റി ഇൻഫ്ളമേറ്ററി ഗുണങ്ങളുള്ള പോളിഫെനോൾസ് സ്യുക്തങ്ങൾ അടങ്ങിയിരിക്കുന്നു. ശരീരത്തിൽ വീക്കം ഉണ്ടാക്കുന്നത് തടയുന്നു. ഈത്തപ്പഴത്തിലുള്ള പോളിഫിനോളിന്റെ അളവ് മിക്ക പഴങ്ങളേക്കാളും പച്ചക്കറികളേക്കാളും കൂടുതലാണ്. അവയിൽ നാരുകൾ (ഫൈബർ) കൂടുതലാണ്. ഒരാളുടെ മധുരത്തോടുള്ള ആസക്തി ശമിപ്പിക്കുകയും കൂടുതൽ സമയത്തേക്ക് വയർ നിറഞ്ഞ അവസ്ഥയിൽ നിൽക്കാൻ സഹായിക്കുകയും ചെയ്യുന്നു. അതിലുപരി ശരീരത്തിനാവശ്യമായ പോഷകങ്ങൾ അതായത് വിറ്റാമിൻ എ, ബി 6, സി യും ധാതുലവണങ്ങളായ കാൽസ്യം, മഗ്നേഷ്യം, കോപ്പർ, സോഡിയം, ഫോസ്ഫറസ്. ബെലേനിയം, ഫ്ളൂറിൻ, പൊട്ടാസ്യം, അയേൺ മുതലായവ. ഈത്തപ്പഴം നൽകുന്നു. മാത്രമല്ല അവ പൊട്ടാസ്യത്തിന്റെ വലിയ ഉറവിടമാണ്. അതൊരു ഈലകട്രോലൈറ്റ് ആണ്. അത് രക്തസമ്മർദ്ദം നിയന്ത്രിക്കുകയും പേശി വലിവ് തടയുകയും ചെയ്യുന്നു. ഈത്തപ്പഴത്തിൽ 3 ശതമാനം പ്രോട്ടീൻ ഉണ്ട്. 23 വ്യത്യസ്തങ്ങളായ അമിനോ ആസിഡുകളും ഉണ്ട്. മറ്റു പഴങ്ങളിൽ ഇത് സാധാരണ കാണാറില്ല. ഒരു വ്യക്തിയുടെ ഭക്ഷണത്തിൽ ഈത്തപ്പഴം ഉൾപ്പെടുത്തുന്നത് ഭക്ഷ്യനാരുകൾ കൂടുതൽ ഉണ്ടാവാൻ കാരണമാവും. വെറും 100 ഗ്രാം (ഒരു കോപ്പയുടെ കാൽഭാഗം) ഈത്തപ്പഴം നിർദ്ദിഷ്ട ദൈനിക ഫൈബറിന്റെ 22% ആവശ്യം പൂർത്തിയാക്കും.

**ഈത്തപ്പഴത്തിന്റെ ദഹിപ്പിക്കാനുള്ള കഴിവ്**

ബയോ ആക്ടീവ് സംയുക്തങ്ങളിൽ ഈത്തപ്പഴം അതുല്യമായ മിശ്രിതമാണ്. അവയ്ക്ക് ദഹനപരമയ ഗുണങ്ങളുണ്ട്. അവയിൽ ഈത്തപ്പഴം മികവുറ്റതാണ്. ഈത്തപ്പഴത്തിൽ നാരുകൾ ഉള്ളതിനാൽ മലബന്ധത്തിന് ശമനം നൽകുകയും വയറിളക്കം നിയന്ത്രിക്കുകയും ചെയ്യുന്നു. ഈ സംഗതി ഗവേഷണം മുഖേന അംഗീകരിക്കപ്പെട്ടതാണ്. ഈത്തപ്പഴത്തിലടങ്ങിയ അലിയിക്കാൻ സാധിക്കാത്ത നാരുകൾ ദഹനേന്ദ്രിയ നാളിയിലെ ഭക്ഷണത്തിന്റെ നീക്കം എളുപ്പമാക്കുന്നു. പ്രത്യേകിച്ചും മലബന്ധമുള്ളവർക്ക്, യഥാർത്ഥത്തിൽ ഈത്തപ്പഴം കഴിക്കുന്നതു മുഖേന കുടൽ ചലനത്തിന്റെ ആവർത്തനം കൂടുകയും കുടലിലുള്ള മലനീക്കസമയം ചുരുക്കുകയും ചെയ്യുന്നു. ഈത്തപ്പഴം കുടലിലെ ആരോഗ്യ ബാക്ടീരിയയുടെ വളർച്ചക്ക് വേഗത കൂട്ടുകയും ദഹനപരമായ ആരോഗ്യത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. അതിലുപരി ഈത്തപ്പഴത്തിലെ നാരുകൾ (Fibre) ബ്ലഡ് ഷുഗർ നിയന്ത്രിക്കാൻ സഹായിക്കുന്നു. ഉയർന്ന അളവിൽ നാരുകൾ അടങ്ങിയിരിക്കുന്നതിനാൽ, ഈന്തപ്പഴം വിശപ്പ് കുറയ്ക്കുന്നതിനും മലബന്ധം ഒഴിവാക്കുന്നതിനും സഹായിക്കുന്ന പ്രവർത്തനക്ഷമമായ മികച്ച ഭക്ഷണമാണ്.

**ഈത്തപ്പഴത്തിന്റെ ഊർജ്ജവർദ്ധന ഗുണം**

ഉയർന്ന അളവിൽ പഞ്ചസാരയുള്ളതിനാൽ (ഫ്രാക്ക്റ്റോസും ഗ്ളൂക്കോസും) ഈത്തപ്പഴം മേത്തരം ഊർജ്ജത്തിന്റെ ഉറവിടമാണ്. സമ്പുഷ്ടമായി നാരുകളും പൊട്ടാസ്യവും ആന്റി ഓക്സിഡൻസും ബ്ലഡ് ഷുഗർ നിയന്ത്രിക്കുന്നതിൽ ഹൃദയാരോഗ്യം സംരക്ഷിക്കാനും സാധിക്കും. അതിലുപരി നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നത് ഈത്തപ്പഴത്തിന് മർമ്മപ്രധാനമായ വിറ്റാമിനുകളും, ധാതുലവണങ്ങളും കൂടാതെ വിറ്റാമിൻ B6, അയേൺ മുതലായവ ഉണ്ടെന്നും അവയ്ക്ക് ജൈവവസ്തു പരിണാമം വർദ്ധിപ്പിക്കാനും ശാരീരികവും മാനസികവുമായ ക്ഷീണം ഇല്ലാതാക്കാൻ സാധിക്കുമെന്നുമാണ്. നിർണ്ണായകമായ കാര്യമെന്തെന്നാൽ ഈത്തപ്പഴം കഴിക്കുന്ന കാര്യത്തിൽ നിബന്ധന വേണമെന്നതാണ്. ഉയർന്ന കലോറി ഊർജം ഉല്പാദിപ്പിക്കുന്നതിനാൽ, അമിതമായി ഈത്തപ്പഴം കഴിക്കുന്നത് ശരീരഭാരം വർദ്ധിപ്പിക്കാൻ കാരണമാകും.

**ഈത്തപ്പഴവും ശരീര വണ്ണ നിയന്ത്രണവും.**

ഈത്തപ്പഴം പോഷകാഹാരമാണ്. അതിനാൽ ശരീരത്തിന്റെ ഭാരം നിയന്ത്രിക്കുന്നതുപോലെ ആരോഗ്യാവസ്ഥ പരിരക്ഷിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. ഈത്തപ്പഴം ഫ്രാക്റ്റോസിനാൽ സമ്പന്നമാണ്. ഗ്ലൂക്കോസിനേക്കാൾ ഇരട്ടിമധുരം അതിനുണ്ട്. ഈത്തപ്പഴത്തിലുള്ള ഫ്രാക്റ്റോസും നാരുകളും രക്തത്തിലെ പഞ്ചസാരയും കൊളോസ്ട്രോളും നിയന്ത്രിക്കാൻ സഹായകമാണ്. ഈത്തപ്പഴത്തിൽ പോളിഫെയ്നോയ്ഡ്സും ഫ്ളേവനോയ്ഡ്സ് ആന്റി ഓക്സിഡന്റ് അതോടൊപ്പം വളരെ കുറഞ്ഞ തോതിലുള്ള ഗ്ലൈക്കാമിക് ഈൻഡക്സാണുള്ളത്. സൂക്ഷ്മമായ പോഷകാഹാരവും നാരുകളുമുണ്ട്. ഈത്തപ്പഴത്തിൽ പോളിഫെനോൾഡ് അടങ്ങുന്നു. പ്രത്യേകിച്ചും ഫ്ളാനോയിഡ്സിനോടൊപ്പം സൂക്ഷ്മമായ പോഷകാഹാരവും നാരുകളുമുണ്ട്. ഈ ഘടകങ്ങൾ രക്തധമനികളുമായി ബ

ശേഷം പേജ് 40 ൽ

**കവിത**

# ഏക ദൈവം

**- പി.എം.ബഷീർ അഹ്മദ്**

ദൈവമുണ്ടേകനവൻ അനാദി അനന്ത്യനും
യുക്തിമാൻ അഖണ്ഡനും സർവജ്ഞൻ നിരാശ്രയൻ
അവിഭാജ്യനാണവൻ പങ്കാളിത്തതീതനും
സൃഷ്ടിസമാനനല്ല സദ്ഗുണ സമ്പൂർണനും

നിത്യജാഗ്രവിദാതാവും സർവ്വചരാചരസ്രഷ്ടാവും.
നഗ്നഗോചരനല്ല കരുണാമയനവൻ
ഇതിഹാസ ദൈവങ്ങൾ അന്യമീ പ്രപഞ്ചത്തിൽ
അടയാളമില്ലല്ലോ സൃഷ്ടിയിൽ അവർക്കൊന്നും

ജീവനില്ലാതെയൊരു ദൈവമാണവനെങ്കിൽ
അവനെ കൂടാതുണ്ടോ ജീവന്റെ തുടിപ്പുകൾ
സൃഷ്ടിയായ് നിൽക്കുന്നവർ ശക്തി ഹീനരല്ലയോ
ന്യൂനതാധീതമാകും ദൈവമാണൊരേ ദൈവം

കർങ്ങമ്മൾ ഇല്ലാതെയും കൃപ ചൊരിയുന്നവൻ
സജ്ജനാർത്ഥനകളിൽ സവിശേഷ കാരുണ്യം
അവനോടർഥിക്കുമ്പോൾ കർമ്മത്താലല്ലാതെയും
വചനത്താലുത്തരം നൽകുന്നുണ്ടിന്നാളിലും

അടുത്തു നിൽക്കുമ്പോഴും അകലത്തിലുള്ളവൻ
വിദൂരസ്ഥനെങ്കിലും സമീപസ്ഥനാണവൻ
നില നിൽക്കുന്നവനും നിലനിർത്തുന്നവനും
ഏറ്റം മറഞ്ഞുള്ളവൻ നിതാന്തം പ്രത്യക്ഷനും

പുത്രനല്ലാത്തവനും പുത്രനില്ലാത്തവനും
സ്വാശ്രയനായുള്ളവൻ ദുർബലനാകാത്തവൻ
കണ്ണില്ലാതെ കാണുന്നു കാതില്ലാതെ കേൾക്കയും
നിത്യശൂന്യതയിലും സൃഷ്ടികർത്താവാണവൻ

സാദൃശ്യമായിട്ടൊരു വസ്തുവും കാണുന്നില്ല
ഏകനല്ലാതില്ലാരും ദ്വൈതമായ് പ്രപഞ്ചത്തിൽ
നിസ്തുലൻ നിരുപമൻ സർവ്വസൗന്ദര്യാധിപൻ
നിർവിഘ്നം നിർഗളിക്കും ഔദാര്യവാനാണവൻ

ജ്യോതിർഗോളങ്ങളിലും സൂക്ഷ്മ കണങ്ങളിലും
സർവ്വ ദിക്കിലും നിന്റെ തെളിയും ദൃഷ്ടാന്തങ്ങൾ
ഇരുട്ടു പരക്കുമ്പോൾ ശത സൂര്യ ചന്ദ്രന്മാർ
ജനിച്ചു വീഴുന്നതും അവന്റെ കടാക്ഷത്താൽ

ദൈവ ദർശനേന്ദ്രിയം ഇഹത്തിൽ നൽകുന്നവൻ
അവനെ അറിയുവാൻ ദൂതനെ നൽകുന്നിപ്പോൾ
ഭാവനയിലൊന്നുമേ പൂർണ്ണനാകുന്നില്ലവൻ
ദിവ്യവെളിപാടുകൾ മാത്രമാണേകാശ്രയം

---

അല്ലാഹുവിനെ അറിയാൻ ഈ കാലഘട്ടത്തിലെ അമൂല്യമാർഗം മസീഹ് മൗഊദ്(അ) തന്റെ ദിവ്യകരം കൊണ്ടെഴുതിയ എൺപതിലധികംഗ്രന്ഥങ്ങൾ പഠിക്കുക എന്നതാണ്. അത് പെട്ടെന്ന് സാധ്യമാകാതെ വരുന്നുണ്ടെങ്കിൽ, സയ്യിദ് ദാവൂദ് അഹ്മദ് സാഹിബ് രചിച്ച 'ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി: അപ്നി തഹ്രീറോം കേ റൂ സെ '' എന്ന ഗ്രന്ഥമെങ്കിലും വായിച്ചുകൊണ്ട് ആത്മീയ വിഹായസിലേക്കുള്ള പ്രകാശവാതിലുകൾ തുറക്കേണ്ടിയിരിക്കുന്നു.

# ദൃശ്യപ്രപഞ്ചം: ദൈവത്തിലേക്കുള്ള ചൂണ്ടുപലക

**പ്രത്യക്ഷ പ്രപഞ്ചവും ആത്മീയ പ്രപഞ്ചവും തമ്മിൽ സാധർമ്യവും സമാനതകളുമുണ്ട്. നാം കാണുന്ന ദൃശ്യലോകത്തെ പ്രതിഭാസങ്ങൾ അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വത്തിലേക്കും ആത്മീയലോകത്തെ യാഥാർത്ഥ്യങ്ങളിലേക്കും മനുഷ്യ ധിഷണയെ ആനയിക്കുന്നു.**

**മഹ്മൂദ് കൽക്കുളം**

പ്രപഞ്ചലോകം ദൈവത്തിന്റെ ശക്തി പ്രകടനങ്ങളുടെ നിദർശനമാകുന്നു സൃഷ്ടികർത്താവിന്റെ ധിഷണാവിലാസവും അപാരമായ ആസൂത്രണമികവും പ്രപഞ്ചനിർമ്മിതിയിൽ ദർശിക്കാൻ കഴിയും. അനേകകോടി താരാപഥങ്ങളാൽ അലംകൃതമായ ആകാശദൃശ്യം അത്യന്തം കൗതുകം ഉണർത്തുന്നവയാണ്. നാം വസിക്കുന്ന ഭൂമിയാകട്ടെ വാനലോകവുമായി ചേർന്നുപോകുന്ന വിധത്തിലാണ് സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഭൂമിയും ആകാശഗോളങ്ങളും ആശ്ചര്യജനകമാം വിധം അണുമാത്രം ഗതിവൈകല്യം കൂടാതെ ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹ്[അ] വിവരിക്കുന്നു: “ആകാശത്തിൽ ചരിച്ചു കൊണ്ടിരിക്കുന്ന അസംഖ്യങ്ങളായ വിപുല ഗോളങ്ങൾക്ക് സ്വൽപമായ ഗതി വൈകല്യം സംഭവിക്കുകയാണെങ്കിൽ മുഴുലോകവും താറുമാറായിപ്പോകുന്നതാണ്. അങ്ങനെയുള്ള ഈ ഗോളങ്ങൾ പരസ്പരം മുട്ടുകയോ അവയുടെ ഗതിക്കു ലേശമെങ്കിലും വ്യത്യാസം വരികയോ നിരന്തരമായ ചലനം മൂലം അവയ്ക്ക് തേയ്മാനം വരികയോ രൂപവൈകല്യങ്ങൾ സംഭവിക്കുകയോ ചെയ്യാതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് എത്രമാത്രം അത്ഭുതാവഹമാണ്. അത്യന്തം വിപുലമായ ഈ യന്ത്രവിശേഷം സർവ്വസമർത്ഥനായ ഒരു നിയന്താവിന്റെ നിയന്ത്രണത്തിന് വിധേയമായിരുന്നില്ലെങ്കിൽ സംഖ്യാതീതമായ ഇക്കാലമത്രയും ഒരു ക്രമക്കേടും കൂടാതെ എങ്ങനെയാണ് സ്വയം പ്രവർത്തിക്കാൻ കഴിയുമായിരുന്നത്.” *(ഇസ്‌ലാംമത തത്ത്വജ്ഞാനം)*

### സമാനതകളില്ലാത്ത സേവനങ്ങൾ

അപരിമിതമായ പ്രയോജനങ്ങളാണ് പ്രപഞ്ച സംവിധാനങ്ങളിലൂടെ ജീവലോകത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. സൂര്യൻ ഔദാര്യമായി സർവ്വർക്കും വെളിച്ചം നൽകുന്നു. മേഘങ്ങളിൽ നിന്നുണ്ടാകുന്ന വർഷജലം അത് ഭൂമിയിൽ പതിക്കുകയും വിത്തുകളും ധാന്യങ്ങളും അവ ആവാഹിച്ച് പൊട്ടിമുളക്കുന്നതിന് നിമിത്തമാവുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുന്നു. '**ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറിവരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുതക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്നും അല്ലാഹു വെള്ളമിറക്കി, ഭൂമിയെ അത് നിർജ്ജീവമാക്കി കിടക്കുന്നതിനു ശേഷം സജീവമാക്കുകയും അതിൽ എല്ലാത്തരം ജീവജാലങ്ങളെയും വ്യാപിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല വിധ ദൃഷ്ടാന്തങ്ങളുമുണ്ട്.**' (2:165) ജീവലോകത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന ഉദാരമായ അനുഗ്രഹങ്ങൾ ധിഷണയുടെ പിൻബലമില്ലാത്ത യാന്ത്രികസമാനമായ സൂര്യചന്ദ്ര ഗോളങ്ങൾ മുഖേനയാണെന്ന വസ്തുത ചിന്തനീയമാണ്. ഈ യാഥാർത്ഥ്യങ്ങളെക്കുറിച്ച് നിഷ്പക്ഷ നിരീക്ഷണം നടത്തുന്നവർ ഇവക്ക് പിന്നിലെ ചാലക ശക്തിയായ സർവ്വോന്നത സത്തയെ നിരസിക്കാൻ ധൃഷ്ടത കാട്ടുകയില്ല. ഇത് സംബന്ധിച്ച് മനുഷ്യ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് വിശുദ്ധ ഖുർആൻപറയുകയാണ് '**ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തിൽ നിന്ന് വെള്ളം ഇറക്കി തരുകയും ചെയ്തതാരാണ്? എന്നിട്ട് അതു മുഖേന മനോഹരമായ തോട്ടങ്ങൾ മുളപ്പിച്ചു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് സാധിക്കുമായിരുന്നില്ല. അല്ലാഹുവിന്റെ കൂടെ മറ്റു വല്ല ആരാധ്യനുമുണ്ടോ? പക്ഷേ അവർ സമന്മാരെ സങ്കൽപ്പിക്കുന്ന ജനങ്ങളാകുന്നു. ഭൂമിയെ വാസസ്ഥലമാക്കുകയും അതിന്റെ വിടവുകളിൽ നദികൾ ഒഴുക്കുകയും അതിനായി ഉറച്ച മലകളെ സ്ഥാപിക്കുകയും രണ്ടു സമുദ്രങ്ങൾക്കിടയിൽ ഒരു തടസ്സം ഉണ്ടാക്കുകയും ചെയ്തതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവും ഉണ്ടോ? പക്ഷേ അവരിൽ അധികപേരും കാര്യം അറിയുന്നില്ല. ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികൾ ആക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവങ്ങളും ഉണ്ടോ? നിങ്ങൾ വളരെ കുറച്ചു മാത്രമേ ഉപദേശം സ്വീകരിക്കുകയുള്ളൂ. കരയിലും കടലിലും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴികാണിക്കുന്നത് ആരാണ്? തന്റെ അനുഗ്രഹത്തിന് (മഴക്ക്) മുമ്പേ സുവിശേഷങ്ങളുമായി കാറ്റുകളെ അയക്കുന്നത് ആരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവും ഉണ്ടോ? അവർ പങ്കാളികളാക്കുന്നതിൽ നിന്നും അവൻ അതീതനാണ്. പറയുക; സൃഷ്ടികളെ ഒന്നാമതായി സൃഷ്ടിക്കുകയും പിന്നീട് (സൃഷ്ടി പരമ്പരയെ) ആ**

**വർത്തിച്ച് നടത്തിക്കൊണ്ടു പോവുകയും ചെയ്യുന്നതും ആരാണ്? ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതും ആരാണ്? അല്ലാഹുവിന്റെ കൂടെ മറ്റു വല്ല ദൈവവുമുണ്ടോ?’** (27:65) ഉപര്യുധൃത ഖുർആൻ വാക്യങ്ങളെ പറ്റി ചിന്തിക്കുന്നവർക്ക് ദൈവിക ഹസ്തങ്ങളാണ് ഈ പ്രപഞ്ച പ്രതിഭാസത്തിലുടനീളം നിഴലിച്ചു കാണുന്നതെന്ന് ബോധ്യമാകുന്നതാണ്.

### ദൃശ്യലോകം
### ദൈവത്തിലേക്കുള്ള വിളിയാളം

ദൃശ്യ പ്രപഞ്ചം ദൈവത്തെ പ്രതിഫലിപ്പിച്ചു കാട്ടുന്ന ഛായാ പടങ്ങൾ ആകുന്നു. എന്നാൽ ഈ പ്രകൃതി വസ്തുക്കൾ തന്നെയാണ് യഥാർത്ഥ ശക്തികേന്ദ്രമെന്ന് ധരിച്ചുവശായി ആദ്യചൂവടിൽ തന്നെ പിഴവ് പറ്റിയ ആളുകളെയും കാലാകാലങ്ങളിൽ വന്ന പ്രവാചകന്മാർക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. ഹദ്റത്ത് സുലൈമാൻ നബി(അ) സേബാ ബൽക്കീസ് രാജ്ഞിയെ ഏകദൈവത്തിലേക്ക് ക്ഷണിക്കുന്ന ഒരു രീതി വിശുദ്ധ ഖുർആൻ ഒരു രംഗാവിഷ്ക്കാരത്തിലൂടെ എടുത്തുകാട്ടുന്നുണ്ട്. ആദിത്യ പൂജ നടത്തുന്നവരായിരുന്നു അവൾ. കണ്ണാടി പതിച്ചതും അടിയിൽ വെള്ളം ഒഴുകുന്നതുമായ വിധത്തിൽ ഒരു സൗധം നിർമ്മിച്ച ശേഷം അദ്ദേഹം അവരെ കൊട്ടാരത്തിലേക്ക് ക്ഷണിക്കുകയും അങ്ങനെ അവർ കൊട്ടാരത്തിൽ പ്രവേശിക്കുമ്പോൾ മുകളിൽ കണ്ണാടി പാകിയതറിയാതെ അതുതന്നെയാണ് ജലസംഭരണി എന്ന് കരുതി വെള്ളത്തിൽ ചവിട്ടാനെന്നോണം ഭാവിച്ചു നിൽക്കുമ്പോൾ ഹദ്റത്ത് സുലൈമാൻ നബി(അ) അവർക്ക് യാഥാർത്ഥ്യം മനസ്സിലാക്കി കൊടുക്കുകയാണ്. ‘ഇത് നീ ശങ്കിക്കുന്നതുപോലെ വെള്ളമല്ല. മിനുസമുള്ള കണ്ണാടി പടുത്തിട്ടുള്ള സൗധം മാത്രമാണ്. ഇപ്രകാരം സൂര്യനല്ല മറിച്ച് അവയെല്ലാം സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അണിയറ ശില്പി യാകുന്നു ദൈവം. സൂര്യൻ അവനെ പ്രതിഫലിപ്പിക്കുന്ന കേവല കിരണമാകുന്നു. ഇപ്രകാരം യുക്തി അവലംബിച്ചുകൊണ്ട് സന്ദർഭോചിതം നൽകിയ ഉപദേശങ്ങൾ രാജ്ഞിയിൽ സ്വാധീനം ചെലുത്തുകയും അവർ പരമോന്നത ദൈവത്തെ അറിയുകയും അംഗീകരിക്കുകയും തനിക്ക് പറ്റിയ അബദ്ധം ഏറ്റു പറയുകയും ചെയ്തു. '**എന്റെ നാഥാ ഞാൻ സ്വയം എന്നോട് തന്നെ അധർമ്മം പ്രവർത്തിച്ചു പോയി, സുലൈമാനോടൊപ്പം സർവ്വലോക പരിപാലകനായ ദൈവത്തിനു ഞാൻ സ്വയം അർപ്പണം ചെയ്തിരിക്കുന്നു.**’ (വി. ഖുർആൻ 27:45)

### പ്രകൃതി പ്രതിഭാസങ്ങളിൽ
### ആത്മീയ ലോക സാദൃശ്യം

അന്യോന്യമുള്ള പൊരുത്തവും ബന്ധവും ആകാശഭൂമികളിലുള്ള സൃഷ്ടിപ്പിലും ദർശിക്കാൻ കഴിയും. അവക്ക് പിന്നിലെ നിയന്താവും നിയാമകനുമാണ് ദൈവമെന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഭൗതിക നിയമങ്ങളിൽ പ്രകടരൂപത്തിൽ കാണുന്ന വ്യവസ്ഥക്കനുസൃതമായി തന്നെയാണ് ദൈവത്തിന്റെ ആത്മീയ പ്രവർത്തനങ്ങളും നടക്കുന്നത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: '**അല്ലാഹു ആകാശത്തുനിന്ന് ജലമിറക്കി എന്നിട്ട് ഭൂമിയുടെ നിർജീവതക്കു ശേഷം അതുകൊണ്ട് അവനതിനെ സജീവമാക്കി. ശ്രദ്ധിച്ചു കേൾക്കുന്ന ജനത്തിന് ഇതിൽ തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്.**' (16:66) '**ആവർത്തിച്ചാവർത്തിച്ചു മഴവർഷിക്കുന്ന മേഘങ്ങളെ കൊണ്ട് സത്യം. പിളർന്നു സസ്യലതാതികൾ മുളപ്പിക്കുന്ന ഭൂമിയെക്കൊണ്ടും സത്യം. നിശ്ചയമായും ഇതൊരു ഖണ്ഡിത വചനമാകുന്നു. ഇതു വിനോദവാക്കല്ല.**' (86:12-15) പരാമൃഷ്ട ഖുർആനിക സൂക്തങ്ങൾ ദൈവത്തിന്റെ ആത്മീയ നിയമങ്ങളുടെ തത്വസാരങ്ങളിലേക്കാണ് വെളിച്ചം വീശുന്നത്. ആകാശവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ എടുത്തു കാണിച്ചതിനെ തുടർന്ന് പറയുന്നത് ദൈവത്തിൽ നിന്നും ഇറങ്ങിയിട്ടുള്ള ഈ വചനങ്ങൾ ഖണ്ഡിതങ്ങളാകുന്നു, വിനോദവാക്കല്ല എന്നാണ്. വർഷപാതത്തിലൂടെ ഭൂമി ഹരിതാഭമായിത്തീരുകയും വറ്റിവരണ്ട അവസ്ഥക്ക് മാറ്റമുണ്ടാകുകയും ചെയ്യുന്നതുപോലെ ദൈവിക വെളിപാടുകളുമായി ആഗതരാകുന്ന ദൈവദൂതന്മാർ മുഖേനയും തദനുസൃതമായ പരിവർത്തനമാണ് ലോകത്തുണ്ടാകുന്നത് അവരിലൂടെ ആത്മീയ നിർജ്ജീവാവസ്ഥക്ക് പരിഹാരമാകുകയും ആത്മീയമായ ഉദ്ഗതി ഭൂമിയിൽ സംജാതമാകുകയും ചെയ്യുന്നു. ഈ വിവരണത്തിൽ ഒരു ഭാഗം ഇവിടെ കുറിക്കുന്നു: ‘കാലോചിതമായും ഹിതാസൃതമായും ആകാശത്തിൽ നിന്നും മഴയുണ്ടാകുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടുവരുന്ന നിയമവ്യവസ്ഥയാണല്ലോ ഭൂമിയിൽ കാണുമാറാകുന്ന പച്ചളിപ്പിനും തഴപ്പിനും ആശ്രയമാകുന്നത് വർഷജലമാകുന്നു. ആകാശത്തു നിന്ന് മഴയുണ്ടാകുന്നില്ലെങ്കിൽ ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങനെ ഭൂമിയിലെ വെള്ളത്തിനും വർഷമഴയ്ക്കും ജലത്തിനും തമ്മിൽ ഒരു ബന്ധവും ആകർഷണവുമുണ്ടെന്ന് കാണാം അതുകൊണ്ടു തന്നെയാണ് മഴ പെയ്താൽ കിണറുകളിൽ വെള്ളം പൊന്തി വരുന്നത് എന്തെന്നാൽ ആകാശത്തുനിന്നുള്ള വർഷജലം ഭൂമിയുടെ അടിയിലുള്ള വെള്ളത്തെ മുകളിലേക്ക് ആകർഷിച്ചു കൊണ്ടു വരുന്നു. ഇത്തരത്തിലുള്ള ഒരു ആകർഷണവും ബന്ധവും ആണ് ദൈവബോധത്തിനും വിവേകബോധത്തിനുമുള്ളത്. ദൈവബോധനം സ്വർഗീയ ജലവും വിവേക ബുദ്ധി ഭൗമിക ജലവുമാണെന്ന് പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളം കൊണ്ടാണ് നിർമ്മലമായി നിർത്തപ്പെടുന്നത്. അതുപോലെ സ്വർഗീയ സലിലമാകുന്ന ദൈവവചനത്തിന്റെ സ്വീകർത്താവായ സത്യാത്മാവിന്റെ ആഗമനം കൊണ്ടനുഗൃഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞു പോകുന്നതായാൽ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ വെള്ളം വറ്റി മലിനമായിത്തീരുന്നത് പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചുപോകുന്നു’

*(ഇസ്‌ലാം മതത്ത്വജ്ഞാനം)*

ലേഖനം

# ഇസ്‌ലാം ലോകത്തിന് ഭീഷണിയോ?


**ഒരു നൂറ്റാണ്ട് മുമ്പ് അമേരിക്കൻ പണ്ഡിതനായ ക്രഫോർഡ് എച്ച് ടോയ് പറഞ്ഞത് പോലെ ഇസ്‌ലാം ഒരിക്കലും യൂറോപ്പിന് ഭീഷണിയല്ല. ക്രിസ്ത്യാനികൾ ചെയ്തത് പോലെ കീഴടക്കിയവരെ കൊല്ലുകയും ബാക്കിയായവരെ മതപരിവർത്തനം നടത്തി കൃസ്ത്യാനികളാക്കുന്ന രീതി ഇസ്‌ലാമിക ചരിത്രത്തിലില്ല. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്[അ]ന്റെ വാദങ്ങൾ ഇസ്‌ലാമിന്റെ പുതിയ വാഗ്ദാനമാണെന്നും അദ്ദേഹം പറയുന്നു.**

**ത്വാഹിർ തൻവീർ, ഫിൻലന്റ്**

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിന്റെ 'മുഹമ്മദൻ അപകടം' എന്നറിയപ്പെടുന്ന ഭീതി പാശ്ചാത്യ ലോകമെമ്പാടും വ്യാപിക്കുകയുണ്ടായി. ഇസ്‌ലാം യൂറോപ്യൻ നാഗരികതയ്ക്ക് ഗുരുതരവും ആസന്നവുമായ ഒരു ഭീഷണി ഉയർത്തുന്നു എന്ന വിശ്വാസമാണ് ഈ ഭീതിയെ നയിക്കുന്നത്. ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നും യൂറോപ്യന്മാരെ പുറത്താക്കുന്ന ആഗോള ജിഹാദിന്റെ സംഹാരശക്തിയുമായി ഇസ്‌ലാം വരുന്നു എന്ന ഇസ്‌ലാമിനെക്കുറിച്ചുള്ള ഊതിപെരുപ്പിച്ച ധാരണ പലപ്പോഴും ഈ ഭയത്തിന് ആക്കം കൂട്ടി. ഒരു നൂറ്റാണ്ടിനുശേഷം, സമാനമായ ഉത്കണ്ഠകൾ രാഷ്ട്രീയ വ്യവഹാരത്തെ രൂപപ്പെടുത്തുന്നത് തുടരുകയാണ്. പലരും ഇപ്പോഴും ഇസ്‌ലാമിനെ അക്രമാസക്തവും വിപുലീകരണവാഞ്ചയുള്ള ഒരു മതമായിട്ടാണ് കാണുന്നത്. 'ഇസ്‌ലാമോഫോബിയ' പോലുള്ള പദങ്ങൾ ഇസ്‌ലാമിനെക്കുറിച്ചുള്ള പൊതുവായ ലോകവീക്ഷണത്തിന്റെ നിദർശനമാണ്. എന്നിരുന്നാലും, ചരിത്രത്തിന്റെയും സമകാലിക വിദഗ്ദ പഠനങ്ങളുടെയും കണ്ണിലൂടെ ഈ ഭയങ്ങൾ പരിശോധിക്കുമ്പോൾ, ഇത്തരം ആശയങ്ങൾ തെറ്റിദ്ധാരണകളിലും രാഷ്ട്രീയ അജണ്ടകളിലും ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെയും ചരിത്രത്തിന്റെയും കരുതിക്കൂട്ടിയുള്ള തിരഞ്ഞെടുത്ത് വചനങ്ങളുടെ വ്യാഖ്യാനങ്ങളിലും ആഴത്തിൽ വേരുകളുള്ള പ്രചരണങ്ങളാണെന്ന് നമുക്ക് കണ്ടെത്താനാവും. ഈ ലേഖനത്തിൽ, 1900-കളുടെ തുടക്കത്തിൽ പ്രചാരത്തിലുണ്ടായിരുന്ന 'ഇസ്‌ലാം അപകടകരമായ ശക്തി' എന്ന ധാരണ ഇന്നും പ്രതിധ്വനിക്കുകയാണ്. ഇസ്‌ലാമിനെ കുറിച്ചുള്ള ഈ ഭീതി സങ്കൽപ്പം അന്നും ഇന്നും വളരെയധികം ചർച്ച ചെയ്യപ്പെട്ടതാണെങ്കിലും കൂടുതൽ സൂക്ഷ്മമായ പരിശോധന ആവശ്യമായി വരുന്നത് എന്തുകൊണ്ടാണെന്ന് നാം അന്വേഷിക്കേണ്ടതുണ്ട്.

### ക്രഫോർഡ് എച്ച് ടോയിയുടെ ധീരമായ വിശകലനം

1905 ജൂൺ 9 ന് ഫിൻലൻഡിൽ ഒരു സ്വീഡിഷ് ഭാഷാ പത്രമായ 'അബോ-ടൈഡിംഗ്' പ്രശസ്തനായ അമേരിക്കക്കാരൻ കഫോർഡ് എച്ച് ടോയിയുടെ ഒരു (1836-1919) രാഷ്ട്രീയ വിശകലന ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിലെ അക്കാദമിക് വൃത്തങ്ങളിലെ ഒരു പ്രമുഖ വ്യക്തിയും ഹാർവാർഡ് സർവകലാശാലയിലെ പ്രൊഫസറുമായിരുന്നു അദ്ദേഹം. അവിടെ അദ്ദേഹം അറബി, ഹീബ്രു, മിഡിൽ ഈസ്റ്റിലെ മറ്റ് ഭാഷകൾ എന്നിവയുൾപ്പെടെ സെമിറ്റിക് ഭാഷകളിൽ വൈദഗ്ധ്യം നേടിയ അദ്ധ്യാപകനായി ജോലിചെയ്യുകയുണ്ടായി.



ക്രഫോർഡ് എച്ച് ടോയ്
(1836-1919)

കാഫോർഡ് എച്ച് ടോയിയുടെ കാഴ്ചപ്പാടുകൾ പലപ്പോഴും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പുരോഗമനപരമായിരുന്നു. മതത്തോട് കൂടുതൽ ഉദാരവും പണ്ഡിതോചിതവുമായ സമീപനമായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. പ്രഖ്യാതനായ അദ്ദേഹം മതഗ്രന്ഥങ്ങളുടെ പരമ്പരാഗത വ്യാഖ്യാനങ്ങളെ അംഗീകരിച്ചിരുന്നില്ല. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിച്ചിരുന്ന പരിവർത്തനം ചെയ്യപ്പെട്ട യൂണിറ്റേറിയൻ ക്രിസ്ത്യാനിയായിരുന്നു അദ്ദേഹം. മുഹമ്മദ് നബി[സ]യുടെ സമ്പൂർണ്ണ മാതൃകയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സാക്ഷ്യവും വാഗ്ദത്ത മസീഹി[അ]ന്റെ സത്യസന്ധവും




ശാന്തിയെ കുറിച്ചുള്ള അദ്ധ്യാപനങ്ങളുടെ അംഗീകരണവും ഇസ്ലാം വിരുദ്ധ ധാരണ വെച്ചുപുലർത്തുന്ന ലോകത്തിന് വായിക്കാൻ മാതൃകാപരമായ വിജ്ഞാനങ്ങളാണ്. ഡച്ച് പത്രത്തിൽ 1905 ജൂൺ 9 ന് വന്ന പ്രസ്തുത ലേഖനം വായനക്കാരുടെ അറിവിലേക്കായി താഴെ ക്കൊടുക്കുന്നു.

"ഉണരുന്ന ചൈനയുടെ ദശലക്ഷക്കണക്കിന് ആളുകളിൽ നിന്നും പടിഞ്ഞാറിനുള്ള ഭീഷണിയെ സൂചിപ്പിച്ചുകൊണ്ട് "പീതവർണ്ണ നാശം' എന്ന് വിശേഷിപ്പിച്ചിരുന്നു. ഇപ്പോൾ, സമീപവർഷങ്ങളിലായി ചില വിദേശ എഴുത്തുകാർ അത്യന്തം അതിശയോക്തി കലർത്തികൊണ്ട് ഒരു മുസ്ലിം അപകടം വരാനുള്ള സാധ്യതയെക്കുറിച്ച് ഊഹങ്ങൾ പരത്തുകയാണ്. 'വിശുദ്ധ യുദ്ധം' അല്ലെങ്കിൽ 'ജിഹാദ്' ഇസ്ലാമിക വിശ്വാസത്തിന്റെ കേന്ദ്ര സിദ്ധാന്തമാണെന്നും അത്തരമൊരു യുദ്ധം ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നും യൂറോപ്യന്മാരെ പൂർണ്ണമായും പുറത്താക്കുന്നതിന് കാരണമാകുമെന്നും അവർ അഭിപ്രായപ്പെടുന്നുണ്ട്. കൂടാതെ, 'അവിശ്വാസികൾ' ക്കെതിരായ ഒരു പൊതുപ്രക്ഷോഭം ഇപ്പോൾ ഇസ്ലാമിന്റെ ഏകദേശം 200 ദശലക്ഷം അനുയായികൾക്കിടയിൽ യഥാർത്ഥത്തിൽ രൂപപ്പെട്ടുവരുന്നുണ്ടെന്നും അത്തരം യൂറോപ്യൻ എഴുത്തുകാർ അവകാശപ്പെടുന്നു.'

ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ഓറിയന്റൽ ഭാഷകളുടെ പ്രൊഫസറായ കഫോർഡ് എച്ച് ടോയ് എന്ന അമേരിക്കൻ പണ്ഡിതൻ മേൽപറഞ്ഞ വിവരണത്തിനെതിരെ സംസാരിക്കുകയും ഈ അപകടസാധ്യത വളരെയധികം അതിശയോക്തിപരമാണെന്ന് വാദിക്കുകയും ചെയ്തു.

'ജിഹാദ്'എന്ന അറബി പദത്തിന് വിശുദ്ധ യുദ്ധം എന്ന അർത്ഥമില്ലെന്ന് അദ്ദേഹം ആദ്യം ചൂണ്ടിക്കാണിക്കുന്നു. അതിന് ഒരു സായുധ ശ്രമത്തെ സൂചിപ്പിക്കാൻ കഴിയുമെങ്കിലും, അതിന്റെ സാധാരണ അർത്ഥം സമാധാനപരമായ സ്വഭാവമുള്ള കഠിനമായ പ്രയത്നം എന്നാണ്. അനുനയിപ്പിക്കൽ, സാമ്പത്തിക വാഗ്ദാനങ്ങൾ, നിഷ്ക്രിയ ആത്മ സംയമനം പ്രതിരോധം മുതലായവയിലൂടെയെല്ലാം ഇത് സാധ്യമാക്കാം. ഖുർആനിൽ ഈ പദം 36 തവണ പ്രത്യക്ഷപ്പെടുന്നു, മിക്ക വിഷയങ്ങളിലും ഇത് വ്യക്തമായും യുദ്ധത്തെയല്ല പരാമർശിക്കുന്നത്. പകരം 'പരിശ്രമിക്കുക' എന്നാണ് വിവർത്തനം ചെയ്യാൻ കഴിയുക.'

'വ്യത്യസ്ത വിശ്വാസക്കാർക്കെതിരെ പ്രകോപനമില്ലാതെ ആക്രമണം നടത്താൻ ഒരിക്കലും മുഹമ്മദ് വാദിച്ചില്ല. പല കേസുകളിലും, മുസ്ലിം ജേതാക്കൾ കീഴടക്കിയവരെ ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിച്ചില്ല. മറിച്ച് അവർ ആഗ്രഹിക്കുന്നുവെങ്കിൽ അവരുടെ സ്വന്തം വിശ്വാസങ്ങൾ നിലനിർത്താൻ അവരെ അനുവദിക്കുകയാണ് ചെയ്തത്. ചാർലെമെയ്ൻ പോലുള്ള ചില ക്രിസ്ത്യൻ മിഷനറിമാർ ചെയ്തതിൽ നിന്നും ഇത് തികച്ചും വ്യത്യസ്തമാണ്. യുദ്ധത്തിൽ അതിജീവിച്ചവരിൽ പലരെയും അവർ കൊല്ലുകയും അടിമകളാക്കുകയും ചെയ്തു. സാക്സണുകളെ 'മതപരിവർത്തനം' ചെയ്ത് ക്രിസ്ത്യാനിയാക്കുകയുണ്ടായി. എന്നിരുന്നാലും, പ്രവാചകന്റെ തൊട്ടടുത്ത പിൻഗാമികൾക്ക് ശേഷം മുസ്ലിം ശക്തികൾ സ്ഥിരമായി വിജയങ്ങളും ശക്തമായ മതപ്രചാരണവും പിന്തുടർന്നിട്ടുണ്ടെന്നത് ശരിയാണ്. പല മുസ്ലിം നിയമനിർമ്മാതാക്കളും തീയും വാളും ഉപയോഗിച്ച് ഇസ്ലാമിന്റെ വ്യാപനത്തിന് നിർദ്ദേശം നൽകുന്ന-അല്ലെങ്കിൽ കുറഞ്ഞത് അനുവദിക്കുന്ന വിധത്തിൽ ഖുർആനെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും, മുസ്ലിംകളിൽ നിന്ന് ലോകത്തിന്റെ മറ്റ് ഭാഗങ്ങൾക്ക് യഥാർത്ഥ ഭീഷണിയുണ്ടെന്ന് വിശ്വസിക്കുന്നില്ല.'

'യൂറോപ്യൻ മഹാശക്തികളുടെ സമ്മതമില്ലാതെ തുർക്കിക്ക് പ്രവർത്തിക്കാൻ കഴിയില്ല. ഈജിപ്ത് പ്രായോഗികമായി ഒരു ബ്രിട്ടീഷ് പ്രവിശ്യയാണ്. മൊറോക്കോ ഒരു ഫ്രഞ്ച് പ്രവിശ്യയാകാനുള്ള പാതയിലാണ്. അറേബ്യയിൽ, സൈനികശക്തിയില്ലാത്ത വഹാബികള

ല്ലാതെ സംഘടിത സമൂഹമില്ല. (ഇവിടെ, ഗ്രന്ഥകാരൻ അവകാശപ്പെടുന്ന സുൽത്താനെതിരായ വലിയ കലാപങ്ങളെ കുറിച്ചുള്ള റിപ്പോർട്ടുകളും സംഭവങ്ങളും വസ്തുതകളും ഖണ്ഡിക്കപ്പെറ്റുന്നുണ്ട്. എന്നിരുന്നാലും, അറേബ്യയുടെ അതിർത്തികൾക്കപ്പുറമുള്ള മുസ്‌ലിം വിപുലീകരണത്തെ ഭയപ്പെടേണ്ടതില്ല) ഇംഗ്ലണ്ടും റഷ്യയും തമ്മിലുള്ള ശത്രുതയിൽ പേർഷ്യയും അഫ്ഗാനിസ്ഥാനും വെറും കാലാളുകൾ മാത്രമാണ്. ലോകത്തിലെ ഏറ്റവും വലിയ മുസ്‌ലിം ജനസംഖ്യയുള്ള ഇന്ത്യയിൽ ബ്രിട്ടീഷ് രാജവാഴ്ച്ചയുടെ കീഴിൽ വിശ്വസ്ത പ്രജകളായി കഴിയുന്നവരാണ് മുസ്‌ലിംകൾ. അവർക്ക് യാതൊരു രാഷ്ട്രീയ സംഘടനയുമില്ല.

'ഇന്ത്യയിലെ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, അവരിൽ അടുത്തിടെയുള്ള ഒരു മിശിഹാ എന്ന വകാശപ്പെടുന്ന വ്യക്തി മിർസാ ഗുലാം അഹ്മദ്, പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ആദ്യത്തെ മിശിഹായെപ്പോലെ തന്നെ സമാധാന പ്രസംഗം നടത്താനും എല്ലാ യുദ്ധങ്ങളും നിർത്തലാക്കാനും അയച്ചതാണെന്ന് 'റിവ്യൂ ഓഫ് റിലീജിയൻസ്' ലെ ഒരു ലേഖനത്തിൽ ശക്തമായി ഊന്നിപ്പറഞ്ഞുവെന്നത് ശ്രദ്ധേയമാണ്. 'ഇന്ന് ഒരു പരിഷ്കൃത രാഷ്ട്രവും മതപരമായ കാര്യങ്ങളിൽ വാൾ ഉപയോഗിക്കുന്നില്ല', ഈ പുതിയ പ്രവാചകൻ എഴുതുന്നു. 'രക്തദാഹിയായ മഹ്ദിയിൽ വിശ്വസിക്കുന്നത് ദൈവിക ഇച്ഛക്ക് വിരുദ്ധമാണ്'. യുദ്ധകലയിൽ ക്രിസ്ത്യൻ രാജ്യങ്ങൾ മുസ്‌ലിംകളേക്കാൾ വളരെ മികച്ചവരാണെന്ന് ചൂണ്ടിക്കാണിച്ച അദ്ദേഹം, യുദ്ധത്തിലൂടെ ഇസ്‌ലാം വ്യാപിപ്പിക്കാൻ ദൈവം ഉദ്ദേശിക്കുന്നില്ല എന്നതിന്റെ തെളിവായി ഇതിനെ കാണുന്നു.

'രക്തദാഹികളായ മഹ്ദിമാർ ഇടയ്ക്കിടെ മുസ്‌ലിം രാജ്യങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. എന്നിരുന്നാലും, സുഡാനിൽ ഏറ്റവും പുതിയതിന്റെ അന്ത്യം അതിനെ അനുകരിക്കുന്നവരെ പിന്തിരിപ്പിക്കാൻ സാധ്യതയുണ്ട്. ആഫ്രിക്കയിലെ ശക്തമായ പൗര സാഹോദര്യം പോലെ നിയമാനുസൃതമായി തന്നെ മുസ്‌ലിം അധികാരികൾ എല്ലായ്പ്പോഴും അത്തരം പ്രസ്ഥാനങ്ങളെ എതിർക്കുന്നു.'

## ഉപസംഹാരം

ഇന്നത്തെ ഇസ്‌ലാമിനെക്കുറിച്ചുള്ള ധാരണകൾ പരിഗണിക്കുമ്പോൾ, നിലവിലെ മുസ്‌ലിം ലോകത്തിലെ പ്രക്ഷുബ്ധമായ രാഷ്ട്രീയ വ്യവഹാരങ്ങൾ ഉണ്ടാക്കുന്ന പല ഭയങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാല കാഴ്ചപ്പാടുകളുടെ അതേ ചരിത്രപരമായ തെറ്റിദ്ധാരണകളിലും രാഷ്ട്രീയ ഉദ്ദേശ്യങ്ങളിലും വേരൂന്നിയതാണെന്ന് വ്യക്തമാണ്. അക്രമാസക്തമായ പ്രത്യയശാസ്ത്രങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും അവ വിശാലമായ മുസ്‌ലിം ലോകത്തെ പ്രതിനിധീകരിക്കുന്നില്ല. മറ്റ് പല മതങ്ങളെയും പോലെ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം സമാധാനത്തിനും സഹിഷ്ണുതയ്ക്കും സഹവർത്തിത്വത്തിനും അധിഷ്ഠിതമാണ്.

ഉപസംഹാരമായി, ഒരു നൂറ്റാണ്ട് മുമ്പ് അമേരിക്കൻ പണ്ഡിതനായ ക്രോഫോർഡ് എച്ച് ടോയ് വാദിച്ചതുപോലെ, വരാനിരിക്കുന്ന ആഗോള ജിഹാദിന്റെയോ പ്രക്ഷോഭത്തിന്റെയോ രൂപത്തിൽ ഇസ്‌ലാമിൽ നിന്ന് നിന്ന് ലോകത്തിന് കാര്യമായ ഭീഷണിയൊന്നുമില്ല. ആധുനിക 'മുഹമ്മദൻ അപകടം' അല്ലെങ്കിൽ 'ഇസ്ലാമോഫോബിയ' പല തരത്തിൽ രാഷ്ട്രീയ ഭയങ്ങളുടെയും ചരിത്രപരമായ തെറ്റായ വ്യാഖ്യാനങ്ങളുടെയും ഇസ്‌ലാമിക വിശ്വാസത്തിന്റെ യഥാർത്ഥ സത്തയെക്കുറിച്ചുള്ള ധാരണയുടെ അഭാവത്തിന്റെയും പ്രതിഫലനമായി തുടരുന്നു. ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ ധാരണകളെ രൂപപ്പെടുത്തുന്നത് തുടരുമ്പോഴും ഖുർആനിൽ വേരൂന്നിയതും അഹ്മദീയാ മുസ്‌ലിം ജമാഅത്തിലൂടെ പ്രാവർത്തികമായതുമായ ഇസ്‌ലാമിന്റെ സമാധാനപരമായ അദ്ധ്യാപനങ്ങൾ സംഘർഷത്തേക്കാൾ വിദ്യാഭ്യാസം, സംവാദം, സഹകരണം എന്നിവയ്ക്ക് മുൻഗണന നൽകുന്ന ഒരു പുതിയ പാത വാഗ്ദാനം ചെയ്യുന്നു.

21-ാം നൂറ്റാണ്ടിലേക്ക് നീങ്ങുമ്പോൾ, ഇസ്‌ലാമിനെക്കുറിച്ചുള്ള നമ്മുടെ ധാരണയെ പലപ്പോഴും നിർവചിക്കുന്ന കെട്ടുകഥകളിൽ നിന്നും സ്റ്റീരിയോടൈപ്പുകളിൽ നിന്നും മോചനം നേടേണ്ടത് പ്രധാനമാണ്, ഇത് പഠിക്കാൻ കഴിയുന്ന ഏറ്റവും മികച്ച സ്ഥലം അഹ്മദീയാ മുസ്‌ലിം ജമാഅത്തിന്നുള്ളിലെ ഖിലാഫത്ത് സ്ഥാപനമാണ്. ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ, ലോകത്തിൽ സമാധാനത്തിനായി പരിശ്രമിച്ചുകൊണ്ട് ജിഹാദിന്റെ യഥാർത്ഥ അർത്ഥം ഉദാഹരിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നു. ഈ തെറ്റിദ്ധാരണകൾ നിലനിൽക്കുന്നുവോ അതല്ല ഇസ്‌ലാമിനെ കുറിച്ചുള്ള കൂടുതൽ കൃത്യവും സമാധാനപരവുമായ വീക്ഷണം നിലനിൽക്കുകയും കൂടുതൽ ആഗോള ഐക്യം വളർത്തുകയും ചെയ്യുമോ എന്ന് ഭാവി തെളിയിക്കുന്നതായിരിക്കും. ലോകം ഉടൻ തന്നെ ഈ തിരിച്ചറിവിലേക്ക് വരികയും അത് വിദ്വേഷത്തിന്റെയും യുദ്ധത്തിന്റെയും ഭീകരതയിൽ നിന്ന് സ്വയം രക്ഷപ്പെടുകയും ചെയ്യുമെന്ന് നമുക്ക് പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

മൂന്നാം ഭാഗം

# ലോക സമാധാനത്തിന് ഖുർആൻ നൽകുന്ന പാഠവും അഹ്മദിയ്യാ ഖലീഫയുടെ പരിശ്രമങ്ങളും

ഇബ്നു വഫാ, ബേപ്പൂർ

പ്രതിരോധ യുദ്ധങ്ങൾക്കുള്ള അനുമതി നൽകിക്കൊണ്ട് മുസ്ലിംകൾക്കു നൽകിയതു പോലുള്ള അധ്യാപനങ്ങൾ മറ്റ് ഒരു മതത്തിലും നമുക്കു കാണുവാൻ സാധിക്കുകയില്ല. അല്ലാഹു പറയുന്നു:

وَقَاتِلُوا فِي سَبِيلِ اللَّهِ الَّذِينَ يُقَاتِلُونَكُمْ
وَلَا تَعْتَدُوا إِنَّ اللَّهَ لَا يُحِبُّ الْمُعْتَدِينَ

(നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ. ഖുർആൻ 2:191) മറ്റൊരു സ്ഥലത്ത് പറയുന്നു

إِنْ عَاقَبْتُمْ فَعَاقِبُوا بِمِثْلِ مَا عُوقِبْتُمْ بِهِ وَلَئِنْ
صَبَرْتُمْ لَهُوَ خَيْرٌ لِلصَّابِرِينَ

(നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ അക്രമിക്കപ്പെട്ടത് ഏതു അളവിലാണോ അതിനു തുല്യമായതു കൊണ്ട് മാത്രം നിങ്ങൾ പ്രതികാരം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ ക്ഷമാശീലർക്ക് അത് ഏറ്റവും ഉത്തമമായിരിക്കും ഖുർആൻ 16:127)

കാര്യങ്ങൾ നീതി പൂർവം മാത്രമേ ചെയ്യുവാൻ പാടുള്ളു എന്നുപദേശിച്ചു കൊണ്ട് ഖുർആൻ വീണ്ടും പറയുന്നു:

وَقَاتِلُوهُمْ حَتَّى لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ لِلَّهِ
فَإِنِ انْتَهَوْا فَلَا عُدْوَانَ إِلَّا عَلَى الظَّالِمِينَ

(ഫിത്ന ഇല്ലാതാവുകയും മതം സ്വീകരിക്കുന്നത് അല്ലാഹുവിനു വേണ്ടിയുള്ളതാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോടു യുദ്ധം ചെയ്യുക. എന്നാൽ അവർ വിരമിക്കുകയാണെങ്കിൽ അറിയുക, അക്രമികളല്ലാത്തവരുടെ മേൽ യാതൊരു കയ്യേറ്റവും വിഹിതമല്ല. ഖുർആൻ 2:194)

الصُّلْحُ خَيْرٌ

(രഞ്ജിപ്പ് ഏറ്റവും ഉത്തമമാകുന്നു 4:129) എന്ന ഖുർആന്റെ അതി മഹത്തായ അധ്യാപനമനുസരിച്ച് രഞ്ജിപ്പിലൂടെ സമാധാനം കൈവരിക്കാൻ സാധിക്കുകയാണെങ്കിൽ ഖുർആന്റെ കൽപന ഇങ്ങനെയാണ്;

وَإِنْ جَنَحُوا لِلسَّلْمِ فَاجْنَحْ لَهَا وَتَوَكَّلْ عَلَى اللَّهِ
إِنَّهُ هُوَ السَّمِيعُ الْعَلِيمُ

(അവർ സമാധാനത്തിലേക്കു ചായുന്നു വെങ്കിൽ നീയും അതിലേക്കു ചായുക. അല്ലാഹുവിങ്കൽ ഭരമേൽപിക്കുകയും ചെയ്യുക. തീർചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലം അറിയുന്നവനുമാകുന്നു ഖുർആൻ 8:62)

ലോക സമാധാനവുമായി ബന്ധപെട്ട ഇസ്ലാം കാഴ്ച വെയ്ക്കുന്ന സുന്ദരമായ അധ്യാപനങ്ങളുടെ ഒരു രൂപരേഖയാണിത്. മുസ്ലിംകളും, ലോക സമാധാനം ആഗ്രഹിക്കുന്ന എല്ലാ ഓരോരുത്തരും ഈ അദ്ധ്യാപനങ്ങളുടേയും ഉപദേശങ്ങളുടേയും സംബോധിതരാണ്.

## സമാധാനത്തിനായുള്ള ഖലീഫത്തുൽ മസീഹിന്റെ പരിശ്രമങ്ങൾ

2003 ൽ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് അയ്യദഹുല്ലാഹു തആലാ ബി നസ്രിഹിൽ അസീസ് അഹ്മദിയാ ജമാഅത്തിന്റെ അഞ്ചാം ഖലീഫയായി അവരോധിക്കപ്പെട്ടതു മുതൽ ലോകത്തു സമാധാനം നില നിർത്തുന്നതിനു വേണ്ടിയും, ഇസ്ലാമിന്റെ യഥാർത്ഥ മുഖം ലോകത്തിനു മുന്നിൽ പ്രദർശി പ്പിക്കുന്നതിനു വേണ്ടിയും, ഇസ്ലാമിന്റെ അധ്യാപനങ്ങൾ ലോകത്തിനു മുന്നിൽ വിവരിച്ചു കാണിക്കുന്നതിനുമായി വളരെയധികം പരിശ്രമിക്കുകയും വിപുലമായ രീതിയിലുള്ള പല പദ്ധതികളും ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഹുദൂറിന്റെ ആ ഭഗീരഥ യത്നങ്ങൾ വിവിധ രൂപത്തിലുള്ളവയായിരുന്നു. ഹുദൂർ തന്റെ പ്രസംഗങ്ങളിലൂടേയും വെള്ളിയാഴ്ച ഖുത്ബയിലൂടേയും ലോകം നേരിടുന്ന യഥാർഥ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ടായിരുന്നു. രാഷ്ട്രതലവന്മാരുമായും മതനേതാക്കളുമായും കൂടിക്കാഴ്കൾ നടത്തിക്കൊണ്ട് ഇസ്ലാമിനുമേൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾക്ക് മറുപടി നൽകി തെറ്റിദ്ധാരണകളെ ദൂരീകരിക്കാറുണ്ടായിരുന്നു. അതുപോലെ, പീസ് കോൺഫറൻസുകൾ (സമാധാന സമ്മേളനങ്ങൾ) ധാരാളമായി സംഘടിപ്പിക്കാറുണ്ടായിരുന്നു. മഹാശക്തികളെന്നറിയപ്പെടുന്ന രാജ്യങ്ങളുടെ തലവന്മാർക്ക് കത്തുകളെഴുതിയിട്ടുണ്ടായിരുന്നു. അതു പോലെ ലോകത്തിന്റെ പല ഭാഗത്തും പീസ് വാക്ക് സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. മറ്റൊന്ന്, സമാധാനത്തെക്കുറിച്ചും അനുരജ്ഞനത്തെക്കുറിച്ചുമുള്ള ഇസ്ലാമിക അധ്യാപനങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖ

കൾ ധാരാളമായി ഹുദൂറിന്റെ നിർദേശാനുസരണം ലോകത്തു വിതരണം ചെയ്തിട്ടുണ്ടായിരുന്നു. അതുപോലെ അന്യമതസ്ഥരുടെ ഹൃദയങ്ങളിൽ ഇസ്‌ലാമിനോടു ആദരവും സ്നേഹവും വർദ്ധിപ്പിക്കുന്നതിനായി പുതുതായി നിർമ്മിക്കപ്പെടുന്ന പള്ളി ഉദ്ഘാടന വേളകളിൽ മറ്റു മതസ്ഥരേയും മതനേതാക്കളേയും ക്ഷണിക്കുകയും പങ്കെടുപ്പക്കുകയും ചെയ്യാറുമുണ്ടായിരുന്നു. പാവപ്പെട്ട രാജ്യങ്ങളിൽ ക്ലിനിക്കുകളും ആശുപത്രികളും സ്കൂളുകളും കോളേജുകളും പുതുതായി തുറന്നു പ്രവർത്തനമാരംഭിക്കാറുണ്ടായിരുന്നു. ലോക വ്യാപകമായി അഹ്മദിയാ ജമാഅത്ത് സമാധാനത്തിനും ജീവകാരുണ്യത്തിനുമായി ചെയ്തു കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ അഞ്ചാം ഖിലാഫത്തിന്റെ സവിശേഷതകളാണ്.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസി (അയ്യദഹു) നു ലഭിച്ച അല്ലാഹുവിന്റെ അനുഗ്രഹവും പിന്തുണയും കൊണ്ട് ഹുദൂർ ചെയ്തു കൊണ്ടിരിക്കുന്ന പ്രയത്നങ്ങൾക്കു ലോകത്ത് വലിയ അംഗീകാരവും സ്വീകാര്യതയും ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. ലോകരാഷ്ട്ര നേതാക്കളും വിവിധ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളും മതനേതാക്കളും ഹുദൂറിനെ ഈ കാര്യത്തിൽ വളരെയധികം അനുമോദിക്കുകയും ഈ കാലഘട്ടത്തിൽ സമാധാനത്തിന്റെ ദൂതൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്നേയാണെന്നും അവരാണു ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം ലോകത്തു പ്രചരിപ്പിക്കുന്നതെന്നും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

### പീസ് സിമ്പോസിയം

അഹ്മദിയ്യാ ജമാഅത്ത് എല്ലാ കാലത്തും പീസ് കോൺഫറൻസ് (സമാധാന സമ്മേളനങ്ങൾ) നടത്താറുണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസിന്റെ നേതൃത്വത്തിൽ ലണ്ടനിൽ കൊറോണയുടെ രണ്ടു വർഷത്തെ ഇടവേള ഒഴികെ ബാക്കി എല്ലാ വർഷവും 2004 മുതൽ വളരെ ഗംഭീരമായ രീതിയിൽ പീസ് കോൺഫറൻസുകൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതിൽ രാഷ്ട്രത്തലവന്മാരും, മന്ത്രിമാരും, പാർലമെന്റ് അംഗങ്ങളും നയതന്ത്ര പ്രതിനിധികളും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മതനേതാക്കളും പങ്കെടുക്കാറുണ്ട്. ആ സമ്മേളനങ്ങളിൽ ഹുദൂർ നേരിട്ടു പങ്കെടുത്തുകൊണ്ട് ലോക സമാധാനത്തിന് ആവശ്യമായ വളരെ വിലയേറിയ നിർദേശങ്ങൾ നൽകാറുമുണ്ട്.

2024 ലെ സിമ്പോസിയത്തിൽ പങ്കെടുത്തു സംസാരിച്ചു കൊണ്ട് ഹുദൂർ പറയുകയാണ്: ഞാൻ കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി ലോകത്തിലെ മുഴുവൻ ഭരണ കർത്താകളോടും രാഷ്ട്രീയ നേതാക്കളോടും സാധാരണ ജനങ്ങളോടും തങ്ങളുടെ അഭിപ്രായ ഭിന്നതകൾ മറന്നുകൊണ്ട് യഥാർഥത്തിലുള്ള ലോക സമാധാനത്തിനായി പരിശ്രമിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. സമാധാനത്തിനു വിഘാതമായി നിലകൊള്ളുന്ന രാഷ്ടീയവും മതപരവുമായ കാര്യങ്ങൾ എല്ലായിപ്പോഴും ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നാം കൂലങ്കഷമായി ചിന്തിക്കുകയാണെങ്കിൽ രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരത്തിന്റേയും പരസ്പരമുള്ള പകയുടേയും പ്രധാന കാരണം സ്ഥിതി സമത്വത്തിന്റേയും നീതിയുടെയും അഭാവമാണെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഞാൻ ഒരിക്കൽ ക്കൂടി ലോക രാജ്യങ്ങളെ സമാധാനത്തിന്റെ പാതയിലേക്കു ക്ഷണിക്കുകയാണ്. ഇസ്‌ലാം മത സ്ഥാപകരായ മുഹമ്മദ് നബി(സ)യുടെ അദ്ധ്യാപനമനുസരിച്ച് ഒരു വിശ്വാസി ഈ കാര്യത്തിനായി എന്നും പരിശ്രമിച്ചു കൊണ്ടിരിക്കേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്തു എല്ലായിപ്പോഴും തന്നെ അശരണരും ദുരിതമനുഭവിക്കുന്നവരുമായ ജനസമൂഹങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി ആത്മാർഥതയോടെ ശബ്ദമുയർത്തിയിട്ടുണ്ട്. മേലിലും അതു തന്നെ ചെയ്യുന്നതാണ്." *(അൽ ഫസ്ൽ ഇന്റർനേഷനൽ 14.03.2024)*

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ മാർഗ്ഗോപദേശവും നിർദേശവുമനുസരിച്ച് ലോകത്ത് വിവിധ രാഷ്ട്രങ്ങളിൽ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ പീസ് കോൺഫറൻസും പീസ് സിമ്പോസിയങ്ങളും കൂടുതലായി സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രസ്തുത പരിപാടികളിൽ ആ രാജ്യങ്ങളിലെ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും പാർലമെന്റ് അംഗങ്ങളും നയതന്ത്ര പ്രതിനിധികളും, മതനേതാക്കളും സമൂഹത്തിലെ ഉന്നതരും ചിന്തകരും പങ്കെടുത്തു സംസാരിക്കാറുണ്ട്. അവരുടെ മുന്നിൽ ലോക സമാധാനത്തെക്കുറിച്ചുള്ള ഇസ്‌ലാമിക വീക്ഷണങ്ങൾ നമ്മുടെ ഭാഗത്തു നിന്ന് വിശദമായി അവതരിപ്പിക്കാറുമുണ്ട്. 2024 ൽ ഇന്ത്യ, ജോർജിയാ, ഫിൻലന്റ്, ഹോളണ്ട്, ഗാംബിയാ, ക്രോയേഷ്യാ തുടങ്ങിയ രാജ്യങ്ങളിലും 2022, 2023ൽ ഗ്രീസ്, ഫ്രാൻസ്,സൗത്ത് ആഫ്രിക്ക, യുഗാണ്ട, കെനിയാ തുടങ്ങിയ രാജ്യങ്ങളിലും പീസ് കോൺഫറൻസ് സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ ന്യൂഡൽഹി, കൊൽക്കത്ത, ഹൈദ്രാബാദ്, ചാണ്ഡിഗഢ്, ഭുവനേശ്വർ, ഗോഹട്ടി എന്നീ പട്ടണങ്ങളിലായിരുന്നു പീസ് കോൺഫറസൻസ് സംഘടിപ്പിച്ചിട്ടുണ്ടായിരുന്നത്.

2016ൽ ഹുദൂറിന്റെ കാനഡ സന്ദർശന വേളയിൽ കാൽഗറിയിൽ (calgary) ചരിത്ര സ്വഭാവമുള്ള ഒരു പീസ് സിമ്പോസിയം സംഘടിപ്പിക്കുകയുണ്ടായി. അതിൽ കാനഡയുടെ പ്രധാനമന്ത്രിയും ധാരാളം മന്ത്രിമാരും മറ്റു ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ടായിരുന്നു.

ഹുദൂർ അയ്യദഹുല്ലാഹ്‌യുടെ സവി ശേഷ നിർദേശമനുസരിച്ചു ആഫ്രിക്കൻ വൻകരയിലും പീസ് കോൺഫറൻസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. അതിന്റെ ഭാഗമായി 2018 നവംബറിൽ ആദ്യ സമ്മേളനം ഘാനയിൽ നടക്കുകയുണ്ടായി. 2019 ഒക്ടോബറിൽ ഗാംബിയയിലും ഹുദൂറിന്റെ നിർദേശമനുസരിച്ച് പീസ് കോൺഫറൻസ് നടക്കുകയുണ്ടായി.

അഹ്മദിയ്യാ ജമാഅത്ത് എല്ലായിപ്പോഴും തന്നെ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി പ്രയത്നിക്കുന്നതോടൊപ്പം അത്തരം പ്രവർത്തനങ്ങളിൽ മുഴുകിയവരെ സഹായിക്കുന്നതിനും (അവർക്കു ഭാവിയിൽ കൂടുതൽ നല്ല നിലയിൽ ജീവകാരുണ്യപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിക്കുന്നതിനുമായി അത്തരം സംഘടനകളെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഒരു ഉദ്ദേശ്യം മുൻനിർത്തി ഹുദൂർ 2009 ൽ Ahmadiyya Muslim Prize for the Advancement of Peace എന്ന പേരിൽ ഒരു സ്ഥിരം അവാർഡ് തന്നെ ആരംഭിക്കുകയുണ്ടായി. ഈ അവാർഡ് എല്ലാ വർഷവും തങ്ങളുടെ മേഖലയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളും സമാധാനം നില നിർത്തുന്നതിനുള്ള മറ്റു പ്രവർത്തനങ്ങളും കാഴ്ച വെക്കുവാൻ പരിശ്രമിക്കുന്നവർക്ക് നൽകപ്പെടുന്നു. ഇതുവരേയും സ്ത്രീകളും പുരുഷന്മാരുമായ പതിനാലു പേർക്ക് ഈ അവാർഡ് ജമാഅത്തിന്റെ ഭാഗത്തു നിന്ന് നൽകപ്പെട്ടിട്ടുണ്ട്. അതിന്റെ ചുരുങ്ങിയ വിവരങ്ങൾ ഇപ്രകാരമാണ്.

1. 2009 ൽ ഈ അവാർഡ് ഡഗയിലെ Lord Eric Avebury ക്കു നൽകുകയുണ്ടായി. ഇദ്ദേഹം 1976 മുതൽ മനുഷ്യാവകാശത്തിനും ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്നു.

2. 2010 ൽ, ദശാബ്ദങ്ങളായി ഈദി ഫൗഡേഷൻ എന്ന സംഘടനയിലൂടെ വളരെ വിപുലമായ രീതിയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്ന പാക്കിസ്താനിലെ അബ്ദുസ്സത്താർ സാഹിബ് ഈദിക്ക് ഈ അവാർഡ് നൽകുകയുണ്ടായി.

3. 2011 ൽ ഈ അവാർഡ് ലോകത്ത് അനാഥരായ കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന SOS Children`s Villages UK എന്ന സംഘടനയ്ക്കു നൽകുകയുണ്ടായി.

4. 2012 ൽ ഘാനയിലെ Dr. Oheneba Boache Adjei ക്ക് ഈ അവാർഡ് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ സംഘടന ലോകത്ത് പ്രത്യേകിച്ച് ആഫ്രിക്കയിൽ 1988 മുതൽ ആരോഗ്യ മേഖലയിൽ വളരെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ച്ച വെച്ചു കൊണ്ടിരിക്കുകയാണ്.

5. 2013 ൽ ഈ അവാർഡ് സ്‌ക്കോട്ലാൻഡിലെ Magnus Mac Farlane Barrow ക്കു നൽകപ്പെടുകയുണ്ടായി. ഇദ്ദേഹത്തിന്റെ സംഘടന വിദ്യാഭ്യാസ മേഖലയിലും പട്ടിണിപ്പാവങ്ങളുടെ വിശപ്പുമാറ്റാൻ കൈക്കൊണ്ട പ്രവർത്തനങ്ങളേയും മുൻനിർത്തിയാണ് ഈ അവാർഡ് നൽകപ്പെട്ടത്.

6. 2014 ൽ ഇന്ത്യയിലെ ശ്രീമതി Sindhutai Sapkal ഈ അവാർഡിന് അർഹയായി. ഇവരുടെ സംഘടന ഇന്ത്യയിൽ അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിൽ അനിതരസാധാരണമായ പല പ്രവർത്തനങ്ങളും കാഴ്ച്ചവെച്ചിട്ടുണ്ട്.

7. 2015 ൽ ഈ അവാർഡ് ഇറാഖിലെ Hadeel Qasim നു നൽകപ്പെട്ടു. ഇദ്ദേഹം ദീർഘകാലമായി യുദ്ധം മൂലം ദുരിതമനുഭവിക്കുന്ന അഭയാർഥികൾക്കായി പ്രത്യേകിച്ചും കുട്ടികളുടെ സംരക്ഷണത്തിനായി പ്രവർത്തിച്ചു വരികയാണ്.

8. 2016 ൽ ഈ അവാർഡ് ജാപ്പാനിലെ Mrs. Setsuko Thurlowക്കു നൽകപ്പെട്ടു. ഇവർ ഹിറോഷിമയിലെ അണുവായുധാക്രമത്തിൽ നിന്നു രക്ഷപ്പെട്ടവരിൽ ഒരാളാണ്. അവർ തന്റെ ജീവിതം അണുവായുധ നിർമാർജ്ജനത്തിനായി അർപ്പണം ചെയ്തിരിക്കുകയാണ്.

9. 2017 ൽ ഈ അവാർഡ് റഷ്യയിലെ Dr. Leonid Roshal നു നൽകപ്പെടുകയുണ്ടായി. ഇദ്ദേഹം ലോകാരോഗ്യ സംഘടനയുടെ തലവനും യുദ്ധം കാരണം ദുരിതമനുഭവിക്കുന്ന കുട്ടികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ആഗോള സംഘടനയുടെ ചെയർമാനുമാണ്. ഈ സംഘടനയ്ക്കു കീഴിൽ ഇപ്പോൾ അറുപതിനായിരത്തിൽ കൂടുതൽ കുട്ടികൾക്ക് ചികിത്സ നൽകി വരുന്നുണ്ട്.

10. 2018 ൽ ഈ അവാർഡ് Dr.Fred Mednick നു നൽകപ്പെട്ടു. ഇദ്ദേഹത്തിന്റെ സംഘടന വിദ്യാഭ്യാസ മേഖലയിൽ വളരെ സ്തുത്യർഹമായ പല പ്രവർത്തനങ്ങളും കാഴ്ചവെച്ചിട്ടുണ്ട്.

11. 2019 ൽ ഈ അവാർഡ് സ്വിറ്റ്സർലാന്റിലെ Mrs. Barbara Hofmann നു നൽകുകയുണ്ടായി. ഇവർ അലൊ എന്ന പേരിൽ ഒരു സംഘടനയ്ക്കു രൂപം നൽകിക്കൊണ്ട് പട്ടിണിപ്പാവങ്ങളായ കുട്ടികളുടെ വിദ്യഭ്യാസത്തിനും അവരെ ദാരിദ്യത്തിൽ നിന്നു മോചിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്നു. ഇതുവരേയും 18,000 കുട്ടികൾക്ക് അവരുടെ സേവനം ലഭിച്ചിട്ടുണ്ട്.

12. 2020 ൽ അയർലാന്റ് സ്വദേശിനിയായ Mrs. Adi Roche ഈ അവാർഡിന് അർഹയായി. റഷ്യയിലെ ചെർനോബിൽ ആണവാപകടത്തിനു ശേഷം ഇവർ മനുഷ്യാവകാശധ്വംസനത്തിന് ഇരയായിട്ടുള്ള കുട്ടികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനുമായി പ്രവർത്തിക്കുന്നു.

13. 2022 ൽ ജപ്പാനിലെ ഹിറോഷിമയുടെ മുൻ മേയർ Dr. Tadatoshi Akiba ഈ അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം വളരെക്കാലമായി ആണവായുധ

നിർമാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ്.

14. 2023 ൽ ഇംഗ്ലണ്ടിലെ Mr. David Spurdle നാണു ഈ അവാർഡ് നൽകപ്പെട്ടത്. അദ്ദേഹത്തിന്റെ സംഘടന കഴിഞ്ഞ മുപ്പതു വർഷത്തിനിടയിൽ അയ്യായിരത്തിൽ പരം കുട്ടികൾക്കായി ക്ഷേമ പദ്ധതികൾ നടപ്പിൽവരുത്തുകയുണ്ടായി.

**പാർലമെന്റുകളിലെ ഹുദൂറിന്റെ പ്രസംഗങ്ങൾ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹു തആലയെ ഒരു ലോക മതനേതാവെന്ന പരിഗണയിൽ വിവിധ വൻ ശക്തികളെന്നറിയപ്പെടുന്ന രാജ്യങ്ങളുടെ പാർലമെന്റുകളിലേയ്ക്കും പ്രതിനിധി സഭകളിലേയ്ക്കും മറ്റു അധികാര കേന്ദ്രങ്ങളിലേയ്ക്കും അവരെ അഭിസംബോധന ചെയ്യുന്നതിനായി ക്ഷണിക്കാറുണ്ട്. ഇത്തരത്തിലുള്ള ബഹുമതി ഇതുവരെയും ഒരു മുസ്‌ലിം മത നേതാവിനും ലഭിച്ചിട്ടുണ്ടായിരുന്നില്ല. ഇത് അഹ്മദിയ്യാ ഖിലാഫത്തിനു അല്ലാഹു നൽകുന്ന പിന്തുണയും സഹായവും ഗാംഭീര്യവുമാണ് പ്രകടമാക്കുന്നത് എന്നു വേണം നാം മനസ്സിലാക്കാൻ. ഇത്തരത്തിൽ ഹുദൂർ നടത്തിയ ചില പ്രസംഗങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഖിലാഫത്ത് ജുബ്ലിയുടെ ചരിത്ര മുഹുർത്തത്തിൽ 2008 ഒക്റ്റോബർ 22ാം തിയ്യതി ബ്രിട്ടീഷ് പാർലമെന്റിന്റെ ഹൗസ് ഓഫ് കോമൺസിൽ പാർലിമെന്റ് അംഗങ്ങളേയും രാഷ്ട്രീയ നേതാക്കളേയും വിവിധ വകുപ്പു മേധാവികളേയും മാധ്യമ പ്രതിനിധികളേയും അഭിസംബോധന ചെയ്തു കൊണ്ട് ലോകത്ത് യുദ്ധമുണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളെകുറിച്ചും അതിനെ ഇല്ലാതാക്കാൻ ഇസ്‌ലാം നൽകുന്ന പോംവഴികൾ എന്തൊക്കെയാണെന്നും ഹുദൂർ തന്റെ പ്രസംഗത്തിൽ വിവരിക്കുകയുണ്ടായി.

2. 2012 ൽ ജർമ്മനിയുടെ കോബ്ലൻസ് (Koblenz) പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന മിലിറ്ററി ഹെഡ് ക്വാർട്ടറിൽ 'ദേശസ്നേഹം വിശ്വാസത്തിന്റെ ഭാഗം' എന്ന വിഷയത്തെ ആസ്പദമാക്കി ഹുദൂർ പ്രസംഗിക്കുകയുണ്ടായി. പ്രസ്തുത പ്രസംഗത്തിൽ ഇസ്‌ലാംമത സ്ഥാപകരായ മുഹമ്മദ് നബി(സ)യുടെ അദ്ധ്യാപനമനുസരിച്ച് ഒരു അഹ്മദി മുസ്‌ലിം ഏതൊരു രാജ്യത്ത് വസിക്കുന്നോ ആ രാജ്യത്തോടു കൂറും ഭയഭക്തിയും പുലർത്തുന്നവനായിരിക്കുമെന്നു പ്രസ്താവിക്കുകയുണ്ടായി.

3. 2012 ൽ ഹുദൂർ കാപ്പിറ്റൽ ഹിൽ വാഷിങ്ടൺ ഡി.സിയിൽ ഉന്നത സ്ഥാനീയരായ കോൺഗ്രസ് മെമ്പർമാരേയും സെനറ്റ് അംഗങ്ങളേയും അംബാസഡർമാരേയും നയതന്ത്ര പ്രതിനിധികളേയും വൈറ്റ് ഹൗസ് സ്റ്റാഫ് അംഗങ്ങളേയും മാധ്യമ പ്രവർത്തകരേയും പെന്റഗൺ പ്രതിനിധികളേയും മത നേതാക്കളേയും അഭിസംബോധന ചെയ്തു കൊണ്ട് ലോക രാജ്യങ്ങൾക്കിടയിൽ നീതിയിൽ അധിഷ്ഠിതമായ ബന്ധം ഊട്ടി ഉറപ്പിക്കുന്നതിന്റെ ആവശ്യകതളേയുംക്കുറിച്ചു സംസാരിക്കുകയുണ്ടായി. ആ അവസരത്തിൽ ഹുദൂറിന്റെ ബഹുമാനാർത്ഥം ഹുദൂറിനു സ്വാഗതമോതിക്കൊണ്ട് ഒരു പ്രമേയം (resolution) പാസാക്കുകയും അതിൽ ലോക സമാധാനത്തിനും നീതിക്കും ബലപ്രയോഗം ഇല്ലായ്മ ചെയ്യുന്നതിനും മനുഷ്യാവകാശവും മതസ്വാതന്ത്ര്യവും നിലനിർത്തുന്നതിനുമായി ഹുദൂർ ചെയ്യുന്ന പരിശ്രമങ്ങളെ പ്രശംസിക്കുകയുണ്ടായി.

4. 2012 ഡിസംമ്പർ മൂന്ന് നാല് തിയ്യതികളിൽ ഹുദൂർ ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിൽ യൂറോപ്യൻ പാർലമെന്റ് സന്ദർശിക്കുകയും അംഗങ്ങളുമായി കൂടിക്കാഴ്ച്ച നടത്തുകയും ചെയ്തു. ഹുദൂർ അവിടെ സന്നിഹിതരായിരുന്ന 30 രാജ്യങ്ങളിലെ 350 പ്രതിനിധികളെ അഭിസംബോധന ചെയ്തു കൊണ്ട് രാജ്യങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസവും ബന്ധവുമാണു യഥാർഥ സമാധാനത്തിന്റേയും സുരക്ഷയുടേയും താക്കോൽ എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിക്കുകയുണ്ടായി.

5. 2013 ജൂൺ 13-ാം തിയ്യതി ഹുദൂർ ബ്രിട്ടീഷ് പാർലമെന്റ് ഹൗസ് ലണ്ടനിൽ 'ഇസ്‌ലാം സമാധാനത്തിന്റേയും സ്നേഹത്തിന്റേയും മതം' എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിക്കുകയുണ്ടായി. ആ അവസരത്തിൽ 30 പാർലമെന്റ് മെമ്പർമാരും 12 ഹൗസ് ഓഫ് ലോഡ്സ് അംഗങ്ങളും ധാരാളം മന്ത്രിമാരും മാധ്യമ പ്രതിനിധികളും മറ്റ് ഉന്നത ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

6. 2013 നവംമ്പർ 4-ാം തിയ്യതി ഹുദൂർ ന്യൂസിലാണ്ട് നേഷണൽ പാർലമെന്റിനെ അഭിസംബോധന ചെയ്ത് 'ലോക സമാധാനം കാലത്തിന്റെ ആവശ്യം' എന്ന വിഷയത്തെപ്പറ്റി പ്രസംഗിക്കുകയുണ്ടായി. ആ അവസരത്തിൽ പാർലമെന്റ് അംഗങ്ങൾക്കു പുറമെ, ഗവൺമെന്റ് ഓഫീസർമാരും നയതന്ത്ര പ്രതിനിധികളും ഗവേഷകരുമായിട്ടുള്ള ധാരാളം പേർ സന്നിഹിതരായിരുന്നു.

7. 2015 ഒക്റ്റോബർ 6-ാം തിയ്യതി ഹുദൂർ ഹോളണ്ടിൽ വെച്ച് ഡച്ച് നേഷനൽ പാർലമെന്റിന്റെ വിദേശകാര്യ വകുപ്പിന്റെ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗത്തിൽ 'സമകാലീന വൃത്താന്തങ്ങളും ഇസ്‌ലാം നൽകുന്ന സമാധാന അദ്ധ്യാപനങ്ങളും' എന്ന വിഷയസംബന്ധമായി പ്രസംഗിക്കുകയുണ്ടായി. ഇതിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നൂറോളം പ്രതിനിധികളും അംബാസഡർമാരും സന്നിഹിതരായിരുന്നു.

8 2016 ഒക്റ്റോബർ 17-ാം തിയ്യതി കനേഡിയൻ പാർലമെന്റിൽ 'ലോക സമാധാനത്തിന് ഇസ്‌ലാമികാ ദ്ധ്യാപനങ്ങൾ' എന്ന വിഷയ

സംബന്ധമായി ഹുദൂർ പ്രസംഗിക്കുകയുണ്ടായി. ഈ പരിപാടിയിൽ ആറു മന്ത്രിമാരും 57 നേഷണൽ പാർലമെന്റ് അംഗങ്ങളും പതിനൊന്നു രാജ്യങ്ങളുടെ അംബാസഡർമാരും വിവിധ മതനേതാക്കളും മാധ്യമ പ്രവർത്തകരും അടക്കം 225ൽ കൂടുതൽ പേർ പങ്കെടുത്തിട്ടുണ്ടായിരുന്നു

9 2019 ഒക്റ്റോബർ 8-ാം തിയ്യതി ഹുദൂർ പാരീസിലെ യുനെസ്ക്കോ ബിൽഡിംങ്ങ് സന്ദർശനത്തിനായി പോയിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ 'യുനെസ്ക്കോയുടെ അടിസ്ഥാന ലക്ഷ്യം, ഇസ്ലാമികാദ്ധ്യാപനങ്ങൾ, സമൂഹത്തിന്റെ പൊതുനന്മക്കായി ഇസ്‌ലാം നൽകുന്ന സദാചാര ചിന്തകൾ' എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കുകയുണ്ടായി.

ഹുദൂർ ഇമാം ജമാഅത്തഹ്മദിയ്യാ മൂന്നാം ലോകയുദ്ധം സംഭവിക്കാതിരിക്കാനും ലോകത്തെ യുദ്ധ ഭീഷണിയിൽ നിന്നു രക്ഷിക്കാനുമായുള്ള പരിശ്രമത്തിന്റെ ഭാഗമായി ലോകത്തിലെ വിവിധ രാജ്യങ്ങൾ സന്ദർശിക്കുകയും രാഷ്ട്രത്തലവന്മാർ, അംബാസഡർമാ,ർ നയതന്ത്ര പ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, പ്രസ്സ് ആന്റ് മീഡിയാ പ്രതിനിധികൾ, മത നേതാക്കൾ ജീവിതത്തിന്റെ മറ്റു വ്യത്യസ്ഥ തുറകളിൽ പ്രവർത്തിക്കുന്ന ഉന്നതർ എന്നിവരുമായി കൂടിക്കാഴ്ച്ച നടത്തുകയും അവിടങ്ങളിലെ ചടങ്ങുകളിൽ ധാരാളമായി പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ വിവരങ്ങൾ ഇതോടൊപ്പം വിശദമായി ചേർത്താൽ ലേഖനം കൂടുതൽ ദീർഘിച്ചു പോകുമെന്നന്നതിനാൽ അതൊഴിവാക്കുകയാണ്. അതിന്റെ ചെറിയൊരു മാതൃകയെന്നോണമാണ് മുകളിൽ ഹുദൂർ നടത്തിയ പ്രസംഗങ്ങളെക്കുറിച്ച് വിവരിച്ചത്.

**രാഷ്ട്രത്തലവന്മാർക്കു കത്തുകളും സമാധാനം നില നിർത്താനുള്ള ക്ഷണവും**

യുദ്ധമുണ്ടാകാതിരിക്കാൻ തങ്ങളുടെ സ്വാധീന ശക്തി ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹു തആല വൻശക്തികളെന്നറിയപ്പെടുന്ന രാഷ്ട്രത്തലവന്മാർക്കും മത നേതാക്കൾക്കും കത്തുകളയച്ചിട്ടുണ്ടായിരുന്നു. ആ കത്തുകളിൽ സ്വാധീന ശക്തിയുള്ള രാഷ്ട്രത്തലവന്മാരോട് മറ്റു രാജ്യങ്ങളുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചും അത്തരം രാജ്യങ്ങളോട് മാന്യമായി പെരുമാറുന്നതിനെക്കുറിച്ചും പരസ്പരമുള്ള തർക്കങ്ങളും കലഹങ്ങളും സമാധാനപരമായി പരിഹരിക്കുന്നതിനെക്കുറിച്ചും ലോകത്ത് ഇപ്പോൾ നടക്കുന്ന യുദ്ധങ്ങൾ അവസാനിപ്പിക്കാൻ ആവശ്യമായതു ചെയ്യാൻ പരിശ്രമിക്കണമെന്നും ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഇത്തരത്തിൽ താഴെ പറയുന്ന ലോകനേതാക്കൾക്ക് കത്തുകളയക്കുകയുണ്ടായി. കത്തുകളയച്ച തിയ്യതി ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു.

1. പോപ്പ് ബെനെഡിക്റ്റ് XVI വത്തിക്കാൻ

2. ബിൻ യാമിൻ നെത്തൻയാഹൂ, ഇസ്റായീൽ പ്രധാന മന്ത്രി (26.02.2012)

3. മിസ്റ്റർ ശിമോൻ പേരസ്, ഇസ്റായീൽ പ്രസിഡന്റ്

4. മിസ്റ്റർ മഹ്മൂദ് അഹ്മദി നജാദ്, പ്രസിഡന്റ് ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ (7.3.2012)

5. മിസ്റ്റർ ബറാക് ഒബാമ, പ്രസിഡന്റ് യുനൈറ്റഡ് സ്റ്റെയിറ്റ്സ് ഓഫ് അമേരിക്ക (08.03.2012)

6. മിസ്റ്റർ സ്റ്റീഫൻ ഹാർപർ, പ്രധാന മന്ത്രി കനഡ (08.03.2012)

7. സൗദി രാജാവ്, അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസീസ് (28.03.2012)

8. ചൈനീസ് പ്രധാനമന്ത്രി വെൻ ജിയാ ബാഉ (09.04.2012)

9. ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ (15.04.2012)

10. ജർമൻ ചാൻസ്ലർ അംഗെലാ മർകൽ (15.04.2012)

11. ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസിസ് ഹൊലാണ്ടെ (16.05.2012)

12. ക്യൂൻ എലിസബത്ത്, ബക്കിംങ്ങ്ഹാം പാലസ് ലണ്ടൻ (19.04.2012)

13. ഇറാൻ സുപ്രീം ലീഡർ ആയത്തുല്ലാഹ് സയ്യദ് അലി ഹുസൈനി ഖാമിനയി (14.05.2012)

14. മിസ്റ്റർ വ്ളാദിമിർ പുതിൻ, പ്രസിഡന്റ് ഓഫ് റഷ്യ (18.09.2013)

മത നേതാക്കളിൽ ഇറാന്റെ സുപ്രീം ലീഡർ ആയത്തുല്ലാഹ് സയ്യദ് അലി ഹുസൈനി ഖാമിനയിക്കും ക്രിസ്തു മതത്തിന്റെ ആത്മീയ നേതാവായ പോപ്പിനും കത്തയച്ചുകൊണ്ട് ലോകത്തിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികളനുസരിച്ച് ലോകം ഒരു മഹായുദ്ധത്തിന്റെ ഭാഗത്തേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നും അതിനാൽ തങ്ങളുടെ സ്വാധീന ശക്തി ഉപയോഗിച്ച് അതിനെ തടയേണ്ടതു നമ്മുടെ കടമയാ ണെന്നും ആ നേതാക്കളെ ഹുദൂർ ഓർമിപ്പിക്കുകയുണ്ടായി.

ലോക സൂപ്പർ പവറായ അമേരിക്കയുടെ പ്രസിഡന്റ് ബറാക്ക് ഒബാമയെ അഭിസംബോധന ചെയ്തുകൊണ്ട് ഹുദൂർ പറഞ്ഞു, ഇന്നു ലോകത്തിന്റെ ചലനം ശ്രദ്ധിച്ചാൽ ഒരു മഹായുദ്ധത്തിനു തുടക്കം കുറിച്ചതായി ആർക്കും തന്നെ മനസ്സിലാകും. ലോകത്തിലെ ചെറുതും വലുതുമായ വിവിധ രാജ്യങ്ങൾ ആണവായുധങ്ങൾ കൈയടക്കി വച്ചിട്ടാണുള്ളത്. അതുകാരണം ആ രാജ്യങ്ങളുടെ പരസ്പരമുള്ള ശത്രുതയും വിദ്വേഷവും പകയും പാരമ്യത്തിലെത്തിയിരിക്കുകയാണ്. ഇനി ഒരു യുദ്ധമുണ്ടായാൽ തീർച്ചയായും ആണവായുധങ്ങളും പ്രയോഗിക്കപ്പെട്ടേക്കാം. ഇതൊക്കെ തന്നെ നമ്മൾ രണ്ടാം ലോക മഹായുദ്ധത്തിനു ശേഷവും നീതിന്യായ വ്യവസ്ഥിതിയെക്കുറിച്ച് വേ

ണ്ട വിധം ഗൗരവത്തോടെ ചിന്തിക്കാത്തതിന്റേയും പ്രവർത്തിക്കാത്തതിന്റേയും ഫലമാണെന്ന് ഹുദൂർ ഓർമ്മപ്പെടുത്തുകയുണ്ടായി.

ഹുദൂർ ഇത്തരത്തിൽ ശാന്തിയും സമാധാനവും ലോകത്തു നിലനിർത്തുന്നതിനായി ചെയ്തു കൊണ്ടിരിക്കുന്ന പ്രയത്നങ്ങൾ കാരണം അഹ്മദിയ്യാ ഖലീഫയെ പല രാജ്യങ്ങളും 'ചാമ്പ്യൻ ഓഫ് പീസ്' (സമാധാന പരിത്രാണകൻ) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ◉

പേജ് 9 ൽ നിന്ന്

മനുഷ്യൻ സ്വന്തം കാലിൽ എഴുന്നേറ്റ് നില്ക്കുകയും നന്മ ചെയ്യാനുള്ള ഒരു ശക്തി അവനിൽ സംജാതമാകുകയും ചെയ്യു ന്നതാണ്.

തൗബയെക്കുറിച്ച് വിശദീകരിച്ചു കൊണ്ട് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'അറബി നിഘണ്ടുകളിൽ തൗബയുടെ അർഥം മടങ്ങുക എന്നതാണ്. ഇക്കാരണം കൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമമായി 'തവ്വാബ്' എന്നു വന്നിരിക്കുന്നത്. അതായത്, വളരെയധികം കാരുണ്യത്തോടെ മടങ്ങുന്നവൻ. മനുഷ്യൻ തന്റെ പാപങ്ങളെ വിട്ടകന്നുകൊണ്ട് സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അതിലുപരിയായി അവനിലേക്കു മടങ്ങുന്നു.

യഥാർഥ തൗബയുടെ നിബന്ധനകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറഞ്ഞു: യഥാർഥ തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ട്. ദുഷ്ചിന്തകളിൽ നിന്നും തന്റെ മനസ്സിനെ ശുദ്ധമാക്കുക എന്നതാണ് ഒന്നാമത്തേത്. രണ്ടാമത്തെ കാര്യം, തെറ്റായ കാര്യം ചെയ്യുകയോ തിന്മയിലേക്ക് ശ്രദ്ധ തിരിയുകയോ ചെയ്താൽ പശ്ചാത്തപിക്കുകയും ലജ്ജിക്കുകയും ചെയ്യേണ്ടതാണ്. താൻ ഇനി ആ തിന്മകൾ ചെയ്യുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക എന്ന താണ് മൂന്നാമത്തെ നിബന്ധന. ഇതിൽ നിലനില്ക്കാൻ പൂർണമായ ഇച്ഛാശക്തിയും ദുആയും ഉണ്ടാവണം. അങ്ങനെ യായാൽ, ഈ തിന്മകൾ ഇല്ലാതാകുകയും നന്മകൾ അതിന്റെ സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നതാണ്.

ഇസ്തിഗ്ഫാറും തൗബയും മുഖേന തീയിൽനിന്ന് രക്ഷ പ്രാപിക്കുമെന്ന് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: തൗബ മുഖേന മനുഷ്യന്റെ ദീനും ദുൻയാവും മനോഹരമായിത്തീരുന്നു. അല്ലാഹു പറയുന്നു: **റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.** അല്ലാഹുവേ, ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും സുഖ ക്ഷേമങ്ങൾ നല്കുകയും തീയിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ. വാസ്തവത്തിൽ റബ്ബനാ എന്ന പദത്തിൽത്തന്നെ തൗബയിലേക്ക് ഗഹനമായ ഒരു സൂചനയുണ്ട്. എന്തെന്നാൽ, റബ്ബനാ എന്ന പദം ആവശ്യപ്പെടുന്നത് താൻ നിശ്ചയിച്ചുവെച്ചിട്ടുള്ള മറ്റു റബ്ബുകളെയെല്ലാം വിട്ടകന്ന് യഥാർഥ റബ്ബിലേക്ക് വന്നിരിക്കുന്നു എന്നാണ്. യഥാർഥമായ വേദനയും നീറ്റലുമില്ലാതെ ഈ പദം ഹൃദയത്തിൽനിന്ന് നിർഗളിക്കാവതല്ല. അല്ലാഹുവിനെ തങ്ങളുടെ റബ്ബായി മനസ്സിലാക്കിയവർക്ക് മാത്രമേ അങ്ങനെ ദുആ ചെയ്യാൻ സാധി ക്കുകയുള്ളു. അവരുടെ നാഥന്റെ മുൻപിൽ മറ്റു റബ്ബുകളെല്ലാം ഒന്നുമല്ലെന്ന് അവർക്കുറപ്പുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: തീ കൊണ്ടുദ്ദേശിക്കുന്നത് ഖിയാമത്തുനാളിലെ തീ മാത്രമല്ല; ദീർഘ കാലം ജീവിതം കഴിച്ചു കൂട്ടുന്നവർക്ക് ലോകത്ത് ആയിരക്കണക്കിന് തീ കാണാവുന്നതാണ്. വിശ്വാസി ദുആ ചെയ്യുന്നത്, എല്ലാവിധ തീയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ; ഞങ്ങൾ നിന്നെ അഭയം പ്രാപിച്ചിരിക്കുന്നു; മനുഷ്യജീവിതം കാഠിന്യമേറിയതാക്കുന്ന അഗ്നിക്കു തുല്യമായ പ്രയാസങ്ങളിൽ നിന്ന് രക്ഷ നല്കിയാലും എന്നാണ്.

ഈ ദുആ ജമാഅത്ത് അധികമായി ചൊല്ലണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്[അ] ഒരിക്കൽ ഉപദേശിച്ചിരുന്നു. **റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.** അതു കൊണ്ട് അല്ലാഹു നമ്മെ അവന്റെ കാരുണ്യത്തിലെടുത്തു കൊണ്ട് ഈ ലോകത്തെയും പരലോകത്തെയും എല്ലാവിധ തീയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇക്കാര്യത്തിലേക്ക് നാം ശ്രദ്ധ തിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: അല്ലാഹു ഖുർആനിൽ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: മനുഷ്യരേ, എന്നെപ്പറ്റി നിങ്ങൾ നിരാശരാകരുത്. ഞാൻ റഹീമും കരീമും സത്താറും ഗഫൂറുമാകുന്നു. നിങ്ങളോട് ഏറ്റവുമധികം കരുണ കാണിക്കുന്നവനാകുന്നു. ഞാൻ ചെയ്യുന്നതു പോലെ മറ്റാരും നിങ്ങൾക്ക് കരുണ ചെയ്യുന്നതല്ല. എന്നിലേക്ക് മടങ്ങുന്നവൻ എന്റെ കവാടങ്ങൾ തുറന്നിരിക്കുന്നതായി കാണുന്നതാണ്. തൗബ ചെയ്യുന്നവന്റെ പാപങ്ങൾ, അത് പർവതങ്ങളെക്കാളധികമാണെങ്കിലും, ഞാൻ പൊറുത്തു കൊടുക്കുന്നു. എന്റെ കാരുണ്യം നിങ്ങളിൽ കൂടുതലും കോപം കുറവുമാണ്. എന്തെന്നാൽ, നിങ്ങളെന്റെ സൃഷ്ടികളാണ്. ഞാൻ നിങ്ങളെ സൃഷ്ടിച്ച തിനാൽ എന്റെ കാരുണ്യം നിങ്ങളെയെല്ലാം വലയം ചെയ് തിരിക്കുന്നു.

അല്ലാഹു നമുക്ക് അവനിലേക്ക് ആത്മാർഥമായി തിരിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവനോടുള്ള തഖ്‌വ സ്വായത്തമാക്കുന്നവരാക്കട്ടെ. അവന്റെ കാരുണ്യത്തിൽ സദാ ഭാഗഭാക്കാകുന്നതിനു വേണ്ടി ഈമാനിലും ദൃഢവിശ്വാസ ത്തിലും മുന്നേറുന്നവരാക്കട്ടെ. അവന്റെ കാരുണ്യം ലഭിക്കാതെ സ്വന്തം ദുഷ്കർമങ്ങളാൽ ശിക്ഷയ്ക്കു പാത്രമാകുന്ന സാഹചര്യം ഒരിക്കലും ഉണ്ടാക്കാതിരിക്കട്ടെ. ദൈവകാരുണ്യത്തിന്റെ തണൽ സദാ നമ്മിൽ വർഷിക്കുമാറാകട്ടെ. ◉

# വിവാഹ മോചനവും ഇസ്‌ലാമും

വിവാഹ മോചനം വേദനാ ജനകമാണ്. നിരവധി ഉപാധികളുള്ള സമയ ബന്ധിത പ്രക്രിയയാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമങ്ങൾ. ആ നിയമങ്ങൾ വിവാഹ മോചനത്തെ സ്വയം ദുർബലപ്പെടുത്തി അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിലേക്ക് വരാൻ നിർബന്ധിക്കുന്നവയാണ് .മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യബന്ധത്തിന്ന് ഏറ്റവും കുറഞ്ഞ ആഘാത മേൽപ്പിക്കുന്ന രീതിയിലാണ് ഇസ്‌ലാം വിവാഹ മോചന നിയമങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ലേഖനത്തിന്റെ **രണ്ടാം ഭാഗം**

**എ. എം മുഹമ്മദ് സലീം**

### മൂന്നാമത്തെ ത്വലാഖ് അഥവാ തിരിച്ചെടുക്കാൻ പറ്റാത്ത ത്വലാഖ്

*'പിന്നീട് (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹ ബന്ധം വേർപെടുത്തിയെങ്കിൽ അതിന്ന് ശേഷം അവനല്ലാതെ മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപ്പെടുത്തുകയും ചെയ്യുന്നത്വരെ അവൾ അവന് അനുവദനീയ മാവുകയില്ല. പിന്നെ ആ (രണ്ടാമത്തെ) ആൾ അവളെ വിവാഹ മോചനം ചെയ്തു കഴിഞ്ഞാൽ (വിവാഹ ബന്ധത്തിലേക്ക്) അവർ അന്യോന്യം തിരിച്ചു വരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല.'* (2:232)

പുരാതന കാലത്ത് അറബികൾ നിരവധി തവണ ഇഷ്ടമുള്ളപ്പോഴെല്ലാം ത്വലാഖ് ചൊല്ലുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്യുമായിരുന്നു. 'ഈലാഅ്' എന്ന ഈ സമ്പ്രദായ ത്തെ കുറിച്ച് നേരത്തെ പ്രതിപാദിച്ചിരുന്നുവല്ലോ? ഹ: ആയിശ റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇങ്ങനെ നൂറു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുക്കുകയും സ്ത്രീകൾക്ക് ബന്ധം വിഛേദിച്ച് മറ്റൊരു ഭർത്താവിനെ തിരഞ്ഞെടുക്കാൻ അവസരം നിഷേധിച്ച് അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്ന സംഭവം വിവരിക്കുന്നു. ഇസ്‌ലാം അങ്ങനെ തിരിച്ചെടുക്കാവുന്ന ത്വലാഖ് രണ്ടായി ചുരുക്കി. മൂന്നാമത് തിരിച്ചെടുക്കണമെങ്കിൽ ആ സ്ത്രീ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന് നിബന്ധന വെച്ചു. വിവാഹം കുട്ടിക്കളിയല്ലെന്നും അത് ഗൗരവമേറിയ ഉറച്ച ബന്ധമാണെന്നും ഇസ്‌ലാം ഈ ഉപാധി മുഖേന പ്രഖ്യാപിക്കുന്നു.

തിരിച്ചെടുക്കാവുന്ന റദ്ദാക്കാവുന്ന വിവാഹ മോചനം രണ്ട് പ്രാവശ്യമാണെന്നും (അത്ത്വലാഖു മർറത്താൻ) പറഞ്ഞതിന് ശേഷം അതായത് ഒരു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുത്തു. വിവാഹ ജീവിതം തുടരവേ മറ്റൊരവസരത്തിൽ വീണ്ടും ത്വലാഖ് ചൊല്ലി പിന്നെയും തിരിച്ചെടുത്തു. അതിന്ന് ശേഷം മൂന്നാമതും ത്വലാഖ് ചെല്ലുകയാണെങ്കിൽ രണ്ട് തവണ ചൊല്ലി തിരിച്ചെടുത്തത് പോലെ അവളെ തിരിച്ചെടുക്കാൻ സാദ്ധ്യമല്ല. അവൾ മറ്റൊരാളെ വിവാഹം ചെയ്ത് സ്വാഭാവികമായ രീതിയിൽ അതും പ്രശ്ന വശാൽ ത്വലാഖ് ചൊല്ലി ബന്ധവിഛേദം നടത്തിയാലോ അല്ലെങ്കിൽ ഭർത്താവ് മരണപ്പെട്ടാലോ മാത്രമേ മൂന്ന് തവണ ത്വലാഖ് ചൊല്ലിയ ഭർത്താവിന്ന് വീണ്ടും അവളെ വിവാഹം ചെയ്യാൻ പാടുള്ളൂ.

### മുത്ത്വലാഖും ഹലാലയും

സാധാരണ മുസ്‌ലിംകൾ റസൂൽ തിരുമേനി(സ)യുടെ സുന്നത്തിന്ന് വിരുദ്ധമായി മൂന്ന് ത്വലാഖും ഒരുമിച്ചു ചൊല്ലി മൊഴി ചെല്ലാറുണ്ട്. ഇത് പാടില്ലാത്തതും കുറ്റകരവുമാണെന്ന് റസൂൽ തിരുമേനി(സ) യുടെ സുന്നത്തിൽ നിന്നും വളരെ വ്യക്തമാണ്. മൂന്നോ അതിലധികമോ ത്വലാഖ് ഒരേ ശ്വാസത്തിൽ ചൊല്ലിയാൽ തന്നെ അവ ഒന്നായി മാത്രമേ പരിഗണിക്കൂ. ഇബ്നു അബ്ബാസിൽ നിന്നും നിവേദനം: 'റുകാനത്തിന്റെ ഭാര്യയെ ഒറ്റയിരുപ്പിൽ മൂന്ന് തവണ ത്വലാഖ് ഒന്നിച്ചു ചൊല്ലി. അക്കാരണത്താൽ ഭാര്യ കഠിനമായി ദുഖിച്ചു. പരാതിയുമായി നബി(സ)യുടെ അടുത്തെത്തി എങ്ങനെയാണ് ത്വലാഖ് ചൊല്ലിയതെന്ന് നബി(സ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഒറ്റയിരുപ്പിൽ മൂന്നും ചൊല്ലി. അപ്പോൾ നബി(സ) അരുളി: അത് ഒന്ന് മാത്രമാണ് ആകയാൽ നീ ഉദ്ദേശിക്കുന്നുവെങ്കിൽ അവളെ തിരിച്ചെടുക്കുക.'(അബൂദാവൂദ്)

കോപാവേശത്താൽ മൂന്ന് തവണ ഒറ്റടിക്ക് ത്വലാഖ് ചൊല്ലി(മുത്ത്വലാഖ്). പിന്നീട് വീണ്ടു വിചാരമുണ്ടായി അവളെ തന്നെ വിവാഹം കഴിക്കുന്ന സംഭവമുണ്ടാകാറുണ്ട്. വാസ്തവത്തിൽ അത് ഒരു ത്വലാഖാണ്. അങ്ങനെ വീണ്ടും അവളെ നികാഹ് ചെയ്യണമെങ്കിൽ അവൾ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന് നിബന്ധനയുള്ള പ്രസ്തുത ഖുർആൻ ആയത്ത് തടസ്സമായി നിൽക്കുന്നു. അതിനെ മറിക്കടക്കാൻ അവളെ കൂലി കൊടുത്തേൽപ്പിക്കുന്ന മറ്റൊരാളെ ക്കൊണ്ട് വിവാഹം കഴിപ്പിച്ച് ഒരു ദിവസം സഹവസിപ്പിച്ച് നിർബന്ധ പൂർവ്വം ത്വലാഖ് ചൊല്ലുന്നു. ഖുർആന്റെ ചൈതന്യത്തിന്ന് വിരുദ്ധമായ ഈ കടുത്ത ദുരാചാരത്തെയാണ് 'ഹലാല' അഥവാ ചടങ്ങിനിരിക്കൽ എന്ന് പറയുന്നത്. ഇത് തികച്ചും അനിസ്‌ലാമികമായ ദുരാചാരമാണ്. മുത്ത്വലാഖും ഹലാലയും

ദുരാചാരത്തിന്റെ ഇരട്ട സന്താന ങ്ങളാണ്. ചടങ്ങിനിരിക്കുന്നവനെയും അതിന്ന് ശ്രമിക്കുന്നവനെയും ശ പിച്ചിരിക്കുന്നു എന്ന് റസൂൽ തി രുമേനി(സ) പറഞ്ഞിട്ടുണ്ട്.

## ഖുൽഅ്

ത്വലാഖ് പുരുഷൻ മുൻ കൈ യ്യെടുത്ത് നടത്തുന്ന വിവാഹ മോചന മാണെങ്കിൽ സ്ത്രീയുടെ അപേക്ഷ പ്രകാരം നടത്തപ്പെടുന്ന വിവാഹ മോചനമാണ് ഖുൽഅ്. ഖുർആൻ പറയുന്നു: *'അല്ലാഹുവിന്റെ നിയമ പരിധികളെ പാലിക്കാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്ത് നൽകിക്കൊണ്ട് അവൾ (ഭാര്യ) വിവാഹ മോചനം നേടു ന്നുവോ അതിലവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമ പരിധികളാണവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്.'* (2:230)

സ്ത്രീകൾ തങ്ങളുടെ ആവശ്യ പ്ര കാരം പുരുഷനിൽ നിന്ന് വിവാഹ മോചനം നേടുമ്പോൾ ആ കാര്യ ത്തിൽ മൂന്നാമതൊരു അധികാര സ്ഥാപനത്തിന്റേയോ ഖാളിയുടെ യോ ഇടപെടൽ ഉണ്ടാവണമെന്ന് ഈ വചനം വ്യക്തമാക്കുന്നു. ഭാര്യ, ഭർത്താവിന്റെ കൂടെ ജീവിക്കാൻ ഇഷ്ടപ്പെടാതിരിക്കുകയും ഭർത്താ വ് ത്വലാഖ് നൽകാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ ഭാര്യ മുൻ കൈയ്യെടുത്ത് നടത്തുന്ന വിവാഹ മോചനമാണ് ഖുൽഅ്. ഇതിന്ന് ഒരു മൂന്നാം കക്ഷിയുടെ ഇടപെടൽ ആവശ്യമായി വരുന്നു. അതായത് സ്ത്രീ ഈയൊര പേക്ഷ പ്രസ്തു ത അധികാര സ്ഥാപനത്തിന്നാണ് സമർപ്പിക്കേണ്ടത്. സ്ത്രീയുടെ ആ വശ്യ പ്രകാരമാണ് വിവാഹ മോച നം നടക്കുന്നത് എന്നതിനാൽ അവർ പുരുഷനിൽ നിന്ന് സ്വീകരിച്ച മഹറും മറ്റ് സമ്മാനങ്ങളും പുരു ഷന്ന് തിരിച്ചു വാങ്ങാവുന്നതാണ് ഒരിക്കലും അതി ലധികമാകാൻ പാ ടില്ല. റസൂൽ തിരുമേനി(സ) ഖുൽഅ് ചെയ്യാൻ സ്ത്രീകളെ തടസ്സമില്ലാ തെ അനുവദിച്ചതായി കാണാം. സൽസ്വഭാവിയായിരുന്നെങ്കിലും വിരൂപനായ സാബിത്ത്ബ്നു ഖൈസ്(റ)യിൽനിന്നും വിവാഹ മോചനം നേടിയ ജമീല ബിൻത് സുനൂലി(റ)ന്റെ ചരിത്രം ഹദീസുക ളിൽ രേഖപ്പെട്ടു കിടക്കുന്നു. റസൂൽ തിരുമേനി(സ) ജമീല(റ)നോട് ചോ ദിച്ചു: നിങ്ങൾ അദ്ദേഹത്തിൽ നിന്ന് എന്താണ് വാങ്ങിയത്? ഒരു തോട്ടമാണെന്ന് അവർ പറഞ്ഞു എന്നാൽ അത് മടക്കിക്കൊടുത്തു കൂടെ? എന്ന് നബി തിരുമേനി(സ) അന്വേഷിച്ചു. അതെയെന്ന് അവർ ഉത്തരം നൽകി. റസൂൽ തിരുമേനി(സ) ഖൈസിനോട് പറഞ്ഞു: തോട്ടം സ്വീകരിച്ചു കൊള്ളൂക. അവളെ ഒരു തവണ വിവാഹ മോചനം നട ത്തുകയും ചെയ്യുക.*(ബുഖാരി)*

ഇവിടെ ഭർത്താവിന്റെ വൈരൂ പ്യം കാരണം അദ്ദേഹത്തോട് അ തൃപ്തിയുണ്ടാവുകയും ആ അതൃ പ്തി ഭർത്താവിനോടുള്ള കടമകൾ നിർവ്വഹിക്കാൻ പറ്റുമോ എന്ന ഭയത്തിൽ നിന്നുമാണ് ജമീല ബിൻത് സുലൂൽ, ഖുൽഅ് ആവ ശ്യപ്പെടുന്നത്. നേരത്തെ ഹദീസിൽ പറഞ്ഞത് പോലെ രുചിനോക്കി നടക്കുന്ന ശീലമുള്ള സ്ത്രീ ആയത് കൊണ്ടല്ല. റസൂൽ തിരുമേനി(സ) സൗ ന്ദര്യത്തിന്റെ തത്വശാസ്ത്രമോ, വൈരൂപ്യത്തെ ഇഷ്ടപ്പെടാത്തത് ശരിയല്ല എന്ന രീതിയിലുള്ള ഗുണദോഷങ്ങളൊന്നും ഈ അവ സരത്തിൽ അവരോട് പറഞ്ഞിട്ടി ല്ല. എന്ന കാര്യവും പ്രത്യേകം ഓർ ക്കേണ്ടതാണ് . പ്രത്യേകം ഓർമി ക്കേണ്ടതാണ്. ഖുൽഅ്, ത്വലാഖ് പോലെ വെറുക്കപ്പെട്ട ഒന്നാ ണെന്ന് റസൂൽ തിരുമേനി(സ) ഉപ ദേശിച്ചിരുന്നു.

## ഫസ്ഖ്

ഭാര്യയുടെ അവകാശങ്ങൾ നി ഷേധിക്കുകയും അതേസമയം വിവാഹ മോചനം നൽകാതിരിക്കുക യും ചെയ്യുന്ന ഭർത്താക്കന്മാരിൽ നിന്നുമുള്ള വിവാഹ മോചനമാണ് ഫസ്ക്. അത്പോലെ തിരിച്ച് ഭർത്താവിനും ഭാര്യയിൽ നിന്നും പ്രത്യേക കാരണങ്ങളാൽ വിവാഹ മോചനം നേടാവുന്നതാണ്. അത് ഒരു നീതി പീഠത്തിന് മുമ്പിൽ അല്ലെങ്കിൽ ഖാസിയുടെ മുമ്പിൽ പരാതി സമർപ്പിച്ചതിന് ശേഷം ഖാ സിയോ നീതി പീഠമോ അതിന്റെ ന്യായാന്യായതകൾ പരിശോധിച്ച് ദാമ്പത്യ ബന്ധവിഛേദനം അനു വദിക്കുന്നതിനെയാണ് സാങ്കേതി കമായി ഫസ്ക് ചൊല്ലുക എന്ന് ഇസ്‌ലാമിക കർമ്മശാസ്ത്ര പ്രകാരം പറയുന്നത്. അതിന് ചില പ്രത്യേക കാരണങ്ങൾ നിജപ്പെടുത്തിയിട്ടുണ്ട്.

ഭർത്താവിനെ കാണാതാവുക, അനിശ്ചിതമായ കാലയളവിൽ ജ യിലിലാവുക ദാമ്പത്യജീവിതത്തിൽ ലൈംഗിക ബന്ധം ഇല്ലാതിരിക്കുക, ഭർത്താവിന് ഗുരുതരമായ പകർച്ച വ്യാധി പിടിപെടുക, ഭർത്താവ് നി ത്യരോഗിയായിരിക്കുക, സ്ത്രീ പ്രാ യപൂർത്തിയാകാതെയുള്ള വിവാ ഹം, അതുപോലെ സ്ത്രീ അഗമ്യഗ മനപരമായി (Incestuous marriage) ബന്ധുക്കൾ തമ്മിലുള്ള വിവാഹം മുതലായ കാരണങ്ങളാൽ ഭർത്താ വിനും ഭാര്യയെ കോടതി മുഖാന്തി രം ദാമ്പത്യ ബന്ധം വിഛേദിക്കാൻ അപേക്ഷിക്കാവുന്നതാണ്. ഇങ്ങ നെ ഭർത്താവ് ഫസ്ക് ചെയ്ത് കോ ടതി വിവാഹ ബന്ധ വിഛേദനം അനുവദിച്ചാൽ തലാഖിൽ നിന്നും വ്യത്യസ്തമായി മഹർ തിരിച്ചു നൽ കേണ്ടതില്ല.

ഖലീഫ ഉമർ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിരഹിണിയായ ഒരു ഭാര്യ തന്റെ വിധിയെ പഴിച്ച് ചൊല്ലി ക്കൊണ്ടിരുന്ന ശോക നിർഭ രമായ ഒരു കവിത കേൾക്കുകയു ണ്ടായി. അവളുടെ വിവരങ്ങൾ അ ന്വേഷിച്ചു ദീർഘകാലമായി ഭർത്താ വ് തന്നിൽ നിന്നകന്നതിനാൽ അ വൾ അസംതൃപ്തയായിരുന്നു. ഉമർ(റ) അവൾക്ക് ഫസ്ഖിനുള്ള അ നുവാദം കൊടുത്ത സംഭവം പ്ര

സിദ്ധമാണ്. വിരഹിണിയായ ഭാര്യ എത്ര കാത്തിരിക്കണമെന്ന് അവളുടെ സഹനവും ക്ഷമയുമായി ബന്ധപ്പെട്ട കാര്യമാണ്. നിയമപരമായി ചുരുങ്ങിയത് 4 മാസം മാത്രമേ വിട്ടു നിൽക്കാൻ പാടുള്ളൂ. എന്ന് ഇലാഅ് (ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന പ്രതിജ്ഞ) സംബന്ധിച്ച ഖുർആന്റെ വിധിയിൽ പറഞ്ഞിരിക്കുന്നു.

### ഉപസംഹാരം

മനുഷ്യന്റെ ജീവിത പ്രശ്നങ്ങളെ ഏറ്റവും സത്യസന്ധമായും നീതിപൂർവ്വകമായും കൈകാര്യം ചെയ്യുന്ന മതമാണ് ഇസ്‌ലാം. ആവശ്യമാണെങ്കിൽ പുരുഷനെ പോലെ സ്ത്രീക്കും ഇസ്‌ലാമിൽ വിവാഹ മോചനാവകാശം അനുവദിക്കുന്നു. അതുകൊണ്ടു തന്നെ ഇസ്‌ലാം പുരോഗമനപരമാണ്. എന്തായാലും വിവാഹ മോചനം വേദനാ ജനകമാണ്. മനുഷ്യ വർഗ്ഗത്തിൽ നിന്ന് തന്നെ പരസ്പരപൂരകമായി സൃഷ്ടിച്ച ഇണയെന്ന് അല്ലാഹു വിശേഷിപ്പിച്ച് ബന്ധമാണ് ഇവിടെ മനുഷ്യൻ പരാജയപ്പെടുത്തുന്നത്. മാനുഷിക വൈകല്യങ്ങളുടെയും ധർമ്മ വിലോപങ്ങളുടേയും അനിവാര്യ യാഥാർത്ഥ്യം എന്ന നിലയിൽ ആവശ്യമായി വരുമ്പോൾ ഇസ്‌ലാം അത് അംഗീകരിക്കുകയും അതിന്റെ ഓരോ ഘട്ടത്തിലും അനുരഞ്ജനത്തിന്നുള്ള അതിസൂക്ഷ്മമായ ഉപാധികൾ വെക്കുകയും ചെയ്യുന്നു.

മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യബന്ധങ്ങൾക്ക് ഏറ്റവും കുറച്ച് ആഘാതമേൽപ്പിക്കുന്ന രീതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ളതാണ് ഇത് സംബന്ധിച്ച ഇസ്‌ലാമിക നിയമങ്ങൾ, ധാർമികതയുടെ ഉദാത്തമായ മാനങ്ങൾ കൊണ്ട് അവ അനുഗ്രഹീതങ്ങളാണ്. മുസ്‌ലിംങ്ങളും പൊതു സമൂഹവും ഇസ്‌ലാമിലെ വിവാഹ മോചന നിയമങ്ങളുടെ മാനവീയതയുടെ സന്ദേശം തിരിച്ചറിയപ്പെടേണ്ടതുണ്ട്.

പേജ് 25 ൽ നിന്ന്

ന്ധപ്പെട്ട ആരോഗ്യം നിലനിർത്തുന്നുണ്ട്. ഈത്തപ്പഴോല്പന്നങ്ങൾ അഥവാ അവയുടെ പോളിഫെനോൽ അംശങ്ങൾ ഹൃദയ രക്ത ധമനികളെ മെച്ചപ്പെടുത്തുന്നു.

### ഈത്തപ്പഴം സന്താനോല്പാദനശേഷി വർദ്ധിപ്പിക്കുന്നു

ചില പഠനങ്ങൾ നിർദ്ദേശിക്കുന്നത് ഈത്തപ്പനക്ക് വിശാലമായ രോഗശമന ഗുണങ്ങളുണ്ടെന്നാണ്. അത് പുരുഷന്മാരിലും സ്ത്രീകളിലും സന്താനോല്പാദനശേഷി വർദ്ധിപ്പിക്കുന്നു. പുരുഷന്മാരിൽ അസന്നിദ്ധമായി ഹോർമോണൽ വിധാനത്തിൽ സ്വാധീനം ചെലുത്തുന്നു. പുരുഷബീജത്തിന്റെ എണ്ണം, സ്വയം ജീവനക്ഷമത എന്നിവയിലും സ്വാധീനം ചെലുത്തുന്നു. പ്രത്യുല്പാദനത്തിൽ നിർണ്ണായകമായ അണ്ഡകം ബലപ്പെടുത്തൽ, ഹോർമോൺ നിയന്ത്രണം, ഗർഭാവസ്ഥയെ ശക്തിപ്പെടുത്തൽ എന്നിവക്ക് ഈത്തപ്പഴം നല്ല വാഗ്ദാനം നൽകുന്നു. പ്രസവവേദന കുറയ്ക്കുന്നു.

### നിങ്ങളുടെ ഭക്ഷണത്തിൽ ഈത്തപ്പഴം ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

ഈത്തപ്പഴം നിങ്ങളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ വളരെ എളുപ്പമാണ്. ആ ഭക്ഷണം വളരെ രുചികരവുമായിരിക്കും. ഈത്തപ്പഴത്തിന് ബഹുമുഖമായ പ്രയോജനം ഉണ്ട്. ഈത്തപ്പഴം മുറിച്ചു കട്ടത്തൈരിലോ (Yogurt) ഓട്ട്മീലിലോ ചേർക്കാം. അതിന്റെ സിറപ്പ് ചുട്ടെടുക്കുന്ന പദാർത്ഥങ്ങളിൽ മധുരം ചേർക്കാനായി ഉപയോഗിക്കാം. ഒരുപിടി ഈത്തപ്പഴം ലഘുഭക്ഷണമായി കൈയ്യിലൊതുക്കാവുന്നതാണ്. ഈത്തപ്പഴത്തിൽ ഉയർന്ന സ്വഭാവിക മധുരവും കലോറിയുമുണ്ട്.

### ഉപസംഹാരം

ശ്രദ്ധേയമായ ഒരു കാര്യമെന്തെന്നാൽ, ശാസ്ത്രീയ ഗവേഷണം നടത്തുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ തിരുനബി(സ) ഈത്തപ്പഴം കഴിക്കാനും ഔഷധമായി ഉപയോഗിക്കാനും ശുപാർഷ ചെയ്തിരുന്നു. എന്നിരുന്നാലും ഈത്തപ്പഴത്തിന്റെ കാര്യക്ഷമമായ ഘടകങ്ങളും അതിന്റെ ഔഷധവീര്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് പരിമിതമാണ്.

ഗവേഷണ ഫലമനുസരിച്ച് ഈത്തപ്പന വിപുലമായ രീതിയിലുള്ള ജൈവസംയുക്തങ്ങൾ അടങ്ങിയതാണ്. അതിൽ ഫ്ളാനോയിഡുകളും ഫിനോലിക്ക് ആസിഡും ആന്റി ഓക്സിഡന്റും ആന്റി ഇൻഫ്ളമേറ്ററി ഗുണങ്ങളുമുണ്ട്. ഈ സംയുക്തങ്ങളുടെ ആരോഗ്യപരമായ പ്രയോജനം ഈത്തപ്പനയുമായി ബന്ധപ്പെട്ടതാണ്. ബഹുമുഖ പ്രയോജനകരമായ ഈത്തപ്പഴം സ്വയം ഭക്ഷിക്കാവുന്നതാണ്. വൈവിധ്യമാർന്ന ഭക്ഷണച്ചേരുവകളിലും ഉപയോഗിക്കാവുന്നതാണ്. ഊർജ്ജം നിലനിർത്താനും ദഹനത്തിനും ആരോഗ്യം വർദ്ധിപ്പിക്കാനും ഈത്തപ്പഴം പ്രയോജനപ്പെടുന്നു. ഈത്തപ്പഴത്തിന്റെയും സമ്പുഷ്ടമായ പോഷകാഹാരത്തിന്റെയും സമ്പന്ന ചരിത്രമുള്ളതിനാൽ ഈത്തപ്പഴം ആയിരകണക്കിന് വർഷങ്ങളായി പല സംസ്ക്കാരങ്ങളിലും ഇടംനേടിയതിൽ അത്ഭുതപ്പെടാനില്ല.

റമദാനിൽ നോമ്പുമുറിക്കാൻ മുസ്‌ലീകൾ ഈത്തപ്പഴം തിന്നുമ്പോൾ ദീർഘകാലമായ ഒരു ചര്യ അനുഷ്ഠിക്കുക മാത്രമല്ല, പോഷകമൂല്യവും ആരോഗ്യകരവുമായ ഭക്ഷണം കഴിക്കുകയാണ്. അതുകൊണ്ട് അടുത്ത തവണ ഒരു മധുരം കഴിക്കാൻ വിചാരിച്ചാൽ ഒരു കൈ നിറയെ ഈത്തപ്പഴം എടുക്കുക. നിങ്ങളുടെ ശരീരം നിങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നതാണ്.

# ഗസ്സ യുദ്ധത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ത്?

കഴിഞ്ഞ് ഏഴ് പതിറ്റാണ്ടുകളായി സ്വന്തം നാട്ടിൽ അഭയാർത്ഥികളെ പോലെ ജീവിക്കുന്നവരാണ് പലസ്തീനികൾ. പതിനഞ്ച് മാസമായി ഗസ്സയിലെ കുഞ്ഞുങ്ങളും സ്ത്രീകളുമടങ്ങുന്ന ഫലസ്തീനികളെ ഇസ്റയേലിനു വേണ്ടി അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ചേർന്ന് ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും ബോംബ് വർഷിച്ചും വെടിവെച്ചും അമ്പതിനായിരത്തോളം ഫസ്തീനികളെയാണ് കൊന്നൊടുക്കിയത്. 2023 ഒക്ടോബർ 7 ന് ആരംഭിച്ച ഇസ്റയേലി ഹമാസ് യുദ്ധം 2025 ജനുവരി 19 ന് ഖത്തർ പ്രധാന മന്ത്രി ശൈഖ് അബ്ദുർ റഹ്മാൻ ആൽഥാനിയുടെ മദ്ധ്യസ്ഥതയിൽ ഇസ്റയേലും ഹമാസുമായി നടത്തിയ ചർച്ചയിലാണ് വെടിനിർത്തൽ പ്രഖ്യാപനം നിലവിൽ വന്നത്. അത് എത്രത്തോളം പ്രതീക്ഷ നൽകുമെന്ന് ആർക്കും ഒരിക്കലും ഉറപ്പിച്ച് പറയാൻ സാദ്ധ്യമല്ല. കരാർ ലംഘനവും അക്രമവും ഇസ്റയേലിന്റെ ജനിതക ഘടനയിലുള്ളതാണ്. അത് ഒരു നയവും കലയുമായി അവർ വളർത്തിക്കൊണ്ട് വന്നിരിക്കുന്നു. അതിനൊരു ഉദാഹരണമാണ് ജനുവരി 19 ന് ഗസ്സയിൽ ഇസ്റയേലും ഹമാസുമായി വെടിനിർത്തൽ കരാർ നിലവിൽ വന്നതിന് ശേഷം പിറ്റേ ദിവസം ജനുവരി 20 ന് വെസ്റ്റ് ബാങ്കിലെ ജെനിൻ അഭയാർത്ഥി ക്യാമ്പിൽ ഇസ്റയേൽ നടത്തിയ അക്രമം. അവിടെ വെടിവെപ്പിൽ 7 ഫലസ്തീനികൾ കൊല്ലപ്പെട്ടു. 35 ഓളം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ നിരന്തരം കരാർ ലംഘനം നടത്തുകയും നിയമം അനുസരിക്കാതിക്കുകയും ചെയ്യുന്ന ഇസ്റയേലിൽനിന്ന് ലോകത്തിന് സമാധാനം പ്രതീക്ഷിക്കാൻ പറ്റുമോ? നിരപരാധികളും നിസ്സഹായരും നിരായുധരുമായ ഫലസ്തീൻ സിവിൽ ജനതക്ക് മേൽ ഇത്ര ക്രൂരമായ നരമേധങ്ങൾ നടത്തിയിട്ടും ഫലപ്രദമായ യാതൊരു പ്രതികരണവും നടത്താതെ ലോകം നോക്കി നിൽക്കുകയുണ്ടായി. ഇതിനകം മരവിച്ചു കഴിഞ്ഞ ലോക മനസ്സാക്ഷി ഈ നീതി രാഹിത്യത്തിന് തീർച്ചയായും ചരിത്രത്തോട് മറുപടി പറയേണ്ടിവരും!

അതീവ സുരക്ഷിതമായ ഇസ്റയേലിന്റെ സുരക്ഷാ ഭിത്തിയിലുണ്ടായ ഒരു വീഴ്ച്ച ഉപയോഗിച്ചാണല്ലോ 2023 ഒക്ടോബർ 7 ന് ഹമാസ് തീവ്രവാദികൾ പൊടുന്നനെ ഇസ്റയേലിൽ കടന്നു കയറി 1,195 പേരെ വെടിവെച്ച് കൊല്ലുകയും 251 പേരെ ബന്ദികളാക്കി ഗസ്സയിലേക്ക് കൊണ്ടു പോകുകയും ചെയ്തത്. ആ ബന്ദികളെ മോചിപ്പിക്കാനായിരുന്നു ഇസ്റയേൽ അതിഘോരമായി ബോംബ് വർഷം നടത്തി അരലക്ഷം പേരെ കൂട്ടകുരുതി നടത്തിയത് എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ഇസ്റയേലിന്റെ ലക്ഷ്യം ബന്ദികളെ മോചിപ്പിക്കൽ മാത്രമായിരുന്നില്ല. അങ്ങിനെയായിരുന്നെങ്കിൽ അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും അറബ് രാജ്യങ്ങളുടെയും പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണയുള്ള ഇസ്റയേലിന് അത് നയതന്ത്രവഴിയിൽ സാദ്ധ്യമായേനെ. ഈ യുദ്ധം അവരുടെ രാഷ്ട്ര വികസനത്തിന്റെ ബൃഹത്തായ പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിക്കും.

ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ട് പ്രകാരം ഗസ്സയിലെ മിക്കവാറും എല്ലാ വീടുകളും പാർപ്പിട സമുച്ചയങ്ങളും കല്ലിന്മേൽ കല്ല് അവശേഷിക്കാത്ത നിലയിൽ പൂർണ്ണമായും ഒരു കൽകൂമ്പാരമായി പൂർണ്ണമായും നശിപ്പിക്കപ്പെടുകയോ വളരെ ചുരുക്കം ഭാഗികമായി അവശേഷിക്കുകയുമാണ് ചെയ്യുന്നത്. 80 ശതമാനം വാണിജ്യ സ്ഥാപനങ്ങളും നശിപ്പിക്കപ്പെട്ടു. 88 ശതമാനം സ്കൂൾ കെട്ടിടങ്ങളും 50 ശതാമനം ആശുപത്രികളും 68 ശതമാനം റോഡുകളും 68 ശതമാനം കൃഷിഭൂമിയും നശിപ്പിക്കപ്പെട്ടു. വെടി നിർത്തൽ കരാർ കഴിഞ്ഞ് അഭയാർത്ഥി ക്യാമ്പുകളിൽ നിന്നും തിരിച്ചെത്തിയ ഫലസ്തീനികൾക്ക് ഗസ്സയിൽ ജീവിക്കാൻ സാദ്ധ്യമല്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു. വാസ്തവത്തിൽ ഇസ്റയേൽ ഈ യുദ്ധം കൊണ്ട് ഉദ്ദേശിച്ചത് തദ്ദേശീയരായ ഫലസ്തീനികളെ ഒഴിപ്പിച്ച് കൊണ്ടുള്ള ഗ്രേറ്റർ ഇസ്റായേൽ സ്ഥാപിക്കുക എന്നതാണ്. അത് യഹോവ നൽകിയ വാഗ്ദാനവും പാലിക്കാൻ സയണിസത്തിന്റെ നിഗൂഢ പദ്ധതിയാണ്,

ഈ യുദ്ധത്തിൽ ഹമാസിന്റെയും ഇറാൻ തീവ്രവാദി സംഘടനയായ ഹിസ്ബുല്ലയുടെയും നേതൃത്വങ്ങളെ ഏറെ കുറെ കൊന്ന് നിർവ്വീര്യമാക്കി. കാര്യമായ ചെറുത്ത് നിൽപ്പ് ഇല്ലാത്ത വിധം ഹിസ്ബുല്ല കേന്ദ്രീകരിച്ചിരുന്ന ലെബനോനെയും ഇസ്റയേൽ നിശബ്ദമാക്കിയിരിക്കുന്നു. ഇതിൽ ഏറ്റവും പ്രധാനമായത് ഇസ്റയേലിന്റെ അയൽ രാജ്യമായ സിറിയയിൽ ഉണ്ടായ അത്ഭുതകരമായ ഭരണ മാറ്റമാണ്. വിമത സേനാ നേതാവ് അബു മുഹമ്മദ് അൽ ജൂലാനിയുടെ നേതൃത്വത്തിൽ ഹൈഅത്ത് തഹ്‌രീർ അശ്ശാം (എച്ച് ടി എസ് ) എന്ന സായുധ ജിഹാദ് സംഘമാണ് സിറിയയിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ബശ്ശാറുൽ അസദിന്റെ ഭരണകൂടം പിടിച്ചെടുത്തത്. എച്ച് ടി എസ് മു

ന്നേറ്റത്തിനു മുമ്പിൽ സിറിയ പ്രതിരോധമൊന്നുമില്ലാതെ ബശ്ശാർ അധികാരം ഉപേക്ഷിച്ച് റഷ്യയിൽ അഭയം തേടുകയാണുണ്ടായത്. റഷ്യയുടെ ഉറച്ച പിന്തുണയിൽ ശക്തനെന്ന് ലോകം കരുതിയിരുന്ന ബശ്ശാറുൽ അസദ് വാലും മടക്കി റഷ്യയിലേക്ക് പലായനം ചെയ്യുകയും റഷ്യ അനങ്ങാപാറ നയം സ്വീകരിക്കുകയുമാണ് ചെയ്തത്. നാം ബാഹ്യദൃഷ്ടിയിൽ കാണുന്ന് കാര്യങ്ങളല്ല, ഇവിടെ നടപ്പാകുന്നത്. നിഗൂഢമാർഗ്ഗങ്ങളിലുള്ള നയതന്ത്രങ്ങളാണ് അവസാനം കാര്യങ്ങൾ തീരുമാനിക്കുക,

ഇപ്പോൾ ഇസ്റയേൽ ആഗ്രഹിക്കുന്നതെന്തും സാദ്ധ്യമാക്കി കൊടുക്കുന്ന ഡൊണാൾഡ് ട്രെംപ് എന്ന അപ്രവചനീയ സ്വഭാവമുള്ള അസ്ഥിരനായ ഒരു 78 കാരനാണ് ലോക വൻശക്തിയായ അമേരിക്കയിൽ അധികാരത്തിൽ വന്നിരിക്കുന്നത്. അമേരിക്കൻ തിരഞ്ഞെടുപ്പിൽ യഹൂദന്മാർക്ക് പ്രാമുഖ്യമുള്ള വൻ കോർപറേറ്റുകളുടെ നിർലോഭമായ പിന്തുണ ട്രംപിനുണ്ടായിരുന്നു.

അദ്ദേഹം യുദ്ധം ഇഷ്ടപ്പെടാത്ത ഒരാളാണ് അതുകൊണ്ട് ട്രംപ് വന്ന ഉടനെ ഗസ്സയിൽ വെടിനിർത്തൽ ഉണ്ടാവുമെന്നും സമാധാനം പുലരുമെന്നുമായിരുന്നു പ്രചാരണം. പക്ഷേ ജനുവരി 20 ന് അദ്ദേഹം നടത്തിയ പ്രസ്താവനയിൽ ഗസ്സയിലെ വെടി നിർത്തലിൽ തനിക്ക് ആത്മവിശ്വാസമില്ല എന്നാണ് പറഞ്ഞത്. ഒരു ചോദ്യത്തിന് ഉത്തരമായിട്ടാണ് ട്രംപ് ഇത് പറഞ്ഞത്. അദ്ദേഹത്തിന്റെ സൂചനകളിൽ ഗസ്സയിൽ സമാധാന ജീവിതം അകലെയാണെന്നാണ്. അമേരിക്കയിൽ ട്രംമ്പ് ജയിക്കാൻ ഒരു കാരണം ജോ ബൈഡൻ ഗസ്സ യുദ്ധത്തിൽ ഇസ്റയേലിനൊപ്പം അണിനിരന്ന് ഫലസ്തീനികളെ കൊന്നൊടുക്കുന്നതിൽ കൂട്ടു പ്രതിയായിരുന്നു എന്ന വിമർശനമായിരുന്നു. അമേരിക്കൻ യൂണിവേഴ്സിറ്റികളിലും യുവാക്കളിലും ഇത് ഡമോക്രാറ്റുകൾക്കെതിരെ വൻ പ്രതിഷേധത്തിന് കാരണമായി. ട്രംപ് ഇലക്ഷൻ സമയത്ത് സമാധാന പ്രിയനാണ് യുദ്ധ വിരോധിയാണ് ഗസ്സ യുദ്ധം ട്രംപ് അവസാനിപ്പിക്കും എന്നെല്ലാം പ്രചാരണമുണ്ടായി. അതിനായി ഹമാസുമായി ഒരു തട്ടിക്കൂട്ടുകരാർ ഉണ്ടാക്കുകയും ചെയ്തു. ഇപ്പോൾ ട്രംപ് പറയുന്നത് ഗസ്സ യുദ്ധം അവസാനിക്കുമെന്ന് തോന്നുന്നില്ല എന്നാണ്. നെതന്യാഹുവിന്റെയും ഇസ്റയേലിന്റെയും താൽപര്യങ്ങൾക്ക് ചട്ടുകമായി വർത്തിക്കുമെന്ന ഉറപ്പിലായിരിക്കണം ട്രംപ് അമേരിക്കൻ പ്രസിഡണ്ട് പോലും ആയത്. ഇസ്റയേൽ സ്വാധീനം അത്രക്ക് അമേരിക്കക്ക് മേൽ ശക്തമാണ്. ട്രംപ് ഇസ്റായേലിന് വേണ്ടി നടത്തിയ മറ്റൊരു വഞ്ചനാപരമായ പ്രസ്താവന ഗസ്സയിൽ യുദ്ധത്തിൽ കുമിഞ്ഞു കൂടിയ കെട്ടിടാവശിഷ്ടങ്ങൾ വൃത്തിയാക്കാൻ ഫലസ്തീനികളെ ഗസ്സയിൽ നിന്നും ഈജിപ്തും ജോർദ്ദാനും ഏറ്റെടുക്കണമെന്നാണ്. ജോർദ്ദാനിലെ അബ്ദുല്ലാ രാജാവിനോട് ട്രംമ്പ് ഈ അഭ്യർത്ഥന നടത്തിക്കഴിഞ്ഞു. അടുത്ത ദിവസം ഈജിപ്ഷ്യൻ പ്രസിഡണ്ട് അബ്ദുൽ ഹത്താ അൽ സീസിയോടും ട്രംമ്പ് ഈ അഭ്യർത്ഥന നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ഗസ്സയിൽ നിന്നും പുറത്ത് പോയാൽ പിന്നെ അവർക്ക് ഒരിക്കലും ജന്മദേശത്തേക്ക് തിരിച്ചു വരാൻ സാദ്ധ്യമല്ല എന്ന കാര്യം ഉറപ്പാണ്. ഹമാസും ഫലസ്തീനിയൻ അതോറിറ്റിയും ഈ നിർദ്ദേശത്തെ കഠിനമായി അപലപിക്കുകയുണ്ടായി. അവർ നടത്തിയ ഈ യുദ്ധത്തിന്റെ ലക്ഷ്യം വിശാല ഇസ്റായേൽ രൂപീകരണമാണെന്നാണ് സൂചന ലഭിക്കുന്നത്.

വികടനായ ഈ അമേരിക്കൻ പ്രസിഡണ്ടിന്റെ നയങ്ങൾക്കെതിരെ 140 കോടി കത്തോലിക്കാ ക്രിസ്ത്യാനികളുടെ ആത്മീയ നേതാവായ മാർപ്പാപ്പ രൂക്ഷമായ വിമർശനമാണ് നടത്തിയത്. ട്രംമ്പ് കുടിയേറ്റക്കാരെ അമേരിക്കയിൽ നിന്നും പുറത്താക്കുമെന്ന് പറഞ്ഞതിനെയാണ് മാർപ്പാപ്പ വിമർശിച്ചത്. യൂറോപ്പിൽ നിന്നും ലോക രാജ്യങ്ങളിൽ നിന്നും വിദൂരമായ അമേരിക്കയിൽ കുടിയേറ്റക്കാരായി വന്ന് തദ്ദേശവാസികളായ റെഡ് ഇന്ത്യക്കാരെ കൂട്ടത്തോടെ കൊന്നൊടുക്കിയും ബാക്കിയുള്ളവരെ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തുമാണ് അമേരിക്ക യൂറോപ്യൻമാർ കൈയ്യടക്കിയത്. അതാണ് മാർപ്പാപ്പ കുടിയേറ്റക്കാരെ പുറത്താക്കുന്നത് നന്ദികേടാണെന്ന് പറഞ്ഞത്. ഒരു ഇറ്റാലിയൻ ടി വിക്ക് അനുവദിച്ച അഭിമുഖത്തിലായിരുന്നു പാപ്പായുടെ വിമർശനം. ട്രംപ് അദ്ദേഹത്തിന്റെ പദ്ധതിയുമായി മുന്നോട്ടു പോയാൽ അത് തികഞ്ഞ നന്ദികേടായിരിക്കും എന്നാണ് മാർപ്പാപ്പ പറഞ്ഞത്. ഒന്നും കൈയ്യിലില്ലാത്ത കുടിയേറ്റക്കാർ അടയ്ക്കാത്ത ബില്ല് അടയ്ക്കേണ്ടി വരും, അത് പ്രായോഗികമല്ല. നിങ്ങൾ ഈ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കരുതെന്നും മാർപ്പാപ്പ അമേരിക്കയെ താക്കീത് ചെയ്തു.

ട്രംപ് എല്ലാ ജനാധിപത്യ മൂല്യങ്ങളെയും വെല്ലു വിളിച്ചു കൊണ്ട് മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തെ കൈയൂക്കിന്റെ ഭാഷയിൽ വെല്ലുവിളിക്കുന്നത് കാണുക. അതായത് ഗ്രീൻലന്റ്, പനാമ കനാൽ, കാനഡ എന്നീരാജ്യങ്ങൾ അമേരിക്കയുടെതാണെന്ന അങ്ങേയറ്റത്തെ പ്രകോപനപരമായ അവകാശവാദമാണ് ഇയാൾ ഉന്നയിച്ചിരിക്കുന്നത്. ഒരു പരമാധികാര രാജ്യം തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് പറയുന്നത് എത്രമാത്രം ധിക്കാരമാണ്. അമേരിക്ക വീണ്ടു മഹത്തയ രാജ്യമാകുമെന്ന മുദ്രാവാക്യം വെള്ള വംശീയതയും കടുത്ത വലത് പക്ഷ ദേശീയ വാദത്തിനും ഫാസിസത്തിനും യോജിച്ച മുദ്രാവാക്യങ്ങളാണ്. ജനാധിപത്യത്തിന് മഹത്തായ ഉള്ളടക്കം നൽകിയ അബ്രഹാം ലിങ്കന്റെ കസേരയിലിരുന്ന് ഇദ്ദേഹം അതിന് ഘടക വിരുദ്ധമായ വാദമുഖങ്ങൾ തട്ടിവിടുന്നത്. അമേരിക്കൻ ഇസ്റയേലി കൂട്ടുകെട്ട് ലോകത്തിന് സമാധാനത്തിനു പകരം ആശങ്കയും യുദ്ധ ഭീതിയുമാണ് വിതയ്ക്കുന്നത്.

# പാകിസ്താനിൽ അഹ്മദിയ്യാ മസ്ജിദുകൾ തകർക്കൽ തുടരുന്നു.




2025 ജനുവരി 16 ന് പഞ്ചാബിലെ സിയാൽകോട്ട് ജില്ലയിൽ ഡാസ്ക എന്ന സ്ഥലത്ത് പാകിസ്താൻ രൂപീകരണത്തിന് മുമ്പ് നിർമിച്ച അഹ്മദിയ്യാ മുസ്‌ലിം മസ്ജിദ് മതസംഘടനകളുടെ പിന്തുണയോടെ പാകിസ്താൻ ഭരണകൂടം തകർക്കുകയുണ്ടായി. ദാസ്ക് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ മഹാം മുഷ്താഖിന്റെ നേതൃത്വത്തിലാണ് ബുൾഡോസർ ഉപയോഗിച്ച് മസ്ജിദ് ധ്വംസനം നടന്നത്. ഇതോടെ പാകിസ്താനിലെ പഞ്ചാബിൽ തകർക്കപ്പെടുന്ന 23-ാമത്തെ അഹ്മദിയ്യാ മസ്ജിദാണിത്. പാകിസ്താനിൽ മതസംഘടനകളുടെ പിന്തുണയോടെ ഹീനമായ രീതിയിൽ അഹ്മദിയ്യാ പീഡനം തുടരുകയാണ്. ഡാസ്കിലെ പള്ളി തകർക്കൽ സംബന്ധിച്ച് പാകിസ്താനിലെ ഏറ്റവും പ്രശസ്തമായ ഇംഗ്ലീഷ് ദിനപത്രമായ ഡോൺ പത്രത്തിൽ വന്ന റിപ്പോർട്ടാണ് താഴെ.

'അഹ്മദിയ്യാ സമൂഹത്തെ ലക്ഷ്യമിട്ടുള്ള തുടർച്ചയായ പ്രവർത്തന പരമ്പരയിലെ ഏറ്റവും പുതിയതാണ് ഈ പള്ളിപൊളിക്കൽ. 2024ൽ പഞ്ചാബിലുടനീളം അവരുടെ (അഹ്മദികളുടെ) 22 ആരാധനാലയങ്ങൾ തകർക്കപ്പെട്ടതായി ആധികാരിക ഡാറ്റകൾ കാണിക്കുന്നു.

തീവ്രവാദികളിൽ നിന്ന് ദുർബലരായ മതവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനു പകരം തങ്ങളുടെ ആരാധനാലയങ്ങൾ നശിപ്പിക്കുന്നതിൽ സർക്കാർ സ്ഥാപനങ്ങൾ തന്നെ പങ്കുവഹിക്കുകയാണെന്ന് അഹ്മദിയ്യാ വിഭാഗം ആരോപിച്ചു. അഹ്മദിയ്യാ സമൂഹത്തിലെ അംഗങ്ങൾ നിരാശയും ദുഃഖവും പ്രകടിപ്പിക്കുകയുണ്ടായി. ഭരണകൂടങ്ങൾ അഹ്മദികളുടെ സ്വത്തുക്കൾ ലക്ഷ്യമിട്ടുകൊണ്ട് നിരന്തരം ദ്രോഹപ്രവർത്തനങ്ങൾ നടത്തുകയാണെന്ന് പാകിസ്താനിലെ ജമാഅത്തെ അഹ്മദിയ്യായുടെ വാക്താവ് ആമിർ മഹ്മൂദ് പറഞ്ഞു.

അവരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനും ഭാവിയിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിനും ഉടൻ നടപടിയെടുക്കണമെന്ന് അദ്ദേഹം സർക്കാരിനോട് അഭ്യർത്ഥിച്ചു, ഈ പ്രവൃത്തികൾ ക്രിമിനൽ കുറ്റമാണെന്നും നിയമപ്രകാരം കൈകാര്യം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

പൗരസമൂഹസംഘങ്ങളും മനുഷ്യാവകാശ സംഘടനകളും മറ്റു മതനേതാക്കളും അഹ്മദിയ്യാ സമൂഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

അഹ്മദിയ്യ സമൂഹത്തിന്റെ നിർദ്ദിഷ്ട പ്രവർത്തനങ്ങളെ (ഖുർആൻ ഓതൽ, നമസ്ക്കരിക്കൽ, റമദാൻ വ്രതം, അസ്സലാമു അലൈക്കും എന്ന് ആശംസിക്കൽ മുതലായ എല്ലാ മുസ്‌ലിം ആചാരങ്ങളും) കുറ്റകരമാക്കുന്നതാണ് പാകിസ്താൻ പീനൽ കോഡിലെ 298-ബി, 298-സി വകുപ്പുകൾ. 1984 ലെ ഓർഡിനൻസിലൂടെ ഈ വ്യവസ്ഥകൾ അവതരിപ്പിക്കുന്നതിന് മുമ്പ് നിർമ്മിച്ച കെട്ടിടങ്ങൾ പൊളിക്കാൻ അംഗീകാരം നൽകുന്നില്ലെന്ന് 2023 ലെ ലാഹോർ ഹൈക്കോടതി വിധിയിൽ വ്യക്തമാക്കിയതാണ്. (Dawn, January 18)

പേജ് 21 ൽ നിന്ന്

ഹം തലചായ്ച്ചു. അദ്ദേഹത്തിന് മുകളിൽ പുതപ്പ് വിരിച്ചിരുന്നു. പിന്നീട് അത് ഉയർത്തിയപ്പോൾ അതിന് കീഴിൽ ഒന്നും ഉണ്ടായിരുന്നില്ല. ഇരുവശത്തുമുള്ള പൂക്കൾ പച്ചയായി തുടർന്നു. ഹിന്ദുക്കൾ അവരുടെത് കൊണ്ടുപോയി, മുസ്‌ലിംകൾ അവരുടെതും കൊണ്ടുപോയി.' *(ഇന്ത്യാ ഓഫീസ് എം എസ്. 1728, പേജ് 239, 240.)*

മേൽപ്പറഞ്ഞവയെല്ലാം. ഒരു അമുസ്‌ലിം ഇവാഞ്ചലിക്കൽ പുരോഹിതനാണ് എഴുതിയത്. ഒരു മുസ്‌ലിമല്ല എന്ന കാര്യം പ്രത്യേകം ഓർക്കണം. ഇസ്‌ലാമിന്റെ എതിരാളിയായ ഒരാളാണ് പ്രസ്തുത പുരോഹിതൻ. ബാബ നാനാക് തന്റെ കാലഘട്ടത്തിലെ ഹിന്ദുക്കളെ മാത്രമല്ല, മുസ്‌ലിംകളെയും ആത്മീയമായി പ്രചോദിപ്പിക്കുകയും ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളിലേക്ക് അവരുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്ത ഒരു യഥാർത്ഥ മുസ്‌ലിമായിരുന്നു എന്ന വസ്തുതയ്ക്ക് ഇതെല്ലാം സാക്ഷ്യം വഹിക്കുന്നു.

Published on 07.02.2025

Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment **The Sathyadoothan Monthly**

Vol: 97 Issue.02
Price Rs. 30/-

**വായിക്കുക, വരിക്കാരാവുക!**

# സത്യദൂതൻ

**Rs. 30/-**




ഒരു നൂറ്റാണ്ട് പിന്നിട്ട
മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**SUBSCRIBE**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
*Email : sathyadoothan1@gmail.com*
***Phone No: 9447086862 (G. Pay)***

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI

ഈ ക്യൂആർ കോഡ് ഉപയോഗിച്ച് വരിസംഖ്യ അയക്കുന്നവർ രസീതിന്റെ സ്ക്രീൻ ഷോട്ട്, പേര്, വിലാസം എന്നിവ സർക്കുലേഷൻ മാനേജർക്ക് അയച്ചു നൽകുവാൻ താൽപര്യപ്പെടുന്നു.
9995950052

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Oset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.